# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ഉദുമ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കാസറഗോഡ്-671123**

**ഇ-മെയിൽ: doksd.ksad@kerala.gov.in**
**ഫോൺ : 04994-256690**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.കെ.എസ്.ഡി.8/839/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 20/09/2025
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉദുമ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി.8/839/2025 | തീയ്യതി: 20/09/2025

**കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മണിലാൽ.വി | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2025 | 21-07-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2025 | 21-07-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.വിനോദ് കുമാർ.വി,ഓഡിറ്റ് ഓഫീസർ
ശ്രീ.എം.ബാബു.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.കെ.സി.കുഞ്ഞികൃഷ്ണൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽ കുമാർ.എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജനാർദ്ദനൻ.സി,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ലക്ഷ്മി പി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി. അനീഷ വി | സെക്രട്ടറി | 01-04-2024 | 08-10-2024 |
| ശ്രീ.കിരൺചന്ദ്.എസ്.ഡി | സെക്രട്ടറി | 09-10-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. റെജിമോൻ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 06-09-2024 |
| ശ്രീ.അജയൻ.പി | അസിസ്റ്റന്റ് സെക്രട്ടറി | 07-09-2024 | 31-03-2025 |
| ശ്രീ. ഉമേഷ് കെ.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീ. നാണുക്കുട്ടൻ കെ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. പ്രവീൺ കുമാർ കെ.സി | വി.ഇ ഒ (ഉദുമ സർക്കിൾ) | 01-04-2024 | 31-03-2025 |
| ശ്രീമതി. ഷീന പി | വി.ഇ ഒ (പാലക്കുന്ന് സർക്കിൾ) | 01-04-2024 | 31-03-2025 |
| ശ്രീമതി. അറഫ ഇ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 16-07-2024 |
| ശ്രീമതി.രമ തെക്കിനയിൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17-07-2024 | 31-03-2025 |
| ഡോ. കായിഞ്ഞി സി എം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2024 | 31-03-2025 |
| ഡോ. രതീഷ് പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ. ചന്ദ്രബാബു | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീ. അനന്തൻ.കെ.വി | പ്രധാനാധ്യാപകൻ | 01-04-2024 | 31-03-2025 |
| ശ്രീമതി.രജിമ.പി.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ. അബ്ദുൾ കുഞ്ഞി ടി.എ | ഫിഷറീസ് ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ശ്രീജ.എസ്.എൽ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 06-05-2024 |
| ഡോ.വിശ്വനാഥ്.കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 07-05-2024 | 31-07-2024 |
| ഡോ. ശ്രീജ.എസ്.എൽ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-08-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വർഷങ്ങളായി ആവർത്തിച്ചു വരുന്ന അപാകതകൾ പരിഹരിക്കപ്പെടുന്നില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | ധനകാര്യ കമ്മീഷൻ ഫണ്ട്-കണക്കുകൾ രേഖപ്പെടുത്തിയതിൽ പിശക് | 1-1-4 |
| 6 | വായ്പാ / പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | സംയുക്ത പദ്ധതികളുടെ നീക്കിയിരിപ്പ് ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | അഡ്വാൻസ്, ഡെപ്പോസിറ്റ് | 1-1-7 |
| 9 | ജേണൽ വൗച്ചറുകൾക്ക് ആധാരമായ രേഖകൾ ലഭ്യമല്ല | 1-1-8 |
| 10 | റീക്കൺസിലിയേഷനിലെ അപാകതകൾ | 1-1-9 |
| 11 | വരുമാനം രേഖപ്പെടുത്തിയതിലെ അപാകതകൾ | 1-1-10 |
| 12 | ബാധ്യതാ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-1-11 |
| 13 | ക്യാപ്പിറ്റൽ വർക്സ് ഇൻ പ്രോഗ്രസ് കണക്കുകൾ പൂർണമല്ല | 1-1-12 |
| 14 | സർക്കാർ തിരികെ നൽകാനുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-1-13 |
| 15 | ഷെഡ്യൂൾ B18-Advances And Deposits- തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-1-14 |
| 16 | ബാങ്ക് പലിശ രണ്ടു ഹെഡുകളിൽ രേഖപ്പെടുത്തി | 1-1-15 |
| 17 | കോൺട്രാ വൗച്ചറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-1-16 |
| 18 | ICDS പദ്ധതിയുടെ കേന്ദ്ര ഫണ്ട് ചെലവ് രേഖപ്പെടുത്തിയതിൽ പിശക് | 1-1-17 |
| 19 | ജേണൽ വൗച്ചറിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. | 1-1-18 |
| 20 | ലോൺ അക്കൗണ്ടിലെ പലിശ രണ്ടു ഹെഡുകളിൽ രേഖപ്പെടുത്തിക്കാണുന്നു. | 1-1-19 |
| 21 | ലൈഫ് പദ്ധതിയുടെ സംസ്ഥാന വിഹിതം രേഖപ്പെടുത്തിയതിൽ പിശക് | 1-1-20 |
| 22 | ബജറ്റ് | 1-2 |
| 23 | സാമ്പത്തിക വിശകലനം | 1-3 |
| 24 | ഫണ്ടുകളുടെ വിനിയോഗം | 1-4 |
| 25 | പദ്ധതി അവലോകനം. | 1-5 |
| 26 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 27 | ക്ഷേമപദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 28 | ക്യാഷ് ബാലൻസ് | 1-8 |
| 29 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 30 | തൊഴിൽ നികുതി - ജീവനക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ ഈടാക്കി. | 1-10 |
| 31 | പഞ്ച നക്ഷത്ര ഹോട്ടൽ കെട്ടിട നിർമ്മാണം Occupancy-യുമായി ബന്ധപ്പെട്ട അപാകതകൾക്ക് വിശദീകരണം നല്കിയിട്ടില്ല. | 1-11 |
| 32 | അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമല്ല. | 1-12 |
| 33 | ടർഫുകൾക്ക് വസ്തു നികുതി ചുമത്തിയില്ല | 1-13 |
| 34 | ജീവനക്കാരുടെ ശമ്പള നിർണ്ണയം- സർവ്വീസ് ബുക്ക് പരിശോധനയിലെ അപാകതകൾ | 1-14 |
| 35 | ഫെസ്റ്റിവെൽ അഡ്വാൻസ് യഥാ സമയം ക്രമീകരിച്ചിട്ടില്ല. | 1-15 |
| 36 | തനത് ഫണ്ട്-ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. | 1-16 |
| 37 | മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - കൃത്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-17 |
| 38 | വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ്-നിർവ്വഹണത്തിൽ അപാകത | 1-18 |
| 39 | ഡയാലിസിസ് രോഗികൾക്ക് മരുന്ന്-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു. | 1-19 |
| 40 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ -തുക മുൻകൂറായി നൽകിയിട്ടും മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല | 1-20 |
| 41 | കാർഷിക മേഖല -പദ്ധതി നിർവഹണം പൊതു നിർദേശങ്ങൾ . | 1-21 |

| | | |
|---|---|---|
| 42 | ലൈഫ് ഭവന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാത്തവരുടെ പട്ടിക | 1-22 |
| 43 | അഡ്വാൻസ് തുക കൈപ്പറ്റി ഒരു വർഷമായിട്ടും ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല | 1-23 |
| 44 | പയർ വിത്ത് വിതരണം -പദ്ധതി നടപ്പിലാക്കിയത്-സംബന്ധിച്ച് . | 1-24 |
| 45 | ജീ ബിൻ കമ്പോസ്റ്റിംഗ് യൂണിറ്റ് പദ്ധതി- കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-25 |
| 46 | പഠനമുറി നിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1-26 |
| 47 | ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ഗ്രന്ഥശാലകൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ പദ്ധതി - അപാകതകൾ | 1-27 |
| 48 | മരാമത്ത് പ്രവൃത്തികളുടെ ചെലവ് പരിശോധന- പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് നീട്ടി നൽകുന്നതിലെ അപാകതകൾ | 1-28 |
| 49 | മരാമത്ത് പ്രവൃത്തികൾ- റോഡ് പ്രവൃത്തികളിലെ ചെയിനേജ് മാറ്റം സംബന്ധിച്ച്. | 1-29 |
| 50 | മരാമത്ത് പ്രവൃത്തികൾ- ഡിസ്മാന്റിൽ ചെയ്ത സാധനസാമഗ്രികളുടെ വിൽപ്പന/ ഡിസ്പോസൽ സംബന്ധിച്ച്. | 1-30 |
| 51 | റോഡ് ടാറിംഗ്/കോൺക്രീറ്റ് പ്രവൃത്തികൾ- സ്കാരിഫൈ ചെയ്യുമ്പോൾ ലഭിക്കുന്ന സാമഗ്രികൾ സംബന്ധിച്ച് | 1-31 |
| 52 | മരാമത്ത് പ്രവൃത്തികളുടെ ചെലവ് പരിശോധന- പ്രോജക്ട് പൂർത്തിയാവാതെ പ്രവൃത്തികളുടെ ഫൈനൽ ബിൽ നൽകിയതു സംബന്ധിച്ച് | 1-32 |
| 53 | തൊഴിലുറപ്പ് പദ്ധതിയിലെ സിമന്റ് വാങ്ങൽ- മാർക്കറ്റ് നിരക്കിനേക്കാൾ അധികം നിരക്കിൽ സമാഹരണം നടത്തി | 1-33 |
| 54 | സെക്രട്ടറിയുടെ പ്രോജക്ടുകൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. | 1-34 |
| 55 | വരൾച്ച ദുരിതാശ്വാസ കുടിവെള്ള വിതരണം-അപാകതകൾ | 1-35 |
| 56 | കുടിവെള്ളക്കരം-ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) മാർഗ്ഗരേഖക്ക് വിരുദ്ധമായി ചെലവഴിച്ചു. | 1-36 |
| 57 | കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്റ്റോക്കെടുപ്പ് അപാകതകൾ | 1-37 |
| 58 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-38 |
| 59 | വൃത്തി 2025-ദി ക്ലീൻ കേരള കോൺക്ലേവ് - കൈപ്പറ്റ് ലഭ്യമാക്കിയിട്ടില്ല-25000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-39 |
| 60 | ഐ.കെ.എം.വിഹിതം നൽകൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല ₹1,40,160 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-40 |
| 61 | ജൽ ജീവൻ മിഷൻ പദ്ധതി -അവലോകനം | 1-41 |
| 62 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം -അവലോകനം | 1-42 |
| | **ഭാഗം 2** | |
| 1 | തൊഴിൽ നികുതി - ജീവനക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ ഈടാക്കി. | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-2 |
| 3 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-5 |
| 6 | വായ്പാ/ വായ്പാ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-9 |
| 10 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| | **അനുബന്ധം** | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 , സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 17.05.2025 ലെ 1/1 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കിm 19.05.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഉദുമ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൽഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൽഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൽഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയുള്ള അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്
തീയ്യതി :20.09.2025

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

### 1-1-1 വർഷങ്ങളായി ആവർത്തിച്ചു വരുന്ന അപാകതകൾ പരിഹരിക്കപ്പെടുന്നില്ല

1. ഷെഡ്യൂൾ B1-Panchayat Fund General- ഈ ഷെഡ്യൂളിൽ 310900101- Excess Of Income Over Expenditure എന്ന കണക്കിൽ 8,92,76,430 രൂപ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് പ്രകാരം 31.03.2025 ലെ ബാലൻസ് (Gross Balance Being Surplus Or Deficit Carried Over To Balance Sheet) 1,02,20,557രൂപയാണ്.

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക്

2024-25 വർഷത്തെ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക് ഉള്ളതായി കാണുന്നു. സ്റ്റേറ്റ്മെന്റ് പ്രകാരം Net Cash Generated By Operating Activities, Investing Activities And Financing Activities

(-)4,06,19,505 രൂപയാണ്. എന്നാൽ Net Increase In Cash And Cash Equivalents (-) 42,97,651രൂപയാണ്. തുകകൾ പൊരുത്തപ്പെടുന്നില്ല.

3. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

A) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (ഇ) പ്രകാരം പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജൻറ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ, തുടങ്ങിയവ ഉൾപ്പെടുന്ന അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ തയ്യാറാക്കി ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

B) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

C) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (3) പ്രകാരം സാമ്പത്തിക പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യപത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ വർഷങ്ങളായി ആവർത്തിച്ചു വരുന്നതും സംസ്ഥാന തലത്തിൽ തന്നെ സോഫ്റ്റ്‌വെയർ ക്രമീകരണത്തിലൂടെ പരിഹരിക്കപ്പെടേണ്ടതുമാണ്. എന്നാൽ സോഫ്റ്റ്‌വെയർ ദാതാക്കളുടെ ഭാഗത്തു നിന്നും ഇവ പരിഹരിക്കാനുള്ള നടപടികൾ ഉണ്ടായിട്ടില്ല.

**1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റയും മൂല്യത്തിന്റയും ആധികാരികതയും കൃത്യതയും ഉറപ്പു വരുത്താനായിട്ടില്ല.

**1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല.**

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമ പഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ അക്രൂവൽ അടിസ്ഥാനത്തിൽ വരുമാനം രേഖപ്പെടുത്തേണ്ട വസ്തുനികുതി, വാടക, ലൈസൻസ് ഫീസ്, വ്യാപാരികളിൽ നിന്നുള്ള തൊഴിൽ നികുതി എന്നീ ഇനങ്ങളുടെ ഡിമാന്റ് എൻട്രി പ്രതിമാസം തയ്യാറാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നം./തീയതി |
|---|---|---|
| 110100101 | വസ്തു നികുതി - പാർപ്പിടം | 42401013, 15-02-2025 |
| 110100102 | വസ്തു നികുതി - നോൺ റസിഡൻഷ്യൽ | 42401016, 15-02-2025 |
| 110200101 | തൊഴിൽ നികുതി - സ്ഥാപനം | 42401017, 15-02-2025<br>42401768, 31-03-2025 |
| 110200105 | തൊഴിൽ നികുതി - ട്രേഡേഴ്സ് | 42401018, 15-02-2025<br>42401770, 31-03-2025 |
| 130100101 | കെട്ടിട വാടക | 42401015, 15-02-2025 |

**1-1-4 ധനകാര്യ കമ്മീഷൻ ഫണ്ട്-കണക്കുകൾ രേഖപ്പെടുത്തിയതിൽ പിശക്**

എ) ബാങ്കിൽ നിന്നും നടത്തിയ 2024-25 ലെ ധനകാര്യ കമ്മീഷൻ ഫണ്ട് ബേസിക് + ടൈഡ് ഫണ്ട് ചെലവ് 1,63,48,224 രൂപയാണ്. എന്നാൽ ചുവടെ ചേർത്ത പ്രകാരം 1,72,68,891 രൂപയാണ് വാർഷിക കണക്കുകളിൽ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്.

| ഫണ്ട് | ജേണൽ വൗച്ചർ നം, തുക | ആകെ രേഖപ്പെടുത്തിയ ചെലവ് |
|---|---|---|
| ധനകാര്യ കമ്മീഷൻ ഫണ്ട് ബേസിക് | 42401729/31.03.2025-56,97,575 രൂപ | 1,72,68,891 രൂപ |
| ധനകാര്യ കമ്മീഷൻ ഫണ്ട്- ടൈഡ് ഫണ്ട് | 42401730/31.03.2025-1,15,71,316 രൂപ | |

വ്യത്യാസം 9,20,667 രൂപയാണ്. ഇപ്രകാരം അധികം ചെലവ് രേഖപ്പെടുത്തിയതിനാൽ ധനകാര്യ കമ്മീഷൻ ഫണ്ട് ബേസിക് + ടൈഡ് ഫണ്ട് എന്നിവയുടെ 31.03.2025 ലെ ബാലൻസ് ഷീറ്റ് പ്രകാരം ഉള്ള നീക്കിയിരിപ്പിൽ 9,20,667 രൂപ കുറവുണ്ട്.

ബി) 31.03.2024 ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-1-14 പ്രകാരം 31.03.2024 ലെ ധനകാര്യ കമ്മീഷൻ ഫണ്ട് ബേസിക് + ടൈഡ് ഫണ്ട് നീക്കിയിരിപ്പും ധനകാര്യ കമ്മീഷൻ ഫണ്ട് കൈകാര്യം ചെയ്യുന്ന ബാങ്ക് അക്കൗണ്ടിന്റെ (എസ്.ബി.ഐ-74852) ബാങ്ക് ബുക്ക് നീക്കിയിരിപ്പും തമ്മിൽ 35,198 രൂപയുടെ വ്യത്യാസം ഉള്ളത് പരാമർശിച്ചിട്ടുണ്ട്. ഈ അപാകതക പരിഹരിച്ചിട്ടില്ല. 31.03.2025 ലും ഈ വ്യത്യാസം നിലനിൽക്കുന്നുണ്ട്.

സി) ധനകാര്യ കമ്മീഷൻ ഫണ്ട് കൈകാര്യം ചെയ്യുന്ന ബാങ്ക് അക്കൗണ്ടിന്റെ (എസ്.ബി.ഐ-74852) 31.03.2025 ലെ റീക്കൺസിലിയേഷൻ പ്രകാരം 22,842 രൂപ Directly Credited By The Bank എന്ന് കാണിച്ചിട്ടുണ്ട്. എന്നാൽ ഇങ്ങനെയൊരു തുക ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ക്രഡിറ്റ് ആയിട്ടില്ല. 04.02.2025 ലെ പേമെന്റ് വൗച്ചർ നം. 22401003 പ്രകാരം 6,13,500 രൂപ പേമെന്റ് കാണിച്ചതിൽ 5,90,658 രൂപ മാത്രമേ ബാങ്കിൽ നിന്നും പേമെന്റ് ആയിട്ടുള്ളൂ. ബാക്കി 22,842 രൂപയാണ് Directly Credited By The Bank എന്ന് കാണിച്ചിട്ടുള്ളത്. തെറ്റായ വിവരണമാണ് റീക്കൺസിലിയേഷൻ പത്രികയിൽ ഉള്ളത്.

**1-1-5 വായ്പാ / പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല**

31.03.2025 ലെ ബാലൻസ് ഷീറ്റ് പ്രകാരം സാമ്പത്തിക വർഷത്തെ സെക്വർഡ് ലോൺ ഇനത്തിലെ നീക്കിയിരിപ്പ് തുക പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസിലെ നീക്കിയിരിപ്പുമായി ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ബി-5 ഷെഡ്യൂൾ പ്രകാരം 330500201-സെക്വർഡ് ലോൺ ബാലൻസ് തുക | ബി-16 ഷെഡ്യൂൾ പ്രകാരം 440500101-പ്രീ പെയ്ഡ് പ്രോഗ്രാം ഇനത്തിലെ ബാലൻസ് തുക | വ്യത്യാസം |
|---|---|---|
| 2,40,25,424 | 2,41,11,459 | 86,035 |

**1-1-6 സംയുക്ത പദ്ധതികളുടെ നീക്കിയിരിപ്പ് ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല**

സംയുക്ത പദ്ധതികൾക്കായുള്ള കോൺട്രിബ്യൂഷനുകൾ കൈകാര്യം ചെയ്യുന്ന ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ (നമ്പർ 799011400001175) 31.03.2025 ന് നീക്കിയിരിപ്പില്ല. സർക്കാർ തിരിച്ചടുത്ത (Resumption) 17,82,400 രൂപ തിരികെ ലഭിച്ചാൽ ഈ അക്കൗണ്ടിലെ നീക്കിയിരിപ്പ് 17,82,400 രൂപയാവും. എന്നാൽ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ചുവടെ പറയും പ്രകാരം 8,53,888/-രൂപ സംയുക്ത പദ്ധതികൾക്കായുള്ള കോൺട്രിബ്യൂഷനുകൾ എന്ന ഇനത്തിൽ നിലനിൽക്കുന്നുണ്ട്.

| ക്രമ നമ്പർ | കോഡ്, ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|
| 1 | 320700104 - Contributions For Joint Venture Projects (For Capital Expenditure) - From Block Panchayats | 50,000 |
| 2 | 320700204 - Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 8,03,888 |
| ആകെ തുക | | 8,53,888/- |

മേൽ പ്രകാരം 9,28,512/- രൂപയുടെ (17,82,400 – 8,53,888) വ്യത്യാസത്തിനുള്ള കാരണം വിശദമാക്കേണ്ടതും ഈ തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്.

**1-1-7 അഡ്വാൻസ്, ഡെപ്പോസിറ്റ്**

എ) ഡെപ്പോസിറ്റ് ലഭിച്ചത്

31.03.2025 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-7 പ്രകാരം 8,53,917 രൂപ ഡെപ്പോസിറ്റ് ഇനത്തിൽ ബാദ്ധ്യതയുണ്ട്. എന്നാൽ, ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതിയിട്ടില്ല. അതിനാൽത്തന്നെ നീക്കിയിരിപ്പുള്ള ഡെപ്പോസിറ്റുകളുടെ വിശദാംശങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. ഉദാഹരണത്തിന് 340100301- Contractors Retention എന്ന ഹെഡിൽ നീക്കിയിരിപ്പുള്ള 2,74,077 രൂപ ഏതൊക്കെ കരാറുകാരിൽ നിന്ന് എന്ന് കൈപ്പറ്റിയതാണ് എന്ന വിവരങ്ങൾ ലഭ്യമല്ല.

ബി) ഡെപ്പോസിറ്റ്/അഡ്വാൻസ് നൽകിയത്

31.03.2024 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 പ്രകാരം 55,14,758 രൂപ അഡ്വാൻസ് ഇനത്തിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ, ഡെപ്പോസിറ്റ്/അഡ്വാൻസ് രജിസ്റ്റർ എഴുതിയിട്ടില്ല. അതിനാൽത്തന്നെ

നീക്കിയിരിപ്പുള്ള ഡെപ്പോസിറ്റ്/അഡ്വാൻസുകളുടെ വിശദാംശങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. ഉദാഹരണത്തിന് 31.03.2025 ന് 460100199 Other Advances എന്ന ഹെഡിൽ നീക്കിയിരിപ്പുള്ള 1,00,000 രൂപ ആർക്കൊക്കെ നൽകിയതാണ് എന്ന വിവരം പഞ്ചായത്തിൽ ലഭ്യമല്ല.

**1-1-8 ജേണൽ വൗച്ചറുകൾക്ക് ആധാരമായ രേഖകൾ ലഭ്യമല്ല**

എ) തൻവർഷം രേഖപ്പെടുത്തിയ ഡെപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ബി) 2024-25 വർഷത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ തുകകൾ രേഖപ്പെടുത്തിയ ജേണൽ വൗച്ചറുകൾക്ക് ആധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

സി) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ വരുമാനം 31.03.2025 ലെ ജേണൽ വൗച്ചർ നം.42401338 പ്രകാരം രേഖപ്പെടുത്തിയതിന് ആധാരമാക്കിയ രേഖകൾ ഹാജരാക്കിയിട്ടില്ല.

**1-1-9 റീക്കൺസിലിയേഷനിലെ അപാകതകൾ**

| Bank | Account No | Pass Book Balance As Per The Statement | Actual Passbook Closing Balance | |
|---|---|---|---|---|
| കാനറാ ബാങ്ക് | 422622000095282 | 113 | 115 | ക്ലോസിംഗ്ബാലൻസ് തെറ്റാണ്. യഥാർത്ഥ ക്ലോസിംഗ് ബാലൻസ് 115 രൂപയാണ്. |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 40923939383 | 33,974 | 39,254 | പലിശ വരവ് 5,280 രൂപ അക്കൗണ്ട് ചെയ്തിട്ടില്ല. |

**1-1-10 വരുമാനം രേഖപ്പെടുത്തിയതിലെ അപാകതകൾ**

1. വസ്തു നികുതിയുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്താൻ ആധാരമാക്കിയ സാക്ഷ്യപ്പെടുത്തിയ DCB പത്രിക ഹാജരാക്കിയിട്ടില്ല.

2. തൊഴിൽ നികുതി (എംപ്ലോയീസ്) രജിസ്റ്ററിൽ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്താത്തതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരുമാനം, പിരിവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല.

3. തൊഴിൽ നികുതി (ട്രേഡേഴ്സ്, പ്രൊഫഷണൽസ്) രജിസ്റ്ററിൽ സംഗ്രഹം എഴുതിയിട്ടുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. കെട്ടിട അപേക്ഷാ രജിസ്റ്റർ ക്ലോസ് ചെയ്ത് സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ കെട്ടിടങ്ങൾ ക്രമവത്കരിക്കുന്ന വിവരങ്ങളും കെട്ടിട അപേക്ഷാ രജിസ്റ്ററിൽ തന്നെ രേഖപ്പെടുത്തിക്കാണുന്നു. ആയതിനാൽ പെർമിറ്റ് ഫീസ്, റഗുലറൈസേഷൻ ഫീസ് എന്നിവയുടെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല.

**1-1-11 ബാധ്യതാ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.**

എ) ഷെഡ്യൂൾB4 ലെ ചുവടെ ചേർത്ത ബാധ്യതാ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| | | | |
|---|---|---|---|
| 320100181 | Total Sanitation Campaign | 2,49,325 | ഈ തുകകൾ മുന്നിരിപ്പു തുകകളാണ്. തുകകളുടെ വിശദാംശങ്ങളും തുക നിക്ഷേപിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല. |
| 320100198 | Grant From Suchitwa Mission | 2,60,211 | |
| 32000162 | SSA | 10,545 | |
| 320100145 | NPRPD | 1,80,000 | |
| 320100197 | Literacy Scheme Grant | 50,951 | |
| 320100190 | Vimukthi Grant | 48,400 | |
| 32100999 | Other Liabilities | 3,100 | |
| 320300103 | Other Govt Agencies- Total Sanitation | 28,73,173 | |
| 320700405 | Contributions | 1,00,000 | |

| | | | |
|---|---|---|---|
| | For Other Specific Purposes- District Panchayats | | |
| 320800101 | Beneficiary Contributions | 2,19,333 | വർഷാരംഭത്തിൽ മുന്നിരിപ്പ് 1,93,328 രൂപയായിരുന്നു. തൻവർഷം പിരിച്ച ഗുണഭോക്തൃവിഹിതം 6,47,350 രൂപയാണ്. തൻവർഷം ചെലവഴിച്ച 6,21,345 രൂപ കിഴിച്ച് നീക്കിയിരിപ്പുള്ള 2,19,333 രൂപയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |

ബി) B-9ഷെഡ്യൂളിലെ ബാദ്ധ്യതാ നീക്കിയിരിപ്പുകളുടെ വിശദ വിവരങ്ങൾ ലഭ്യമല്ല.
B-9ഷെഡ്യൂളിലെ ചുവടെ ചേർത്ത ബാദ്ധ്യതാ നീക്കിയിരിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

| | | | |
|---|---|---|---|
| 350109999 | Amount Payable To Other Creditors | 9,744 | 31.03.2025 ലെ 1240001697 നമ്പർ രശീതി വൗച്ചർ പ്രകാരം വരവു കാണിച്ച ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 350110199 | Other Emplyee Liabilities Payable | 1,211 | ഇത് മുന്നിരിപ്പ് തുകയാണ്. തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 350200199 | Recoveries Payable-Other Recoveries From Employess | 79,490 | ഇത് മുന്നിരിപ്പ് തുകയാണ്. ഈ ഹെഡിൽ രേഖപ്പെടുത്തിയിട്ടുള്ള ഇടപാടുകളുടെ വിശദ വിവരങ്ങളും നീക്കിയിരിപ്പുള്ള തുകയുടെ വിശദാംശങ്ങളും പരിശോധനയക്ക് ലഭ്യമാക്കിയിട്ടില്ല. |
| 350200119 | Recoveries Payable-Covid | 1,60,400 | ഇത് മുന്നിരിപ്പ് തുകയാണ്. ഈ തുകകൾ യഥാസ്ഥാനത്ത് ഒടുക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. ഓഡിറ്റ് തിയതി വരെയും (21.07.2025) ഈ തുകകൾ ഒടുക്കിയിട്ടില്ല. |
| 350200299 | Recoveries Payable- Other Deductions | 2,023 | ഈ തുകകൾ യഥാസ്ഥാനത്ത് ഒടുക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല. |
| 350400701 | Refunds Payable – Deposit Works | 1,45,333 | ഈ തുക 2021 മുതൽ നീക്കിയിരിപ്പായുള്ള തുകയാണ്. ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല, യഥാസ്ഥാനങ്ങളിൽ ഒടുക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല. |
| 350800101 | Liability In Respect Of Stale Cheques | 9,70,659 | നീക്കിയിരിപ്പുള്ള 9,70,659 രൂപയുടെ ചെക്കുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |

**<u>1-1-12 ക്യാപ്പിറ്റൽ വർക്സ് ഇൻ പ്രോഗ്രസ് കണക്കുകൾ പൂർണമല്ല</u>**

412010101- Capital Work In Progress എന്ന ഹെഡിൽ 31.03,2025 ന് 4,30,330 രൂപയാണ് നീക്കിയിരിപ്പുള്ളത്. പ്രോജക്ട് നം. 358 ന് നൽകിയ പാർട്ട് ബിൽ തുകയാണ് ഇത്. എന്നാൽ പ്രോജക്ട് നം.320, 273, 76, 289, 393,98 എന്നിവയ്ക്ക് 2024-25 ൽ നൽകിയ പാർട്ട് ബിൽ തുകകൾ ഈ ഹെഡിൽ പെടുത്തിയിട്ടില്ല.

**<u>1-1-13 സർക്കാർ തിരികെ നൽകാനുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.</u>**

431500199- Receivables Of Resumption എന്നയിനത്തിൽ 31.03.2025 ൽ 89,64,699 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ LGTSB അക്കൗണ്ടിൽ നിന്നും തിരിച്ചെടുത്ത 70,21,899 രൂപയും ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നിന്നും തിരികെ എടുത്ത 17,82,400 രൂപയുമടക്കം 88,04,299 രൂപ മാത്രമാണ് സർക്കാരിൽ നിന്നും തിരികെ

ലഭിക്കാനുള്ളത് എന്ന് പരിശോധനയിൽ കാണുന്നു. ബാക്കി 1,60,400 രൂപയുടെ വ്യത്യാസം 2022 മുതൽക്കു കണക്കുകളിൽ നിലനിൽക്കുന്നു. ഈ തുകയുടെ വിശദവിവരങ്ങൾ കണ്ടെത്തി അറിയിക്കേണ്ടതാണ്.

**1-1-14 ഷെഡ്യൂൾ B18-Advances And Deposits- തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.**

| | | | |
|---|---|---|---|
| 460500201 | Deposit With KWA | 7,21,069 | 2022 മുതൽ മുന്നിരിപ്പായി ഉണ്ടായിരുന്ന 20,31,000 രൂപയിൽ നിന്നും 1,155,431.00 രൂപയും 154,500.00 രൂപയും യഥാക്രമം 1240000317/27.06.2024, 1240102680/07.08.2024 എന്നീ വൗച്ചറുകൾ പ്രകാരം KWA റീഫണ്ട് ചെയ്തിട്ടുണ്ട്. മുന്നിരിപ്പ് തുകയുടെയും റീഫണ്ട് ചെയ്ത തുകകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 460500202 | Deposit With KSEB | 27,71,167 | ഈ കണക്കിലെ 31.03.2022 ലെ മുന്നിരിപ്പ് 5,72,260 രൂപയാണ്. തുടർന്ന് 2022-23 ൽ 3 പ്രവൃത്തികൾക്കായി 21,98,907 രൂപ നിക്ഷേപിച്ചതായും കാണുന്നു. മുന്നിരിപ്പ് കാണിച്ചിട്ടുള്ള തുക ഏത് പ്രവൃത്തികൾക്കായി എന്ന് നിക്ഷേപിച്ചതാണ് എന്നുള്ള വിവരങ്ങളും നിക്ഷേപം നടത്തിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അറിയിച്ചിട്ടില്ല. |
| 460500399 | Advance To Other Authorised Agencies | 90,108 | പ്രോജക്ട് നം. - 366- കെട്ടിടങ്ങളുടെ വിവര ശേഖരണവും ഡിജിറ്റലൈസ് ചെയ്യലും എന്ന പദ്ധതിക്കായി ഊരാളുങ്കൽ ലേബർ സഹകരണ സംഘത്തിന് നൽകിയ തുകയാണ്. ഇതേ പ്രോജക്ടിനായി തനതു ഫണ്ടിൽ നിന്നും 22400739/10.12.2024 പ്രകാരം നൽകിയ 3,00,000 രൂപയുടെ അഡ്വാൻസ് ഈ ഹെഡിൽ പെടുത്തിയിട്ടില്ല. |
| 460500501 | Advance To Implimenting Officers | 3,38,667 | നീക്കിയിരിപ്പുള്ള ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |

**1-1-15 ബാങ്ക് പലിശ രണ്ടു ഹെഡുകളിൽ രേഖപ്പെടുത്തി**

കാനറാ ബാങ്കിലുള്ള 2093 നമ്പർ അക്കൗണ്ടിൽ 2024-25 വർഷം ICDS പദ്ധതിയുടെ കേന്ദ്ര ഫണ്ട് വരവും മറ്റു ചില തനതു ഫണ്ട് വരവുകളുമാണ് കൈകാര്യം ചെയ്തിട്ടുള്ളത്. ഈ അക്കൗണ്ടിൽ തൻവർഷം 3,81,775 രൂപ പലിശയായി ലഭിച്ചിട്ടുണ്ട്. ഇതിൽ 3,31,006 രൂപ 171100101-Interest On Bank Accounts എന്ന ഹെഡിലും ബാക്കി 50,769 രൂപ 320100196- ICDS Central Fund എന്ന കണക്കിലുമാണ് വരവു വെച്ചത്. പലശ വരുമാനം ഇത്തരത്തിൽ വേർ തിരിച്ച് രേഖപ്പെടുത്തിയതിനുള്ള മാനദണ്ഡം വ്യക്തമാക്കിയിട്ടില്ല.

**1-1-16 കോൺട്രാ വൗച്ചറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്**

കാനറാ ബാങ്കിലുള്ള 2093 നമ്പർ അക്കൗണ്ടിൽ 2024-25 വർഷം ICDS പദ്ധതിയുടെ കേന്ദ്ര ഫണ്ട് വരവും മറ്റു ചില തനതു ഫണ്ട് വരവുകളുമാണ് കൈകാര്യം ചെയ്തിട്ടുള്ളത്. ഈ അക്കൗണ്ടിൽ 31.03.2025 ലെ കോൺട്രാ വൗച്ചർ നം.32400325 പ്രകാരം 4,505 രൂപ ഡെബിറ്റ് കാണിച്ചിട്ടുണ്ട്. ഈ വൗച്ചറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-1-17 ICDS പദ്ധതിയുടെ കേന്ദ്ര ഫണ്ട് ചെലവ് രേഖപ്പെടുത്തിയതിൽ പിശക്**

ICDS പദ്ധതിയുടെ കേന്ദ്ര ഫണ്ട് ചെലവ് സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം 29,49,315 രൂപയാണ്. എന്നാൽ ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന ചെലവ് 34,97,890 രൂപയാണ്. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

**1-1-18 ജേണൽ വൗച്ചറിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.**

320300199- Grants, Funds And Contributions For Specific Purposes- Other Govt Agencies എന്ന ഹെഡിൽ മുന്നിരിപ്പുണ്ടായിരുന്ന 6,54,428 രൂപയിൽ നിന്നും 2,60,467 രൂപ 2016-17 ലെ ആശ്രയ ഫണ്ട് ചെലവ് എന്ന നാരേഷനോടു കൂടി 190200401 -Prior Period Income - Other Incomes എന്ന ഹെഡിലേക്ക് മാറ്റിയിട്ടുണ്ട്. ഈ ജേണൽ വൗച്ചറിൽ രേഖകളൊന്നും അറ്റാച്ച് ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടുവെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല.

**1-1-19 ലോൺ അക്കൗണ്ടിലെ പലിശ രണ്ടു ഹെഡുകളിൽ രേഖപ്പെടുത്തിക്കാണുന്നു.**

ലൈഫ് ഭവനപദ്ധതിയുടെ ലോൺ തുക കൈകാര്യം ചെയ്യുന്ന എസ്.ബി.ഐ യിലെ 385 നമ്പർ അക്കൗണ്ടിൽ 2024-25 ൽ ലഭിച്ച പലിശ രണ്ടു ഹെഡുകളിൽ രേഖപ്പെടുത്തിയതായി കാണുന്നു. 360200199- Provision For Other Interest എന്ന ഹെഡിൽ 46,768 രൂപയും 171100101-Interest From Bank Accounts എന്ന ഹെഡിൽ 12,836 രൂപയുമാണ് രേഖപ്പെടുത്തിയത്. ഇതിന് വിശദീകരണം നൽകിയിട്ടില്ല.

**1-1-20 ലൈഫ് പദ്ധതിയുടെ സംസ്ഥാന വിഹിതം രേഖപ്പെടുത്തിയതിൽ പിശക്**

ലൈഫ് പദ്ധതിയുടെ സംസ്ഥാന വിഹിതത്തിൽ നിന്നുള്ള ചെലവ് 23,80,000 രൂപയാണ്. 320400199 -Grants, Funds & Contributions For Specific Purposes - Other Financial Institutions എന്ന ഹെഡിൽ 31.03.2025 ലെ ജേണൽ വൗച്ചർ 42401332 പ്രകാരം 23,80,000 രൂപ 160300299-Contributions Towards Other Schemes - From Other Institutions എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 31.03.2025 ലെ ജേണൽ വൗച്ചർ നം.42401800 പ്രകാരം 13,40,000 രൂപ വീണ്ടും ചെലവ് രേഖപ്പെടുത്തിയതായി കാണുന്നു. ആയതിനാൽ ലൈഫ് പദ്ധതിയുടെ സംസ്ഥാന വിഹിതത്തിൽ നിന്നുള്ള ചെലവ് കണക്കിൽ പിശക് സംഭവിച്ചിട്ടുണ്ട്.

**1-2 ബജറ്റ്**

2024-25 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | നം. 1/1<br>തിയതി 07/02/2024 | നം. 22/1<br>തിയതി 03/03/2025 |
| മുന്നിരിപ്പ് | 21621866 | 81301129 |
| വരവ് | 319212670 | 363299379 |
| ആകെ | 340834536 | 444600508 |
| ചെലവ് | 324550159 | 352015319 |
| നീക്കിയിരിപ്പ് | 16284377 | 92585189 |

**1-3 സാമ്പത്തിക വിശകലനം**

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| | |
|---|---|
| വർഷം | 2024-25 |
| മുന്നിരിപ്പ് | 8,97,03,713 |
| വരവ് | 9,37,62,085 |
| ആകെ | 18,34,65,798 |
| ചെലവ് | 9,80,59,736 |
| നീക്കിയിരിപ്പ് | 8,54,06,062 |
| വരവിനങ്ങളിലുള്ള നഷ്ടം | 10,930 |
| ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,70,31,807 |

**1-4 ഫണ്ടുകളുടെ വിനിയോഗം**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 3,63,66,000 | 3,63,66,000 | 3,63,22,000 | 0 | 44,000 |
| വികസനഫണ്ട് എസ്.സി.പി. | 0 | 40,60,000 | 40,60,000 | 40,60,000 | 0 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | | 0 | 3,19,000 | 3,19,000 | 2,08,589 | 0 | 1,10,411 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് (Untied) | ബാങ്ക് | 13,23,131 | 65,95,904 | 79,19,035 | 58,25,520 | 20,93,515 | 0 |
| | ട്രഷറി | 0 | 2,24,320 | 2,24,320 | 2,24,320 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied ) | ബാങ്ക് | 77,96,376 | 1,35,01,500 | 2,12,97,876 | 1,05,22,704 | 1,07,75,172 | 0 |
| | ട്രഷറി | 0 | 4,89,698 | 4,89,698 | 4,89,698 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | | 0 | 2,39,56,000 | 2,39,56,000 | 1,65,29,045 | 0 | 74,26,955 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | | 0 | 1,54,10,000 | 1,54,10,000 | 1,18,59,740 | 0 | 35,50,260 |
| വിവിധ പെൻഷനുകൾ | | 0 | 8,11,13,600 | 8,11,13,600 | 8,11,13,600 | 0 | |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | | 8,53,888 | 23,97,675 | 32,51,563 | 23,97,675 | *8,53,888 | 0 |
| സംയുക്ത പദ്ധതികൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുക | ഹെഡ്- 320700405 | 1,00,000 | 35,64,643 | 36,64,643 | 35,64,643 | 1,00,000 | 0 |
| | ഹെഡ്- 320700205 | 10,00,000 | 0 | 10,00,000 | 10,00,000 | 0 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | | | |
| തൊഴിലുറപ്പ് പദ്ധതി | | 0 | 14,99,156 | 14,99,156 | 14,99,041 | 115 | 0 |
| നാഷണൽ ഹെൽത്ത് മിഷൻ | | 7,35,617 | 5,61,908 | 12,97,525 | 0 | 12,97,525 | 0 |
| NPRPD | | 1,80,000 | 0 | 1,80,000 | 0 | 1,80,000 | 0 |
| ടോട്ടൽ സാനിറ്റേഷൻ ക്യാമ്പയിൻ | | 2,49,325 | 0 | 2,49,325 | 0 | 2,49,325 | 0 |
| സർവ ശിക്ഷാ അഭിയാൻ | | 10,545 | 0 | 10,545 | 0 | 10,545 | 0 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | | 47,40,403 | 37,96,326 | 85,36,729 | 34,97,890 | 50,38,839 | 0 |
| 320100202 ഹെൽത്ത് ഗ്രാന്റ്- Diagnostic Infrastructure | | 12,28,078 | 4,92,290 | 17,20,368 | 12,07,694 | 5,12,674 | 0 |
| 320100204 ഹെൽത്ത് ഗ്രാന്റ് -Conversion Of PHCs To HWCs | | 6,43,962 | 7,56,485 | 14,00,447 | 6,30,464 | 7,69,983 | 0 |
| 320100203 ഹെൽത്ത് ഗ്രാന്റ് - For Buildingless Subcentres | | 28,05,500 | 91,790 | 28,97,290 | 27,75,000 | 1,22,290 | 0 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | | | |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | | 19,50,000 | 62,40,000 | 81,90,000 | 23,80,000* | 58,10,000 | 0 |
| ശുചിത്വ മിഷൻ | | 2,60,211 | 0 | 2,60,211 | 0 | 2,60,211 | 0 |
| സാക്ഷരത | | 50,951 | 0 | 50,951 | 0 | 50,951 | 0 |
| വിമുക്തി | | 48,400 | 0 | 48,400 | 0 | 48,400 | 0 |
| സമ്പൂർണ ശുചിത്വം | | 28,73,173 | 0 | 28,73,173 | 0 | 28,73,173 | 0 |
| മറ്റു സർക്കാർ ഏജൻസികളിൽ നിന്നുള്ള ഫണ്ട് (320300199) | | 6,54,428 | 0 | 6,54,428 | 2,60,467 | 3,93,961 | 0 |
| മറ്റുള്ളവ | | | | | | | |
| CMDRF സംഭാവന | | 0 | 59,659 | 59,659 | 52,815 | 6,844 | 0 |
| ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടച്ചത്) | | 1,93,328 | 6,47,350 | 8,40,678 | 6,21,345 | 2,19,333 | 0 |
| സംഭാവന (320900102) | | 23,539 | 929 | 24,468 | 377 | 24,091 | 0 |

1) വികസനഫണ്ട്-ജനറൽ - സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി(ലൈഫ് ഭവനപദ്ധതി വായ്പാ തിരിച്ചടവ്, അങ്കണവാടി വർക്കർമാർക്കുള്ള പ്രതിഫലം) കുറവ് ചെയ്ത തുകയായ 41,05,244/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) വികസനഫണ്ട്-എസ്.സി.എസ്.പി- സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി (ലൈഫ് ഭവനപദ്ധതി വായ്പാ തിരിച്ചടവ്) കുറവ് ചെയ്ത തുകയായ 1,32,522/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3) വികസനഫണ്ട്-ടി.എസ്.പി- സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി (ലൈഫ് ഭവനപദ്ധതി വായ്പാ തിരിച്ചടവ്) കുറവ് ചെയ്ത തുകയായ 10,278/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

4) ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടിൽ വരവു വന്ന പലിശ രൂപ ബേസിക് ഗ്രാന്റിൽ വരവായി ചേർത്തിട്ടുണ്ട്.

5) ജനറൽ പർപ്പസ് ഫണ്ടിനത്തിൽ തൻവർഷം 2,60,97,568 രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ജനറൽ പർപ്പസ് അക്കൗണ്ട് കൈകാര്യം ചെയ്യുന്ന ട്രഷറി അക്കൗണ്ടിൻ നിന്നും 30.03.2025 ന് 70,21,899രൂപ സർക്കാർ റിസംപ്ഷൻ നടത്തിയിട്ടുണ്ട്. ഈ അക്കൗണ്ടിലെ തൻവർഷ നീക്കിയിരിപ്പ് 0 രൂപയാണ്.

6) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവ് മാത്രമാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് കൂടാതെ വേതനമിനത്തിലും സാമഗ്രികളുടെ വിലയിനത്തിലും തൊഴിലാളികളുടെയും സപ്ലൈയർമാരുടെയും അക്കൗണ്ടുകളിലേക്ക് നേരിട്ട് 3,06,01,070 രൂപ നൽകിയിട്ടുണ്ട്. ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

7) ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്, ടൈഡ് ഗ്രാന്റുകളിലെ ചെലവ് ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയതിൽ പിശക് ഉണ്ട്. ശരിയായ കണക്കാണ് മേൽ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. (ഖണ്ഡിക 1-1- ലെ പരാമർശങ്ങൾ കാണുക)

8) *ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകളിൽ നീക്കിയിരിപ്പുള്ള 6,03,888 രൂപ ധനകാര്യ കമ്മീഷൻ ഫണ്ട് കൈകാര്യം ചെയ്യുന്ന ബാങ്ക് അക്കൗണ്ടിന്റെ (എസ്.ബി.ഐ-74852) ലാണ് സൂക്ഷിച്ചിട്ടുള്ളത്.

**1-5 പദ്ധതി അവലോകനം.**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 365 | 25,68,14,797 | 259 | 13,75,71,411 | ഇല്ല. | 106 | 70.95 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2024-25 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2024-25 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 54 | 42027099 + 4248044 | 35 | 20206155 | 43.66 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 31 | 9845237 | 23 | 5259217 | 53.41 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 165 | 89563190 | 109 | 47977860 | 53.56 |
| 4 | കൃഷി ഓഫീസർ | 13 | 8247261 | 13 | 6685627 | 81.06 |
| 5 | വെറ്റിനറി സർജ്ജൻ | 8 | 5701638 | 8 | 4932188 | 86.50 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 29 | 68585377 | 22 | 30290999 | 44.16 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17 | 9844198 + 237892 | 15 | 7821989 | 79.45 |
| 8 | പ്രധാനധ്യാപകൻ | 20 | 5024820 | 10 | 3174660 | 63.17 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 4 | 2000000 | 4 | 2000000 | 100 |
| 10 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 17 | 9120041 | 13 | 6946639 | 76.16 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 310000 | 2 | 309796 | 99.93 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1000000 | 1 | 977803 | 97.78 |
| 13 | ഫിഷറീസ് ഓഫീസർ | 4 | 1060000 | 4 | 988478 | 93.25 |
| | ആകെ | 365 | 256814797 | 259 | 137571411 | 53.57 |

കുറിപ്പ്: 1)വികസന ഫണ്ട് (ജനറൽ, എസ്.സി.പി, ടി.എസ്.പി )സ്രോതസ്സിൽ നിന്നും ലൈഫ് ഭവന പദ്ധതി

വായ്പാ തിരിച്ചടവ് ഇനത്തിൽ ഈടാക്കിയ 28,02,644/- രൂപയും, അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കിയ 14,45,400/- രൂപയും സുലേഖ ചെലവ് പത്രികയിൽ ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അടങ്കലിൽ ഉൾപ്പെട്ടിട്ടില്ല. മേൽ പട്ടികയിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പദ്ധതി അടങ്കലിൽ പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടുണ്ട്.

2) പ്രോജക്ട് നം.341 അങ്കണവാടികൾക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതിക്കായി വികസന ഫണ്ട് ജനറൽ, മെയ്ന്റെനൻസ് ഫണ്ട് റോഡിതരം ഇനത്തിൽ സുലേഖ ചെലവ് പത്രികയിലെ അടങ്കലിൽ 1,41,816/-രൂപ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും 2,37,892/-രൂപ അടങ്കലിൽ ഉൾപ്പെട്ടിട്ടില്ല. മേൽ പട്ടികയിൽ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ പദ്ധതി അടങ്കലിൽ 2,37,892/-രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 0 | 14,99,156 | 14,99,156 | 14,99,041 | 115 |
| വേതനം, മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 3,06,01,070 | 3,06,01,070 | 3,06,01,070 | 0 |
| ആകെ | 0 | 3,21,00,226 | 3,21,00,226 | 3,21,00,111 | 115 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2024-25 വർഷം 1033 പദ്ധതികളുൾപ്പെടുന്ന 25,02,99,000/-രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻവർഷം 327 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പദ്ധതികളിലായി ആകെ 80895 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറു തൊഴിൽ ദിനം ലഭിച്ച 597 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമപദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 3909800 | 255 |
| വിധവാപെൻഷൻ | 31350200 | 2051 |
| വാർദ്ധക്യകാലപെൻഷൻ | 34910800 | 2430 |
| വികലാംഗപെൻഷൻ | 8582400 | 561 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 2090400 | 137 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 270000 | 9 |

## 1-8 ക്യാഷ് ബാലൻസ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.07.2025 തീയതിയിൽ 3.00 P.M ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 45,988/-രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ആഭ്യന്തര നിയന്ത്രണ സംവിധാനം അവലോകനം ചെയ്തതിലെ പ്രധാന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) ഓഫീസ് മീറ്റിംഗ് - ഓഡിറ്റ് വർഷം 5 തവണ ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുണ്ട്. 2024-25 വർഷം 10.10.2024 ൽ ചേർന്ന യോഗത്തിന്റെ തീരുമാനങ്ങൾ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ 15.05.2024 മുതൽ 27.08.2024 വരെയുള്ള കാലയളവിൽ ചേർന്ന യോഗങ്ങളുടെ തീരുമാനങ്ങൾ മിനിട്സിൽ രേഖപ്പെടുത്തി

സെക്രട്ടറി ക്ലോസ് ചെയ്തിട്ടില്ല. ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതിനോടൊപ്പം യോഗ തീരുമാനങ്ങൾ രേഖപ്പെടുത്തി മിനിട്സ് ബുക്ക് ക്ലോസ് ചെയ്യുവാനും ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

2) നിലവിൽ പൂർണമായും കെ-സ്മാർട്ട് സംവിധാനത്തിലാണ് ഫയൽ നീക്കങ്ങൾ നടക്കുന്നത്. ഫയൽ നീക്കങ്ങളിലുള്ള മോണിറ്ററിംഗിലും സമയബന്ധിതമായി സേവനം നൽകുന്നതിലും പുരോഗതി ഉണ്ടായിട്ടുണ്ട്. തുടർ നടപടികൾ എടുക്കാൻ ബാക്കിയുള്ള ഫയലുകളിലും അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. രസീതു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവുവെക്കുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ചു വരുന്നത്. ഫീൽഡ് പിരിവു മുഖേന സ്വീകരിക്കുന്ന തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് ഈ റിപ്പോർട്ടിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്.

4) <u>(എ) പഞ്ചായത്ത് കമ്മിറ്റി</u>- പഞ്ചായത്ത് കമ്മിറ്റി 2024-25 ൽ 35 യോഗങ്ങൾ ചേർന്നിട്ടുണ്ട്. 24 സാധാരണ യോഗങ്ങളും 11 അടിയന്തിര/പ്രത്യേക യോഗങ്ങളുമാണ് ചേർന്നത്. യോഗങ്ങളുടെ മിനിട്സ് സകർമ സോഫ്റ്റ്‌വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് കമ്മിറ്റി യോഗങ്ങൾ ചട്ടപ്രകാരം നടത്തുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്. യോഗങ്ങളിൽ വിവിധ വിഷയങ്ങളിലുള്ള ചർച്ചകൾ നടക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച അവലോകനങ്ങൾ ഒരോ തുടർയോഗങ്ങളിലും നടത്തേണ്ടതാണ്.

ബി) <u>ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി</u>

ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി 2024-25 ൽ 25 തവണ യോഗം ചേർന്നിട്ടുണ്ട്. 22 സാധാരണ യോഗങ്ങളും 3 അടിയന്തിര/പ്രത്യേക യോഗങ്ങളുമാണ് ചേർന്നത്. യോഗങ്ങളുടെ മിനിട്ട്സുകൾ സകർമ സോഫ്റ്റ്‌വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. യോഗങ്ങളിൽ വരവു ചെലവു കണക്കുകൾ അംഗീകരിച്ചിട്ടുണ്ട്. തനത് ഫണ്ട് അവലോകനം, നികുതി പരിഷ്ക്കരണം, പദ്ധതി പുരോഗതി അവലോകനം, തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. തനതു വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിൽ നികുതി നിർദ്ദേശങ്ങളോ പുതിയ നികുതി മേഖലകളോ യോഗങ്ങളിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല.

സി) <u>വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി</u>

വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2024-25 ൽ 18 തവണയാണ് യോഗം ചേർന്നത്. 13 സാധാരണ യോഗങ്ങളും 5 അടിയന്തിര/പ്രത്യേക യോഗങ്ങളുമാണ് ചേർന്നത്. യോഗങ്ങളുടെ മിനിട്സ് സകർമ സോഫ്റ്റ്‌വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. പദ്ധതി രൂപീകരണം, സ്പിൽ ഓവർ പദ്ധതികൾ, വരൾച്ചാ ദുരിതാശ്വാസം - കുടിവെള്ള വിതരണം തുടങ്ങിയ വിഷയങ്ങളിന്മേലുള്ള ചർച്ചകൾ യോഗങ്ങളിൽ നടന്നിട്ടുണ്ട്.

ഡി) <u>ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി</u>

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2024-25 ൽ 24 തവണയാണ് യോഗം ചേർന്നത്. 12 സാധാരണ യോഗങ്ങളും 12 അടിയന്തിര/പ്രത്യേക യോഗങ്ങളുമാണ് ചേർന്നത്. യോഗങ്ങളുടെ മിനിട്സ് സകർമ സോഫ്റ്റ്‌വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. യോഗങ്ങളിൽ സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷകൾ അംഗീകരിക്കുന്നത്/ നിരസിക്കുന്നത്, ബഡ്സ് സ്ക്കൂൾ, ജെന്റർ യോഗം, ജാഗ്രത സമിതി യോഗം, അതിദരിദ്ര പദ്ധതി, അങ്കണവാടികൾ PMAY ഭവന പദ്ധതി, വയോജന ക്ഷേമം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

ഇ) <u>ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി</u>

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 2024-25ൽ 17 തവണയാണ് യോഗം ചേർന്നത്. 11 സാധാരണ യോഗങ്ങളും 6 അടിയന്തിര/പ്രത്യേക യോഗങ്ങളുമാണ് ചേർന്നത്. യോഗങ്ങളുടെ മിനിട്സ് സകർമ സോഫ്റ്റ് വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. യോഗങ്ങളിൽ മഴക്കാല പൂർവ്വ ശുചീകരണ പരിപാടി, മാലിന്യ സംസ്ക്കരണം അവലോകനം, ആരോഗ്യ ക്യാമ്പയിൻ, ഹരിത കർമ്മസേനയുടെ മാലിന്യ സംസ്കരണ പുരോഗതി, മാലിന്യമുക്ത നവകേരളം പദ്ധതി തുടങ്ങിയ പ്രവർത്തനങ്ങളുടെ അവലോകനം നടത്തി തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. തെരുവ് നായകളെ നിയന്ത്രിക്കുന്നതിന് വേണ്ടി വന്ധ്യംകരണ കുത്തിവെപ്പ് നടത്തുന്നതിനെ കുറിച്ചും ആരോഗ്യ ക്യാമ്പ്, ഹെൽത്ത് ഗ്രാന്റ് വിനിയോഗം, ഹരിത കർമ്മസേന പ്രവർത്തന പുരോഗതി, ഹരിതകർമ്മസേനയുടെ മാലിന്യ സംസ്ക്കരണ പുരോഗതി തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

5) പ്രൊക്യൂർമെന്റ് കമ്മിറ്റി ഓഡിറ്റ് വർഷം 20.06.2024, 22.08.2024, 18.10.2024, 30.11.2024, 04.01.2024 എന്നീ

തീയ്യതികളിൽ യോഗം ചേർന്നിട്ടുണ്ട്. 20.06.2024 മുതൽ 04.01.2025 വരെയുള്ള കാലയളവിൽ ചേർന്ന യോഗങ്ങളുടെ തീരുമാനങ്ങൾ മിനിട്സിൽ രേഖപ്പെടുത്തി സെക്രട്ടറി ക്ലോസ് ചെയ്തിട്ടില്ല. പഞ്ചായത്ത് സെക്രട്ടറി, നിർവഹണ ഉദ്യോഗസ്ഥർ എന്നിവർ പ്രോജക്ട് നിർവഹണത്തിന്റെ ഭാഗമായി നടത്തിയ വാങ്ങലുകളിൽ കമ്മിറ്റി ഇടപെട്ടിട്ടുണ്ട്.

6) പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ അപ്ഡേഷനുകൾ വരുത്തിയിട്ടുണ്ടെങ്കിലും സമ്പൂർണ്ണവും കുറ്റമറ്റതുമായ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ പൂർണ്ണതയിൽ എത്താൻ സാധിച്ചിട്ടില്ല.

7) സ്ഥിരം തനത് വരുമാനങ്ങൾക്കുപരിയായി, തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ വരുമാന മാർഗ്ഗങ്ങളൊന്നും കണ്ടെത്തുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

8) 1997-98 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനും അവ തീർപ്പാക്കുന്നതിനും ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## 1-10 തൊഴിൽ നികുതി - ജീവനക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ ഈടാക്കി.

സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം.1149/2024/LSGD തീയതി:27.06.2024 പ്രകാരം 2024-25 സാമ്പത്തിക വർഷത്തിന്റെ രണ്ടാം അർദ്ധ വർഷം മുതൽ 2024 ഒക്ടോബർ 1 പ്രാബല്യത്തിൽ തൊഴിൽ നികുതി സ്ലാബ് പരിഷ്ക്കരിച്ചിട്ടുണ്ട്. ഇതുപ്രകാരം ഈടാക്കേണ്ട നിരക്കിലുള്ള നികുതികൾ ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഈടാക്കിയതായി കാണുന്നില്ല. വിശദാംശം ഖണ്ഡിക 2-1 ൽ.

## 1-11 പഞ്ച നക്ഷത്ര ഹോട്ടൽ കെട്ടിട നിർമ്മാണം Occupancy-യുമായി ബന്ധപ്പെട്ട അപാകതകൾക്ക് വിശദീകരണം നല്കിയിട്ടില്ല.

ഉദുമ ഗ്രാമ പഞ്ചായത്തിൽ സർക്കാർ സംരംഭമായ ബി ആർ ഡി സി യിൽ നിന്നും പാട്ടത്തിന് എടുത്ത 32 ഏക്കർ ഭൂമിയിൽ ഗ്ലോബ് ലിങ്ക്സ് ഹോട്ടൽസ് എന്ന സ്ഥാപനം നിർമ്മാണം നടത്തിവരുന്ന പഞ്ച നക്ഷത്ര ഹോട്ടലിന് 28/02/2011 ൽ ഗ്രാമ പഞ്ചായത്തിൽ നിന്ന് പെർമിറ്റ് അനുവദിച്ചിരുന്നതും 2020-ൽ പെർമ്മിറ്റ് അവസാനിച്ചിട്ടുള്ളതുമാണ്. തുടർന്ന് കെട്ടിട നിർമ്മാണ പെർമിറ്റ് കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ചീഫ് ടൗൺ പ്ലാനറുടെ റിപ്പോർട്ട് ലഭ്യമാക്കുകയും പ്രസ്തുത റിപ്പോർട്ടിൽ 2009 ൽ അനുവദിച്ചിരുന്ന CRZ ക്ലിയറൻസ് നിർമ്മാണം പൂർത്തീകരിക്കുന്നതിനായി നീട്ടി നൽകിയിരുന്നു. എന്നാൽ അധിക നിർമ്മാണം നടത്തിയതിനാലും അംഗീകൃത പ്ലാനുകളിൽ വ്യത്യാസം വരുത്തിയതിനാലും ക്രമവത്കരണത്തിന് അപേക്ഷ നല്കുകയുണ്ടായി. തുടർന്ന് നിബന്ധനയോടുകൂടി ഗ്ലോബ് ലിങ്ക് ഹോട്ടൽ കെട്ടിടത്തിന്റെ പെർമിറ്റ് കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് ഉദുമ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്കും കാസറഗോഡ് ജില്ലാ ടൗൺ പ്ലാനർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇത് പ്രകാരം 26.06.2023-ന് ചേർന്ന ജില്ലാതല പെർമിറ്റ് എക്സ്റ്റൻഷൻ കമ്മിറ്റി 30.06.2023 വരെ നിബന്ധനകൾക്ക് വിധേയമായി പെർമിറ്റ് കാലാവധി ദീർഘിപ്പിക്കുന്നതിനു ശുപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിബന്ധനകളോടെ ഉദുമ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 30.06.2023 വരെ കെട്ടിട നിർമ്മാണ അനുമതി പുതുക്കി നൽകുകയും ചെയ്തു, തുടർന്ന് 30/06/2023 തീയ്യതി കെട്ടിട നിർമ്മാണ അനുമതി പുതുക്കി നൽകിയതിന് ശേഷം 30/06/2023 തീയ്യതിയിൽതന്നെ ഒക്യൂപെൻസി സർട്ടിഫിക്കറ്റിനുള്ള അപേക്ഷ (കംപ്ലീഷൻ പ്ലാൻ) ഗ്ലോബ് ലിങ്ക് ഹോട്ടൽസ് & എന്റർടൈൻമെൻറ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം സമർപ്പിച്ചു. ആയത് പരിഗണിച്ച് നല്കിയ കെട്ടിട Occupancy-യുമായി ഉള്ള വിവരം താഴെ കൊടുക്കുന്നു,

| കെട്ടിട നം | Occuppancy പ്രകാരം കെട്ടിടത്തിന്റെ തരം | കെട്ടിട അളവ് | റിമാർക്സ് |
|---|---|---|---|
| XIV-266A | വാണിജ്യം | 2909.28 M2 | റഗുലറൈസേഷൻഫീസ് ഈടാക്കിയത് താമസ കെട്ടിടങ്ങളുടെ പെർമ്മിറ്റ് ഫീസ് അടിസ്ഥാനമാക്കിയാണ്. |
| XIV- 266B | പാർപ്പിടം റിസോർട്ട് | 4194.9 M2 | |
| XIV- 266C | പാർപ്പിടം റിസോർട്ട് | 3335.3 M2 | |
| XIV- 266D | പാർപ്പിടം റിസോർട്ട് | 2525.20 M2 | |
| XIV- 266E | പാർപ്പിടം റിസോർട്ട് | 3291.10 M2 | |

| | | | |
|---|---|---|---|
| XIV- 266F | സ്വിമ്മിംഗ് പൂൾ | 464.75 M2 | |
| | **ആകെ** | **16720.53 M2** | |

മേൽ കെട്ടിടത്തിന്റെ Occupancy-യുമായി ബന്ധപ്പെട്ട് താഴെ കൊടുക്കുന്ന അപാകതകൾക്ക് വിശദീകരണം നല്കിയിട്ടില്ല,

1). കെട്ടിടത്തിന് പെർമിറ്റ് ഫീ/റഗുലറൈസേഷൻ ഫീസ് ഈടാക്കിയത് 16473.10 ച.മീക്ക് മാത്രമാണ്. Occupancy നല്കിയിട്ടുള്ളത് 16720.53 ച.മീ ആണ്.

2). കെട്ടിടത്തിന്റെ കംപ്ലീഷൻ പ്രകാരം ആകെ കെട്ടിട അളവ് 19879.1 ച.മീ ആണ്. അംഗീകൃത പെർമിറ്റിൽ ഉൾപ്പെടാത്തതും അധികമായി നിർമ്മാണം നടത്തിയിട്ടുള്ളതുമായ 3406 ച.മീ വിസ്തൃതിയുള്ള കെട്ടിടത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി എടുത്ത നടപടികളുടെ വിവരം ഫയലിൽ ലഭ്യമല്ല.

3) 22.08.2024-നാണ് Occupancy അനുവദിക്കുന്നത്, ആയതിന് മുന്നോടിയായി റവന്യൂ വകുപ്പിൽ അടവാക്കേണ്ടുന്ന ഒറ്റത്തവണ കെട്ടിട നികുതിയും, ലേബർ വകുപ്പിൽ അടവാക്കേണ്ടുന്ന നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്സ് തുകയും അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.34/തീ.21.07.2025

## <u>1-12 അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമല്ല.</u>

2011 കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. 2023ലെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കൽ സംബന്ധിച്ച, സ.ഉ(കൈ) നം. 77/2023/LSGD തിയതി 22.03.2023 നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 നിർദ്ദേശം പ്രകാരവും മേൽ കാര്യം വ്യകതമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 10 നിർദ്ദേശം പ്രകാരം കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023-ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതുമാണ്.

കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 21 പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് 2 വർഷത്തിനു ശേഷം ഏത് സമയത്തും സെക്രട്ടറിക്ക് രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച മീ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, ആരാധനാകെട്ടിടങ്ങൾ, G1, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുകയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.01.2019ലെ സർക്കുലർ നം. ആർ.എ്.1/20/2018-ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ചട്ടപ്രകാരം കെട്ടിടങ്ങളുടെ പാർക്കിംഗിനായി നീക്കിവെച്ച സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നില്ല എന്നത് പരിശോധനയിൽ ഉറപ്പാക്കാൻ ഒക്കുപ്പൻസി നൽകുമ്പോൾ കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷകന് നൽകേണ്ടതാണെന്നും നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിട നമ്പർ/ഒക്കുപ്പൻസി അനുവദിക്കപ്പെട്ട കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ/മാറ്റങ്ങൾ കണ്ടെത്തി യഥാസമയം തുടർനടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ചാണ് മേൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും സർക്കുലറും നിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുള്ളത്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര കെട്ടിടങ്ങൾക്ക് ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടെന്നും എത്ര കെട്ടിടങ്ങൾക്ക് പോസ്റ്റ് ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും, കെട്ടിടങ്ങൾക്ക് മാറ്റം വന്നിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതും സംബന്ധിച്ച രേഖകളും വിവരങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടപ്പോൾ പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നാളിതുവരെയായിട്ട് പഞ്ചായത്തിൽ നടത്തിയിട്ടില്ല എന്ന മറുപടിയാണ് പഞ്ചായത്ത് അധികൃതർ നല്കിയിട്ടുള്ളത്. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും വിവരശേഖരണ നടപടികൾ പൂർത്തീകരിച്ച് അധിക നിർമ്മാണം കണ്ടെത്തിയ കെട്ടിടങ്ങളുടെ മേൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകിരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-13 ടർഫുകൾക്ക് വസ്തു നികുതി ചുമത്തിയില്ല**

ഉദുമ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പിരിവുമായി ബന്ധപ്പെട്ട പരിശോധനയിൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ടർഫുകൾക്ക് വസ്തു നികുതി ചുമത്തിയതായി കാണുന്നില്ല. എന്നാൽ പ്രദേശികമായ അന്വേഷണത്തിൽ പഞ്ചായത്തിൽ ടർഫുകൾ പ്രവർത്തിക്കുന്നതായി അറിയാൻ കഴിഞ്ഞു. വാർഡുകളുടെ ചുമതലയുള്ള ക്ലാർക്കുമാരോട് അവർക്ക് ചുമതലയുള്ള വാർഡുകളിൽ പ്രവർത്തിക്കുന്ന ടർഫുകളുടെ വിവരം ലഭ്യമാക്കുവാൻ നിർദ്ദേശം നല്കേണ്ടതാണ്. GO(P)No. 25/2023/LSGD തിയ്യതി 05.04.2023 -ലെ ക്രമ നമ്പർ 6d പ്രകാരം ടർഫുകൾക്ക് വസ്തു നികുതി ചുമത്തേണ്ടതാണ്. ടർഫുകൾ നിയമാനുസൃത നിർമ്മാണങ്ങളാണോ എന്ന് പരിശോധിച്ച് പ്രവർത്തനം തുടങ്ങിയത് മുതൽ ചട്ട പ്രകാരമുള്ള വസ്തു നികുതി കണക്കാക്കി പിരിച്ചെടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-14 ജീവനക്കാരുടെ ശമ്പള നിർണ്ണയം- സർവ്വീസ് ബുക്ക് പരിശോധനയിലെ അപാകതകൾ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് ഡെപ്യൂട്ടി ഡയറക്ടരുടെ 06.06.2025 തീയതിയിലെ കെ.എസ്.എ-കെ.എസ്.ഡി.2/585/2025 കത്ത് പ്രകാരം ഉദുമ ഗ്രാമ പഞ്ചായത്തിലെ ചുവടെ പരാമർശിക്കുന്ന ജീവനക്കാരുടെ സേവന പുസ്തകത്തിലെ അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി തിരികെ നല്കിയിരുന്നു, മേൽ കത്ത് പ്രകാരം പരിഹരിക്കാത്ത അപാകതകളും ഓഡിറ്റ് സമയത്ത് സർവ്വീസ് ബുക്ക് പരിശോധനയിൽ കണ്ട അപാകതകളും ജീവനക്കാരുടെ പേരു വിവരം സഹിതം താഴെ കൊടുക്കുന്നു,

**1. ശ്രീമതി. രതി കെ.വി. (സീനിയർ ക്ലാർക്ക്).**

സേവനപുസ്തകം പേജ് നമ്പർ 20 പ്രകാരം പ്രൊബേഷൻ പൂർത്തീകരിച്ചതിനെ തുടർന്ന് 12.01.2017ന് ലഭിക്കേണ്ട ഇൻക്രിമെന്റ് 01.01.2017ന് അനുവദിച്ചിട്ടുണ്ട്. 01.01.2017 മുതൽ 11.01.2017 വരെ അധികം നൽകിയ ശമ്പളം തിരികെ ഈടാക്കേണ്ടതാണ്.

സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് പ്രമോഷൻ ലഭിച്ചതിനെ തുടർന്ന് 17.03.2022 ന് Rules 28A, Part I KSR പ്രകാരം ശമ്പളം നിർണണയിച്ചപ്പോൾ 2 ഇൻക്രിമെന്റിൽ കൂടുതൽ ആനുകൂല്യം കിട്ടിയതിനാൽ Refixation അർഹതയില്ല. അതിനാൽ അടുത്ത ഇൻക്രിമെന്റ് ഒരു വർഷം പൂർത്തിയാകുന്ന മാസത്തിന്റെ 1ാം തിയ്യതി മാത്രമാണ് ലഭിക്കേണ്ടത്.

01.03.2023 - Rs 36500, 01.03.2024 - Rs 37400

എന്നാൽ സേവനപുസ്തകം പേജ് നമ്പർ- 28 പ്രകാരം സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്നുള്ള ഇൻക്രിമെന്റുകൾ 01.01.2023 (Rs.36500), 01.01.2024-(Rs.37400) എന്നിങ്ങനെയാണ് ശമ്പളം നൽകിയിരിക്കുന്നത്. അതിനാൽ 01.01.2023, 01.01.2024 എന്നീ തിയ്യതികളിൽ തെറ്റായി അനുവദിച്ച ഇൻക്രിമെന്റുകൾ ക്രമീകരിക്കേണ്ടതാണ്. 01.01.2023 മുതൽ 28.02.2023 വരെയും 01.01.2024 മുതൽ 29.02.2024 വരെയും അധികം നൽകിയ ശമ്പളം തിരികെ ഈടാക്കേണ്ടതാണ്.

**2. ശ്രീ. പ്രണവൻ പി.ആർ, ( ക്ലാർക്ക്).**

സേവനപുസ്തകം പേജ് നമ്പർ-39 പ്രകാരം 01.05.2018 ന് 17000-37500 എന്ന ശമ്പള സ്കെയിലിൽ Ratio Based Higher Grade അനുവദിച്ചിട്ടുണ്ട്. അതുപ്രകാരം 01.05.2018 ന് ലഭിക്കാവുന്ന Fixation പ്രയോജനപ്പെടുത്താതെ 25.11.2018-ലെ Fixation Benefit മാത്രമാണ് അനുവദിച്ചിട്ടുള്ളത്. 01.07.2019-ലെ ശമ്പള നിർണ്ണയം ശരിയാണ്. 03.08.2019 ന് ക്ലാർക്ക് തസ്തികയിൽ Revised Scale-ൽ ശമ്പളം നിർണ്ണയിച്ചത് സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

**3. ശ്രീ. സീതാരാമ കെ. (ഫുൾടൈം സ്വീപ്പർ).**

16.06.2017ന് 8 വർഷത്തെ TBHG അനുവദിച്ചതുപ്രകാരമുള്ള ശമ്പള നിർണ്ണയത്തിൽ അപാകതയുണ്ട്. 16.06.2017-ലെ അടിസ്ഥാന ശമ്പളം 21100/- ആണ്. സേവനപുസ്തകം പേജ് നമ്പർ 36 പ്രകാരം 16.06.2017-ലെ അടിസ്ഥാന ശമ്പളം 21650 ആണ്. അതിനാൽ 16.06.2017- മുതൽ ശമ്പളം പുനർ നിർണ്ണയിക്കേണ്ടതാണ്. 16.06.2017 മുതൽ അധികം നൽകിയ ശമ്പളം തിരികെ ഈടാക്കേണ്ടതാണ്. സേവനപുസ്തകം പേജ് നമ്പർ 39 പ്രകാരം 10425/- രൂപ തിരിച്ചടച്ചതിന്റെ വിശദാംശം സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

**4. ശ്രീ.സന്ദീപ് കെ. (ഡ്രൈവർ, സീനിയർ ഗ്രേഡ്).**

ഡ്രൈവർ സീനിയർ ഗ്രേഡായി 01.04.2016 ന് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് ശമ്പളം 22200/-രൂപയായി (Scale Of Pay 22200-48000) നിർണ്ണയിച്ചത് ശരിയാണ്. എന്നാൽ അടുത്ത ഇൻക്രിമെന്റ് തിയ്യതി Govt.Letter No.93848/R1/87/ Fin/Date: 14.06.1988 പ്രകാരം 01.04.2017 ആണ്. ഇൻക്രിമെന്റ് 01.04.2017 ന് അനുവദിക്കേണ്ടതിനു പകരം 01.07.2016 ന് തെറ്റായി അനുവദിച്ചതിനാൽ തുടർന്നുള്ള ശമ്പള നിർണ്ണയത്തിൽ അപാകതയുണ്ട്. അതിനാൽ 01.07.2016 മുതൽ ശമ്പളം ക്രമപ്പെടുത്തേണ്ടതും അന്നുമുതൽ അധികം നൽകിയ ശമ്പളം തിരികെ ഈടാക്കേണ്ടതുമാണ്.

**5. ശ്രീ.കെ.വി. കൃഷ്ണൻ- പാർട്ട് ടൈം പൗണ്ട് കീപ്പർ.**

സേവനത്തിൽ 8 വർഷം പൂർത്തീകരിച്ച 16.9.2012-ന് ഒരു അഡീഷണൽ ഇൻക്രിമെന്റ് അനുവദിക്കാവുന്നതാണ്. 16.9.2012-ന് മുമ്പുള്ള ഇൻക്രിമെന്റ് തിയ്യതി 01.07.2012 ആയതിനാൽ അടുത്ത

വാർഷിക ഇൻക്രിമെന്റിന് 01.07.2013-നാണ് അർഹത.എന്നാൽ തുടർന്ന് 01.07.2013, 01.07.2014 എന്നിങ്ങനെ ഇൻക്രിമെന്റ് അനുവദിക്കാതെ 01.9.2013 നും 01.9.2014 നും ഇൻക്രിമെന്റ് തെറ്റായി അനുവദിച്ചിട്ടുണ്ട്. 01.7.2014-ന് ഇൻക്രിമെന്റ് അനുവദിക്കാതെ 01.9.2014-ന് ഇൻക്രിമെന്റ് അനുവദിച്ചതിനാൽ ജി.ഒ.പി.നമ്പർ : 7/2016/ഫിൻ /തിയ്യതി : 20.1.2016 പ്രകാരമുള്ള ശമ്പള നിർണ്ണയത്തിൽ അപാകതയുണ്ട്. 1.7.2014- ലെ ശമ്പള നിർണ്ണയത്തിന് അടിസ്ഥാന ശമ്പളമായി കണക്കാക്കേണ്ടത് 5520 രൂപയാണ്. അതിനാൽ 1.7.2014 മുതൽ ശമ്പളം പുനർ നിർണ്ണയിക്കേണ്ടതും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം നേടേണ്ടതുമാണ്.

**6. ശ്രീമതി. വിനയബിന്ദു ഇ.സി. സീനിയർ ക്ലാർക്ക്.**

31.07.2017-ന് സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് Rule 28A, Part I KSR പ്രകാരം ശമ്പള നിർണ്ണയം നടത്തുമ്പോൾ 2 ഇൻക്രമെന്റ് ബെനിഫിറ്റ് മാത്രമാണ് ലഭിക്കുന്നത്. അതിനാൽ 01.12.2017ന് റീഫിക്സേഷൻ ബെനിഫിറ്റിന് അർഹതയുണ്ട്. സേവനപുസ്തകം പ്രകാരം 01.12.2017ന് അർഹമായ ഇൻക്രിമെന്റ് 01.07.2018 നാണ് നൽകിയത്. ഇതുമൂലം തുടർന്നുള്ള ശമ്പള നിർണ്ണയത്തിൽ അപാകതയുണ്ട്.

മേൽ വിവരിച്ച അപാകതകൾ പരിഹരിച്ചിട്ടുണ്ടെങ്കിൽ തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കുന്നതിന് വേണ്ടി നല്കിയ ഓഡിറ്റ് അന്വേഷണത്തിനും മറുപടി നല്കിയിട്ടില്ല. മേൽ ജീവനക്കാരടെ സർവ്വീസ് സംബന്ധിച്ച സേവന-വേതനങ്ങളിലെ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റ് പരിശോധനയ്ക്ക് അതാത് ജീവനക്കാരുടെ സേവനപുസ്തകം സഹിതം ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.15/തീ.19.07.2025).

**1-15 ഫെസ്റ്റിവെൽ അഡ്വാൻസ് യഥാ സമയം ക്രമീകരിച്ചിട്ടില്ല.**

ഗ്രാമപഞ്ചായത്തിൽ നിന്നും ഫെസ്റ്റിവൽ അഡ്വാൻസ് കൈപ്പറ്റിയ താഴെ പറയുന്ന ജീവനക്കാരിൽ നിന്ന് നാളിതുവരെ ആയത് തിരികെ ഈടാക്കി മുൻകൂർ നല്കിയ തുക ക്രമീകരിച്ചിട്ടില്ല.

| പേര്/തസ്തിക | തിരികെ അടവാക്കാനുള്ള തുക | തുക നൽകിയ ചെക്ക് നം. |
|---|---|---|
| ശ്രീ റെജിമോൻ,അസി.സെക്രട്ടറി | 20,000/- രൂപ | Ch.No.36161 Dt.10.09.2024 |
| ശ്രീ രാമകൃഷ്ണൻ കെ, ക്ലാർക്ക് | 2,000/-രൂപ | Ch.No.36161 Dt.10.09.2024 |

ഓരോ ജീവനക്കാർക്കും അനുവദിച്ച തുകയുടെയും അവരിൽ നിന്നും തിരികെ ഈടാക്കിയ തുകയുടെയും വിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ പ്രത്യേകമായി കാണിക്കാത്തതിനാൽ ഓരോ ജീവനക്കാർക്കും അനുവദിച്ച തുകയുടെയും തിരിച്ചടവിന്റയും കൃത്യമായ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് എൻക്വയറി നം.30/തീ.21.07.2025) മറുപടി നൽകിയിട്ടില്ല. ഫെസ്റ്റിവൽ അഡ്വാൻസ് കൈപ്പറ്റിയ തുക 2024-25 സാമ്പത്തിക വർഷം തന്നെ തിരിച്ചടക്കേണ്ടതായിരുന്നുവെങ്കിലും ആയത് അടവാക്കിയിട്ടില്ല. മേൽ തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. ഫെസ്റ്റിവെൽ അഡ്വാൻസ് അനുവദിക്കുമ്പോൾ ജീവനക്കാരുടെ പേര്, അനുവദിച്ച തുക, തിരിച്ചടവ് വിവരങ്ങൾ എന്നിവ അഡ്വാൻസ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തൻ ശ്രദ്ധിക്കേണ്ടതാണ്.

**1-16 തനത് ഫണ്ട്-ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.**

പഞ്ചായത്ത് സെക്രട്ടറി തനത് ഫണ്ടിൽ നിന്നും 2024-25 വർഷം ചെലവഴിച്ച താഴെ പറയുന്ന തുകകളുടെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| സീ.നം | ചെലവ് വിവരം | വൗച്ചർ/ ബിൽനമ്പർ/ തീയതി | | നല്കിയ തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|---|
| 1 | പൾസ്പോളിയോ ഇമ്മ്യുണൈസേഷൻ പ്രോഗ്രാം | 42400702 | 05-12-2024 | 10,000 | തുക കൈപ്പറ്റിയതിന്റെ രശീതി |
| 2 | ശിശുക്ഷേമ വക്കുപ്പിൽ നിന്നുള്ള സ്റ്റാമ്പിന്റെ തുക | 42400744 | 17-12-2024 | 15,000 | |
| 3 | സംഭാവന- തദ്ദേശ ദിനാഘോഷം | 42400958 | 03-02-2025 | 30,000 | |

| | | | | |
|---|---|---|---|---|
| 4 | വി കെയർ പദ്ധതി | 42400993 | 11-02-2025 | 200,000 |
| 5 | സെപക്താക്രോ അന്താരാഷ്ട്ര ഗെയിംസിനുള്ള സംഭാവന | 42401024 | 20-02-2025 | 10,000 |
| 6 | സംഭാവന-കേരള ഫെഡറേഷൻ ഓഫ്ദിബ്ലൈൻഡിനുള്ളസംഭാവന | 42401030 | 23-02-2025 | 5,000 |
| | | | ആകെ | 2,70,000 |

രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ILGMS സോഫ്റ്റ്‌വെയറിൽ ഫയലുകൾ പരിശോധിച്ചപ്പോഴും അതാതു ചെലവുകളുടെ തുക കൈപ്പറ്റിയതിന്റെ രശീതി ഉള്ളടക്കം ചെയ്തിട്ടില്ല. ആയതിനാൽ രേഖകൾ ഹാജരാക്കുന്നത് വരെ 2,70,000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.
ഓഡിറ്റ് എൻക്വയറി നം.16/19.07.2025.

**1-17 മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - കൃത്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.**

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തിൽ 2024-25 വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ Electricity Charges For Streetlights (Head Code 230100101) എന്ന ലെഡ്ജർ പ്രകാരം 22,58,486 രൂപ കെ.എസ്.ഇ.ബി ഉദുമ, ചട്ടഞ്ചാൽ എന്നീ ഇലക്ട്രിക്കൽ സെക്ഷനിലായി അടവാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ ഹൈമാസ്റ്റ് ലൈറ്റുൾപ്പെടെയുള്ള എല്ലാ തെരുവു വിളക്കുകളുടെയും വൈദ്യുതി ചാർജ്ജാണ് മേൽ തുകയിൽ ഉൾപ്പെട്ടിട്ടുള്ളത്. മാർച്ച് മാസത്തെ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിന്റെ ഡിമാന്റ് പ്രകാരം ഉദുമ ഇലക്ട്രിക്കൽ സെക്ഷനിൽ തെരുവ് വിളക്കുകൾക്ക് 138 കൺസ്യൂമർ നമ്പറുകളും ചട്ടഞ്ചാൽ ഇലക്ട്രിക്കൽ സെക്ഷനിൽ തെരുവ് വിളക്കുകൾക്ക് 11 കൺസ്യൂമർ നമ്പറുകളും ഉണ്ട്. ഇതിൽ ഉദുമ ഇലക്ട്രിക്കൽ സെക്ഷനിലെ കൺസ്യൂമർ നം. 1166929000079 പ്രകാരമുള്ള തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ മാർച്ച് മാസം മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താത്ത കൺസ്യൂമർ നം. 1166929000079 പ്രകാരമുള്ള തെരുവ് വിളക്കുകൾക്ക് മാത്രം 1,01,857 രൂപ കെ എസ് ഇ ബിയിലേക്ക് അടവാക്കിയിട്ടുണ്ട്. മേൽ തെരുവ് വിളക്കുകൾ മീറ്ററിംഗ് സമ്പ്രദായത്തിലേക്ക് മാറ്റിയിട്ടില്ലാത്തതിനാൽ തെരുവ് വിളക്കുകൾ 12 മണിക്കൂർ പ്രകാശിക്കുന്നതായി കണക്കാക്കിയാണ് വൈദ്യുതി ചാർജ്ജ് ഈടാക്കിയിട്ടുള്ളത്. 2024-25 വർഷത്തിൽ തെരുവു വിളക്കുകളുടെ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടുമില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 07-07-2010 ലെ 43742/ഡി.സി.3/2010 സർക്കുലർ പ്രകാരം തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്പോഴും തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിലെ ഭൂരിഭാഗവും മീറ്ററിംഗ് ഏർപ്പെടുത്താത്ത തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിലാണ് അടവാക്കുന്നത്. ആയതിനാൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവു വിളക്കുകളും മീറ്ററിംഗ് സമ്പ്രദായത്തിലേക്ക് മാറ്റേണ്ടതും കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ എണ്ണവും തരവും കൃത്യമാക്കേണ്ടതും യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് മാത്രം അടവാക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. കൺസ്യൂമർ നം. 1166929000079 പ്രകാരമുള്ള തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-18 വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ്-നിർവ്വഹണത്തിൽ അപാകത**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,ഫാമിലി ഹെൽത്ത് സെന്റർ ഉദുമ |
| പ്രോജക്ട് നം. | 32/25 |
| ഫണ്ട് | വികസന ഫണ്ട് -പൊതുവിഭാഗം |
| അടങ്കൽ | 4,00,000 |
| ചെലവ് | 3,99,889 |
| ബിൽ നം./തീയതി | 1)242007520101019163/12-12-2024 2,00,994/- |

| |
|---|
| 2)24200752010101471062/07-03-2025 1,98,895/- |

എല്ലാ വിഭാഗം വനിതകൾക്കും 100% സബ്സിഡിയിൽ മെൻസ്ട്രുവൽ കപ്പ് വാങ്ങി നല്കാമെന്നും പുനരുപയോഗിക്കാവുന്നതും ദീർഘകാലം പാർശ്വഫലങ്ങളില്ലാതെ ഉപയോഗിക്കാവുന്നതുമായ ഈ സംവിധാനം പ്രോത്സാഹിപ്പിക്കണമെന്നും സബ്സിഡി മാർഗരേഖയിൽ പറയുന്നു. മേൽ കാണിച്ച പ്രകാരം ഈ പദ്ധതിക്ക് 3,99,889 രൂപ ചെലവഴിച്ചിട്ടുണ്ട്. HLL Life Care Ltd നിന്നാണ് മെൻസ്ട്രുവൽ കപ്പ് വാങ്ങിയിരിക്കുന്നത്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1)ഈ പദ്ധതിയുടെ വിശ്വാസ്യതയ്ക്കും സംശയ നിവാരണത്തിനും യു.പി.എച്ച്.സി/എഫ്.എച്ച്.സി/പി.എച്ച്.സി/സി.എച്ച്.സി ഡോക്ടറുടെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടി നടത്തണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

2)മെൻസ്ട്രുവൽ കപ്പ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത വിവരം ഫയലിൽ ലഭ്യമല്ല.

3)മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്, മറുപടി നല്കിയിട്ടില്ല. മേൽ വിവരങ്ങൾ പൂർണ്ണമായും ലഭ്യമാവുന്നതു വരെ ചെലവു തുകയായ 3,99,889 രൂപ തടസ്സത്തിൽ വെയ്ക്കുന്നു. ഓഡിറ്റ് എൻക്വയറി നം.18/ 19.07.2025.

**<u>1-19 ഡയാലിസിസ് രോഗികൾക്ക് മരുന്ന്-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു.</u>**

| | |
|---|---|
| പദ്ധതിയുടെ പേര് | ഡയാലിസിസ് രോഗികൾക്ക് മരുന്ന് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ |
| പ്രോജക്ട് നം | 24/25 |
| അടങ്കൽ | 14,00,000 |
| ചെലവ് | 14,00,000 |
| ബിൽ നം. | 1)24200752010100397846/11-7-2024, തുക-6,00,000/-<br>2)24200752010100700996/25-9-2024, തുക-1,62,624/-<br>3)24200752010100862159/5-11-2024, തുക-21,530/-<br>4)24200752010101046198/5-11-2024, തുക-3,42,288/-<br>4)24200752010101046198/5-11-2024, തുക-2,73,558/. |

സ.ഉ.(കൈ) നം.115/2022/തസ്വഭവ തീയതി 28-05-2022 ഖണ്ഡിക 7.6.7 പ്രകാരം വരുമാനപരിധിക്ക് വിധേയമായി എല്ലാവിഭാഗം വൃക്കരോഗികൾക്കും ഡയാലിസിസ് നടത്തുന്നതിനുള്ള സഹായം (ആഴ്ചയിൽ 1000 രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4000 രൂപ) ബന്ധപ്പെട്ട ആശുപത്രിക്ക് (സർക്കാർ,സ്വകാര്യ ആശുപത്രി) നല്കാവുന്നതാണെന്ന് പറയുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഡയാലിസിസ് ചെയ്യുന്നതിനുള്ള കിറ്റ് വിതരണം ചെയ്തതിന് നടക്കുതാഴെ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന് തുക നല്കിയതായാണ് കാണുന്നത്. മേൽ അപാകതയ്ക്ക് വിശദീകരണം നല്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതിനാൽ ആയതിൽ നിന്നും മാറ്റം വരുത്തി പദ്ധതി നടപ്പിലാക്കണമെങ്കിൽ സർക്കാരിൽ നിന്നും മുൻകൂർ അനുമതി നേടേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിൽ അനുമതി വാങ്ങിയിട്ടില്ല. ഡയാലിസിസ് നടത്തുന്നതിനുള്ള സഹായം ബന്ധപ്പെട്ട ആശുപത്രിക്ക് നൽകാതെ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ചതിനാൽ ചെലവു തുകയായ 14,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി നം.17/ 19.07.2025.

**<u>1-20 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ -തുക മുൻകൂറായി നൽകിയിട്ടും മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല</u>**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്ട് നമ്പർ | 22/2024-25 |
| പ്രൊജക്ട് | ഹോമിയോ ആശുപത്രിക്ക് |

| | |
|---|---|
| | മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | 3,00,000/-രൂപ |
| ചെലവ് തുക | 3,00,000/-രൂപ |
| ബിൽ റഫറൻസ് നമ്പർ/ തിയ്യതി | 24200752010600726307<br>തിയ്യതി : 30.09.2024 |
| ഫണ്ട് ഇനം | മെയിന്റനൻസ് ഫണ്ട് ( നോൺ റോഡ്) |

| സ്ഥാപനം | അക്കൗണ്ട് നമ്പർ | തുക |
|---|---|---|
| Kerala State Homoepathec Co-Operative Pharmacy Ltd. Pathirappalli, Alappuzha (PO) | 34306403911 | 3,00,000രൂപ |

2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ വാങ്ങുന്നതിനായി മേൽ ബിൽ പ്രകാരം കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി ലിമിറ്റഡ് ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ (ഹോംക്കോ) അക്കൗണ്ടിലേക്ക് 3,00,000/-രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. (അക്കൗണ്ട് നമ്പർ-34306403911) എന്നാൽ 01-07-2025തീയ്യതിയിലെ ഇൻവോയ്സ് നം.LF-575 പ്രകാരം 1,73,767/-രൂപയുടെ മരുന്നുകൾ മാത്രമേ സ്ഥാപനത്തിന് ലഭിച്ചിട്ടുള്ളു.(3,00,000 – 1,73,767) ബാക്കി 1,26,233/-രൂപയുടെ മരുന്നുകൾ ഡിസ്പെൻസറിയിലേക്ക് വിതരണം ചെയ്തിട്ടില്ല. പ്രസ്തുത തുകയുടെ മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകളുടെ ഇൻവോയ്സ് രേഖകളും മരുന്ന് സ്റ്റോക്കിൽ എടുത്തതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. അതു വരെ ചെലവു തുകയായ 1,26,233/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. 11/17.07.2025

## 1-21 കാർഷിക മേഖല -പദ്ധതി നിർവഹണം പൊതു നിർദേശങ്ങൾ .

കാർഷിക മേഖലയിൽ പഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ നിർവഹണം പരിശോധിച്ചതു പ്രകാരമുള്ള അപാകതകൾ താഴെ ചേർക്കുന്നു. വ്യക്തിഗത അപേക്ഷകളിൽ വർക്കിങ്ങ് ഗ്രൂപ്പ് കൺവീനർ/ചെയർമാൻ/ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. നടീൽ, കൊയ്ത്ത്/വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല. വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിക്കുന്ന പദ്ധതികളിൽ സ്ഥല പരിശോധന, കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, ഏതെല്ലാം കൃഷികളാണ് ചെയ്തിട്ടുള്ളത് തുടങ്ങിയ വസ്തുതകൾ ഉത്തരവാദിയായ കൃഷി ഓഫീസറോ / കൃഷി അസിസ്റ്റന്റോ സാക്ഷ്യപ്പെടുത്തിട്ടില്ല.

**പൊതു നിർദേശങ്ങൾ**

1. വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിക്കുന്ന പദ്ധതികളിൽ സ്ഥല പരിശോധന, കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, ഏതെല്ലാം കൃഷികളാണ് ചെയ്തിട്ടുള്ളത് തുടങ്ങിയ വസ്തുതകൾ ഉത്തരവാദിയായ കൃഷി ഓഫീസറോ / കൃഷി അസിസ്റ്റന്റോ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2) വ്യക്തിഗത അപേക്ഷകളിൽ വർക്കിങ്ങ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

3) നടീൽ, കൊയ്ത്ത്/വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നത് ഉറപ്പ് വരുത്താൻ പദ്ധതി നിർവ്വഹണത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ലൈഫ് ഭവന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാത്തവരുടെ പട്ടിക

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ലൈഫ് (മൂന്നാം ഘട്ടം) ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം, 2 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താക്കളുടെ പേര് | യൂണിറ്റ് കോസ്റ്റ് | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | മധു എൻ. വി S/O ബാബു (Late) നാലാം വാതുക്കൽ | 4,00,000 | 2,00,000 | ലിന്റിൽ വർക്ക് പൂർത്തീകരിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| 2 | മധു വി S/O അമ്പു ആചാരി (Late) | 4,00,000 | 2,00,000 | ലിന്റിൽ വർക്ക് പൂർത്തീകരിച്ചിട്ടില്ല |

തുക കൈപ്പറ്റി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-23 അഡ്വാൻസ് തുക കൈപ്പറ്റി ഒരു വർഷമായിട്ടും ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല</u>**

<u>നിർവ്വഹണ ഉദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ</u>

2024-25, സാമ്പത്തിക വർഷത്തിൽ, വി.ഇ.ഒ ( ഉദുമ സർക്കിൾ), ലൈഫ് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് നല്കിയ തുകയുടെ വിവരം താഴെ ചേർക്കുന്നു .

| | |
|---|---|
| പ്രൊജക്ട് | 44/2024-25 ലൈഫ് ഭവന നിർമ്മാണ പദ്ധതി ,എസ്.സി. |
| ഫണ്ട് ഇനം | എസ്.സി.പി .ഫണ്ട് |
| ബിൽ റഫറൻസ് നമ്പർ , തിയ്യതി | 24200752010300284439/15.6.2024 |
| ചെലവ് തുക | 2,00,000 |
| A/ C : NO | 40469101004720 |

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ലൈഫ് (മൂന്നാം ഘട്ടം) ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ, സുലോചന എം ആറാട്ടുകടവ് എന്ന ഗുണഭോക്താവ് ഭവന നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. പ്രൊജക്ട് നമ്പർ 44/2024-25 പ്രകാരം 15.06.2024- ന് ഗുണഭോക്താവ് ഭവന നിർമ്മാണത്തിന് കരാർ വെച്ചതു പ്രകാരം 40,000 രൂപ അഡ്വാൻസായി ( A/C NO: 40469101004720 ) കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താവ് ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭവന നിർമ്മാണ പ്രവൃത്തി ആരംഭിച്ചില്ലെങ്കിൽ കൈപ്പറ്റിയ തുക തിരിച്ചടപ്പിക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-24 പയർ വിത്ത് വിതരണം -പദ്ധതി നടപ്പിലാക്കിയത്-സംബന്ധിച്ച് .</u>**

<u>നിർവ്വഹണ ഉദ്യോഗസ്ഥനൻ : കൃഷി ഓഫീസർ</u>

2024-25, സാമ്പത്തിക വർഷത്തിൽ, നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ, പയർ വിത്ത് വിതരണം പദ്ധതി നടപ്പിലാക്കുന്നതിന് നല്കിയ തുകയുടെ വിശദ വിവരം താഴെ ചേർക്കുന്നു

| | |
|---|---|
| പ്രൊജക്ട് നമ്പർ,പ്രൊജക്ട് | 35/2024-25,പയർ വിത്ത് വിതരണം |
| അടങ്കൽ തുക | 56,000 രൂപ |
| ചെലവ് തുക | 56,000 രൂപ |
| ഫണ്ട് ഇനം | വികസന ഫണ്ട് (ജനറൽ ) |
| ബിൽ നമ്പർ/ തിയ്യതി/ തുക | 9/2024-25 / തിയ്യതി:17.12.2024/56,000 രൂപ |

ഗ്രാമ പഞ്ചായത്തിന്റെ 8 പാടശേഖരങ്ങളിൽപ്പെട്ട കർഷകർക്ക് , രണ്ടാംവിള നെൽകൃഷി ചെയ്യാത്ത സ്ഥലങ്ങളിൽ ചെറുപയർ / വൻപയർ വിത്ത് എന്നിവ കൃഷി ചെയ്യുന്നതിന് 400 കിലോ ചെറുപയർ / വൻപയർ വിത്ത് സൗജന്യമായി നൽകുന്നതാണ് പദ്ധതി. പദ്ധതി നടപ്പിലാക്കുന്നതിനായി കാസറഗോഡ് ബ്ലോക്ക് കൃഷിശ്രി സെന്റർ, ചെങ്കളയിൽ നിന്നും യൂണിറ്റിന് 140 രൂപ നിരക്കിൽ 400 കിലോഗ്രാം വാങ്ങിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ 8 പാടശേഖരങ്ങളിൽപ്പെട്ട ഗുണഭോക്താക്കളായ കർഷകരിൽ പയർ വിത്ത് വിതയ്ക്കുന്നതിനുള്ള സൗകര്യമുള്ള 7 പാടശേഖര സമിതി വിത്ത് കൈപ്പറ്റിയിട്ടുമുണ്ട് . 8 പാടശേഖരങ്ങളിൽ 7 പാടശേഖര സമിതി മാത്രമാണ് വിത്ത് കൈപ്പറ്റിയിട്ടുള്ളത്. അതിനാൽ ഗ്രാമ പഞ്ചായത്തിലെ ഏതൊക്കെ പാടശേഖര സമിതിക്കാണ്, വിത്ത് സൗജന്യമായി നൽകേണ്ടതെന്ന് വിശദമാക്കുന്ന, ഗ്രാമ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃപ്പട്ടിക പരിശോധനയ്ക് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃ പട്ടിക ഓഡിറ്റിന് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ:13/2024-25,തിയ്യതി.19.7.2025.) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ഭരണസമിതി അംഗീകരിച്ച പാടശേഖര സമിതികളുടെ ഗുണഭോക്തൃപ്പട്ടിക പരിശോധനയ്ക് ലഭ്യമാക്കിയിട്ടില്ല. അതിനാൽ ഗുണഭോക്തൃപ്പട്ടിക പരിശോധനയ്ക് ലഭ്യമാക്കുന്നതു വരെ ചെലവ് തുകയായ 56,000 രൂപ തടസ്സപ്പെടുത്തുന്നു.

**1-25 ജീ ബിൻ കമ്പോസ്റ്റിംഗ് യൂണിറ്റ് പദ്ധതി- കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,( ഉദുമ സർക്കിൾ ),
2024-25, സാമ്പത്തിക വർഷത്തിൽ, നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഉദുമ സർക്കിൾ), ജീ ബിൻ കമ്പോസ്റ്റിംഗ് യൂണിറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് നല്കിയ തുകയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 55/2024-25 ജീ ബിൻ കമ്പോസ്റ്റിംഗ് യൂണിറ്റ് |
| അടങ്കൽ തുക | 7,65,000 രൂപ |
| ചെലവ് തുക | 5,44,425രൂപ |
| ഫണ്ട് ഇനം | ധനകാര്യ കമ്മീഷൻ അവാർഡ് |
| വൗച്ചർ നമ്പർ/ തിയ്യതി | തുക |
| (1) 109/202425 തിയ്യതി:25.3.2025 | 3,27,250രൂപ |
| (2)118/2024-25 തിയ്യതി: 26.3.2025 | 2,17,175രൂപ |
| ആകെ | 5,44,425രൂപ |

ഗ്രാമ പഞ്ചായത്തിലെ 200 കുടുംബങ്ങൾക്ക് ജീ ബിൻ കമ്പോസ്റ്റിംഗ് യൂണിറ്റ് വാങ്ങി നൽകി ഖരമാലിന്യ സംസ്കരണം ഉറപ്പു വരുത്തുന്നതിനാണ് പദ്ധതി . ഒരു യൂണിറ്റിന് 4250/- രൂപ നിരക്കിൽ ആകെ 200 കുടുംബങ്ങൾക്ക് ഉറവിട ജൈവമാലിന്യ സംസ്കരണം ഉറപ്പ് വരുത്തുക എന്നതാണ് ലക്ഷ്യം . സർക്കാർ ഏജൻസിയായ കാഞ്ഞങ്ങാട് റെയ്ഡ്കോയിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത് . 150 കുടുംബങ്ങൾക്ക് ജീ ബിൻ കമ്പോസ്റ്റിംഗ് യൂണിറ്റുകൾ വിതരണം ചെയ്തിട്ടുള്ളതായി സാക്ഷ്യ പത്രം ഫയലിൽ സൂക്ഷിട്ടുണ്ട് . എന്നാൽ ജീ ബിൻ കമ്പോസ്റ്റിംഗ് യൂണിറ്റുകൾ ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി (ഓഡിറ്റ് എൻക്വയറി നമ്പർ.12 /2024-25 തിയ്യതി : 19.7.2025.) ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പ്രകാരം ജീ ബിൻ കമ്പോസ്റ്റിംഗ് യൂണിറ്റുകൾ കാഞ്ഞങ്ങാട് റെയ്ഡ്കോയിൽ നിന്നും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്നും ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകൾ ജിയോടാഗ് ചെയ്ത് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്.അതിനാൽ ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ ചെലവ് തുകയായ 5,44,425 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-26 പഠനമുറി നിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.**

| | |
|---|---|
| പ്രോജക്ട് നം. | SO182/25 |
| പ്രോജക്ടിന്റെ പേര് | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | വികസന ഫണ്ട് - എസ്.സി.പി- 37,153<br>തനത് ഫണ്ട് - 3,00,000 |
| ചെലവ് തുക | 37,153/-രൂപ |
| ബിൽ റഫറൻസ് നമ്പർ, തീയതി | 24200752009800205564 തീയ്യതി.16.05.2024 Rs.37,153/- |

2022-23 വർഷത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനായി രൂപീകരിച്ച 281/23 നമ്പർ പദ്ധതിക്ക് വേണ്ടി വികസനഫണ്ട് (എസ് സി പി) യിൽ നിന്നും 2,00,000/- രൂപയും തനത് ഫണ്ടിൽ നിന്നും 3,00,000/- രൂപയും വകയിരുത്തിയിരുന്നു. തുടർന്ന് 26.12.2022 ലെ 3/4 നമ്പർ തീരുമാന പ്രകാരം നാല് പേരുടെ ഗുണഭോക്തൃ പട്ടിക അംഗീകരിച്ചിരുന്നു. സ്പിൽഓവറായി തുടരുന്ന ഈ പദ്ധതിക്കായി(SO182/25) തൻവർഷം 37,153 /-രൂപ അംഷിത് രവി.ആർ എന്ന വിദ്യാർത്ഥിക്ക് തുക നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സൂരജ്.ആർ എന്ന വിദ്യാർത്ഥിയുടെ പഠനമുറി നിർമ്മാണം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് നാളിതുവരെയായി അനുവദിച്ച ധനസഹായത്തിന്റെ വിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ നൽകിയ തുക |
|---|---|---|
| 1 | അനക്ഷ എസ്, D/O സതീശൻ എസ് & | 65,009/15.03.2023 |

| | | |
|---|---|---|
| | വനിത എം<br>മേൽബാര, മൈലാട്ടി പി ഒ (വാർഡ് നം.V) | 50,000/12.01.2023 |
| | **ആകെ** | **1,15,009** |
| 2 | സൂരജ് ആർ, S/O രാജു എം,<br>നാലാം വാതുക്കൽ കോളനി,ബാര പി ഒ | 84,991/18.11.2023<br>65,009/15.03.2023<br>50,000/12.01.2023 |
| | **ആകെ** | **2,00,000** |
| 3 | അംഷിത് രവി.ആർ, S/O രവി എം,<br>മേൽബാര , മൈലാട്ടി പി ഒ (വാർഡ് നം.V) | 50,000/12.01.2023<br>37,153/24.03.2024 |
| | **ആകെ** | **87,153** |
| 4 | സിദിൻ റാം, S/O സുകുമാരൻ ആർ,<br>മേൽബാര,മൈലാട്ടി പി ഒ<br>(വാർഡ് നം.V) | 50,000/12.01.2023<br>47,838/30.03.2023 |
| | **ആകെ** | **97,838** |

മുൻകൂർ തുക നൽകിയിട്ട് രണ്ട് വർഷത്തോളമായിട്ടും ക്രമ നം. 02 ഒഴികെയുള്ള ഗുണഭോക്താക്കൾ ആരും തന്നെ നാളിതുവരെയായി പഠനമുറി പൂർത്തീകരിക്കാത്തതായി പദ്ധതിയുടെ ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. 28.05.2022 ലെ സ ഉ (കൈ) നം.115/2022/തസ്വഭവ ഉത്തരവ് പ്രകാരം പഠനമുറി നിർമ്മാണത്തിനായുള്ള ആകെ ധനസഹായ തുകയായ രണ്ട് ലക്ഷം രൂപയിൽ 50,000 രൂപ മുൻകൂറായി നൽകാൻ അനുമതി നൽകിയിട്ടുണ്ട്. തുടർന്നുള്ള ധനസഹായം അസി.എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 75,000/-രൂപ വീതമുള്ള രണ്ട് ഗഡുക്കളായി നൽകാവുന്നതാണെന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ മേൽപട്ടികയിലെ ക്രമ നം.01, 03, 04 എന്നീ ഗുണഭോക്താക്കൾക്ക് മുൻകൂർ തുക നൽകിയിട്ടും നാളിതുവരെയായും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. മേൽപട്ടികയിലെ അവശേഷിക്കുന്ന മൂന്ന് ഗുണഭോക്താക്കളുടെ പഠനമുറിയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.(ഓഡിറ്റ് എൻകയറി നം.25. തീയ്യതി.19.07.2025)

**1-27 ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ഗ്രന്ഥശാലകൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ പദ്ധതി - അപാകതകൾ**

| | |
|---|---|
| പ്രോജക്ട് നം. | SO162/25 |
| പ്രോജക്ടിന്റെ പേര് | ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ഗ്രന്ഥശാലകൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| അടങ്കൽ | തനത് ഫണ്ട് - 5,00,000/-രൂപ |
| ചെലവ് തുക | 4,88,586/-രൂപ |
| ചെക്ക് നം /തിയ്യതി | 22401343, തീയ്യതി. 27.03.2025 , Rs.4,88,586/- |

ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ഗ്രന്ഥശാലകൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ 7 ഗ്രന്ഥശാലകൾക്ക് ലാപ്പ് ടോപ്പ്, ലാപ്പ്ടോപ്പ് ക്യാരിബാഗ്, മൗസ്, പ്രിന്റർ എന്നിവ വാങ്ങി വിതരണം ചെയ്യുന്ന പദ്ധതിക്കുവേണ്ടി വൺ സീറോ ഇൻഫോ സിസ്റ്റം കാസർഗോഡ് എന്ന സ്ഥാപനത്തിന്റെ 19.03.2025 തീയ്യതിയിലെ ടാക്സ് ഇൻവോയ്സ് നമ്പർ.OZIFS/1763 പ്രകാരം 7 എണ്ണം വീതം ലാപ്പ് ടോപ്പ്, ലാപ്പ്ടോപ്പ് ക്യാരിബാഗ്, മൗസ്, പ്രിന്റർ എന്നിവ വാങ്ങിയിട്ടുണ്ട്. വാങ്ങിയ സാധനങ്ങൾ താഴെ പറയുന്ന ഗ്രന്ഥശാലകൾ കൈപ്പറ്റിയതായി ഗ്രന്ഥശാലകൾ സമർപ്പിച്ച ലെറ്റർപേഡിൽ അറിയിച്ചിട്ടുണ്ട്.

| ക്രമ നം | ഗ്രന്ഥശാലയുടെ പേര് | ഉപകരണങ്ങൾ | എണ്ണം |
|---|---|---|---|
| 1 | മൈത്രി വായനശാല & | ലാപ്പ് ടോപ്പ് | 1 |

| | | | |
|---|---|---|---|
| | ഗ്രന്ഥാലയം പാറക്കടവ്, അംബാപുരം | ലാപ്പ്ടോപ്പ്ക്യാരിബാഗ് | 1 |
| | | മൗസ് | 1 |
| | | പ്രിൻറർ | 1 |
| 2 | അംബികാ വായനശാല & ഗ്രന്ഥാലയം, ഉദുമ പടിഞ്ഞാർ | ലാപ്പ് ടോപ്പ് | 1 |
| | | ലാപ്പ്ടോപ്പ്ക്യാരിബാഗ് | 1 |
| | | മൗസ് | 1 |
| | | പ്രിൻറർ | 1 |
| 3 | സൗഹൃദ വായനശാല & ഗ്രന്ഥാലയം, ബേവൂരി | ലാപ്പ് ടോപ്പ് | 1 |
| | | ലാപ്പ്ടോപ്പ്ക്യാരിബാഗ് | 1 |
| | | മൗസ് | 1 |
| | | പ്രിൻറർ | 1 |
| 4 | റെഡ് വേൾഡ് ലൈബ്രറി കൊപ്പൽ | ലാപ്പ് ടോപ്പ് | 1 |
| | | ലാപ്പ്ടോപ്പ്ക്യാരിബാഗ് | 1 |
| | | മൗസ് | 1 |
| | | പ്രിൻറർ | 1 |
| 5 | അംബിക ലൈബ്രറി പാലക്കുന്ന് | ലാപ്പ് ടോപ്പ് | 1 |
| | | ലാപ്പ്ടോപ്പ്ക്യാരിബാഗ് | 1 |
| | | മൗസ് | 1 |
| | | പ്രിൻറർ | 1 |
| 6 | എൻ.ബി മജീദ് പീപ്പിൾസ് ഗ്രന്ഥാലയം ഉദുമ | ലാപ്പ് ടോപ്പ് | 1 |
| | | ലാപ്പ്ടോപ്പ്ക്യാരിബാഗ് | 1 |
| | | മൗസ് | 1 |
| | | പ്രിൻറർ | 1 |
| 7 | പി.കുഞ്ഞിരാമൻ നായർ ഗ്രന്ഥാലയം & വായനശാല മൊട്ടമ്മൽ | ലാപ്പ് ടോപ്പ് | 1 |
| | | ലാപ്പ്ടോപ്പ്ക്യാരിബാഗ് | 1 |
| | | മൗസ് | 1 |
| | | പ്രിൻറർ | 1 |

പദ്ധതി പ്രകാരം വാങ്ങിയ ഈ ഉപകരണങ്ങൾ 7 ഗ്രന്ഥശാലകൾക്ക് വിതരണം ചെയ്യുകയും ആയത് കൈപ്പറ്റിയതിന്റെ രേഖകളും ഫയലിൽ ലഭ്യമാണ്. എന്നാൽ ഉപകരണങ്ങൾ കൈപ്പറ്റിയ ഈ ഗ്രന്ഥശാലകൾ ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തതിന്റെ അഫിലിയേഷൻ സർട്ടിഫിക്കറ്റിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച അഫിലിയേഷൻ സർട്ടിഫിക്കറ്റും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് മേൽ പറഞ്ഞ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. അതുവരെ 4,88,586/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം.28 തീയ്യതി.21.07.2025)

**1-28 മരാമത്ത് പ്രവൃത്തികളുടെ ചെലവ് പരിശോധന- പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് നീട്ടി നൽകുന്നതിലെ അപാകതകൾ**

2024-25 വർഷം പഞ്ചായത്ത് നടത്തിയ പല പ്രവൃത്തികളിലും കരാർ പ്രകാരമുള്ള സമയത്ത് പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ കരാറുകാർക്ക് പൂർത്തീകരണ കാലയളവ് നീട്ടി നൽകിയിട്ടുണ്ട്. ചില പ്രവൃത്തികളിൽ കരാറുകാരിൽ നിന്നും കേരള പി.ഡബ്ല്യു.ഡി മാന്വൽ, സ്റ്റാന്റേർഡ് ബിഡ്ഡിംഗ് രേഖകൾ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂർത്തീകരണ കാലയളവിനു ശേഷമുള്ള ഓരോ ആഴ്ചകൾക്കും 0.1% എന്ന നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കിയിട്ടുണ്ട്. എന്നാൽ ചില പ്രവൃത്തികളിൽ ഇത് പാലിച്ചിട്ടില്ല. ചില പ്രവൃത്തികളിൽ സമയം നീട്ടി നൽകിയ നടപടികളിൽ അപാകതകൾ കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പ്രോജക്ട്, പ്രവൃത്തിയുടെ | കരാർ നം, | പ്രവൃത്തി | റിമാർക്സ് |
|---|---|---|---|---|

| നം | പേര്, കരാറുകാരൻ, ചെലവ് | കരാർ പ്രകാരമുള്ള പൂർത്തീകരണ കാലയളവ്/ തിയതി | പൂർത്തീകരിച്ച തിയതി | |
|---|---|---|---|---|
| 1 | പ്രോജക്ട്- 308/25<br>പ്രവൃത്തിയുടെ പേര്- പാലക്കുന്ന് മത്സ്യ മാർക്കറ്റ് ആധുനികവൽക്കരണം<br>കരാറുകാരൻ- അബ്ദുൾ റഹിമാൻ.സി.എം<br>ചെലവ് - 4,96,205<br>(പേമെന്റ് വൗച്ചർ 22400675/ 26.11.2024)<br>5,45,225 (പേമെന്റ് വൗച്ചര് 22401399/29.03.2025) | കരാർ നം- AE/ LSGD/ UP/60/2023-24, തിയതി 17.11.2023 കരാർ പ്രകാരമുള്ള പൂർത്തീകരണ കാലയളവ്/ തിയതി- 6 മാസങ്ങൾ (16.05.2024) | 22.02.2025 | പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിന് കരാരുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.<br>16.05.2024 ന് പൂരക കരാർ ചമച്ച് കാലയളവ് 7 മാസം നീട്ടി നൽകിയതായി കാണുന്നു. (17.05.2024 മുതൽ 31.12.2024 വരെ). എന്നാൽ ഈ കരാർ ചമച്ചിരിക്കുന്നത് 03.10.2024 ന് വാങ്ങിയ മുദ്രപ്പത്ര ത്തിലാണ്. ആയതിനാൽ ഈ കരാർ അസാധുവാണ്.<br>വീണ്ടും 12.03.2025 ന് പൂരക കരാർ ചമച്ച് കാലയളവ് 01.01.2025 മുതൽ 15.03.2025 വരെ നീട്ടി നൽകിയതായും കാണുന്നു. പ്രവൃത്തി പൂർത്തീകരണത്തിനു ശേഷമുള്ള കരാർ ആയതിനാൽ ഇതും അംഗീകരിക്കാനാവില്ല. ആയതിനാൽ ഈ പ്രവൃത്തിയിലെ പൂർത്തീകരണ കാലയളവ് നീട്ടി നൽകിയത് ക്രമപ്രകാരമല്ല. |
| 2 | പ്രോജക്ട്- 251/25<br>പ്രവൃത്തിയുടെ പേര്- തല്ലാണി കാലിച്ചാമരം റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ- ഷമീർ.എ<br>ചെലവ് - 3,53,047 (പേമെന്റ് വൗച്ചർ നം.22400766/17.12.2024) | കരാർ നം- AE/ LSGD/ UP/51/2023-24, തിയതി 17.11.2023 കരാർ പ്രകാരമുള്ള പൂർത്തീകരണ കാലയളവ്/ തിയതി- 6 മാസങ്ങൾ (16.05.2024) | 04.11.2024 | പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിന് കരാരുകാരനിൽ നിന്നും പിഴ ഈടാക്കി യിട്ടില്ല.<br>21.11.2024 ന് പൂരക കരാർ ചമച്ച് കാല യളവ് 18.05.2024 മുതൽ 10.11.2024 വരെ നീട്ടിയിട്ടുണ്ട്. പ്രവൃത്തി |

| | | | | |
|---|---|---|---|---|
| | | | | പൂർത്തീകരണത്തിനു ശേഷമുള്ള കരാർ ആയ തിനാൽ ഈ കരാർ അസാധുവാണ്. ആയതിനാൽ ഈ പ്രവ്യത്തിയിലെ പൂർത്തീകരണ കാലയളവ് നീട്ടി നൽകിയത് ക്രമപ്രകാരമല്ല. |
| 3 | പ്രോജക്ട്- 327/25<br>പ്രവ്യത്തിയുടെ പേര്- അമരാവതി അങ്കണവാടി റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ- ബോവാസ് ഏലിയാസ് ചന്ദ്രബോസ്<br>ചെലവ് - 2,22,490 (പേമെന്റ് വൗച്ചർ നം.22401292/19.03.2025) | കരാർ നം- AE/ LSGD/ UP/78/2023-24, തിയതി 19.02.2024<br>കരാർ പ്രകാരമുള്ള പൂർത്തീകരണ കാലയളവ്/ തിയതി- 6 മാസങ്ങൾ (18.08.2024) | 19.02.2025 | പ്രവ്യത്തി പൂർത്തീകരണത്തിലെ കാലതാമസത്തിന് കരാരുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.<br>14.01.2025 ന് പൂരക കരാർ ചമച്ച് കാല യളവ് 19.08.2024 മുതൽ 20.02.2025 വരെ നീട്ടിയിട്ടുണ്ട്. യഥാസമയം കരാർ ചമച്ച് സമയം നീട്ടി നൽകുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കൂടാതെ, കേരള പി.ഡബ്ല്യൂ.ഡി മാനുൽ, സ്റ്റാന്റേഡ് ബിഡ്ഡിംഗ് രേഖകൾ എന്നിവ യിലെ പ്രവ്യത്തി പൂർത്തീകരണം സംബന്ധിച്ച വ്യവ സ്ഥകൾ ജി.ഒ (എം.എസ്)നം. 21/2024/Pwd പ്രകാരം പുതുക്കി യതനുസരിച്ച് പിഴ കൂടാതെ നീട്ടി നൽകാ വുന്ന പൂർത്തീ കരണ സമയം ഒറിജിനൽ സമയത്തിന്റെ പരമാവധി പകുതിയാണ്. എന്നാൽ ഇവിടെ ഒറി ജിനൽ സമയം തന്നെ നീട്ടി നൽകിയിരി ക്കുന്നു. ഈ കാരണ ങ്ങളാൽ ഈ പ്രവ്യത്തി യിലെ പൂർത്തീകരണ കാലയളവ് നീട്ടി നൽകിയത് ക്രമ പ്രകാ രമല്ല. |
| 4 | പ്രോജക്ട്- 301/25 | കരാർ നം- AE/ | 10.02.2025 | പ്രവ്യത്തി |

| | | | | | |
|---|---|---|---|---|---|
| | പ്രവ്യത്തിയുടെ പേര്- പാക്യാര കണ്ണംകളം റോഡ് നവീകരണം<br>കരാറുകാരൻ- കെ.എ).അബ്ദുള്ള<br>ചെലവ് - 7,68,630 (BRN 2420075200880146457 8/07.03.2025) | LSGD/ UP/94/2023-24, തിയതി 15.03.2024<br>കരാർ പ്രകാരമുള്ള പൂർത്തീകരണ കാലയളവ്/ തിയതി- 6 മാസങ്ങൾ (14.09.2024) | | പൂർത്തീകര ണത്തിലെ കാലതാമ സത്തിന് കരാരു കാരനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.<br>14.09.2024 ന് പൂരക കരാർ ചമച്ച് കാല യളവ് 15.092024 മുതൽ 18.02.2025 വരെ നീട്ടിയിട്ടുണ്ട്.<br>കേരള പി.ഡബ്ല്യു.ഡി മാനൽ, സ്റ്റാന്റേഡ് ബിഡ്ഡിംഗ് രേഖകൾ എന്നിവയിലെ പ്രവൃത്തി പൂർത്തീ കരണം സംബന്ധിച്ച വ്യവസ്ഥകൾ ജി.ഒ(എം.എസ്)നം. 21/2024/Pwd പ്രകാരം പുതുക്കിയതനുസരിച്ച് പിഴ കൂടാതെ നീട്ടി നൽകാവുന്ന പൂർത്തീ കരണ സമയം ഒറി ജിനൽ സമയത്തിന്റെ പരമാവധി പകുതിയാണ്. എന്നാൽ ഇവിടെ ഒറിജിനൽ സമയം 6 മാസങ്ങൾ ആയി രിക്കെ 5 മാസം വീണ്ടും നീട്ടി നൽകി യിരിക്കുന്നു. |

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടി ചുവടെ ചേർക്കുന്നു-

“2024-2025 സാമ്പത്തിക വർഷം നിർവ്വഹണം ചെയ്ത പ്രൊജക്റ്റ് നമ്പർ - 308/25- പാലക്കുന്ന് മത്സ്യ മാർക്കറ്റ് ആധുനിക വൽക്കരണം - പ്രവർത്തി ആരംഭിക്കുന്നതിന് മത്സ്യ വിൽപ്പനയുമായി ബന്ധപ്പെട്ട ഫ്രീസറുകളും ബോക്സുകളും നിർദിഷ്ട കെട്ടിടത്തിനകത്തു സൂക്ഷിച്ചിരുന്നു . ആയതു മാറ്റി നല്കാൻ കാലതാമസം ഉണ്ടായി . കൂടാതെ പ്രവർത്തിയുടെ എസ്റ്റിമേറ്റ് ഭേദഗതി ചെയ്യുന്നതിനും റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചു ലഭിക്കുന്നതിനും കാലതാമസമുണ്ടായി . അങ്ങനെ വന്നപ്പോൾ പൂർത്തീകരണ സമയം കഴിയുകയും പഴയ തീയ്യതിയിൽ പൂരക എഗ്രിമെന്റ് തയ്യാറാക്കാൻ സാധിക്കാതെ വരികയും ചെയ്തു .

പ്രൊജക്റ്റ് നമ്പർ - 251/25- തല്ലാണി കാലിച്ചാമരം റോഡ് കോൺക്രീറ്റ് - പ്രവർത്തി ആരംഭിക്കാനിരിക്കെ , നിലവിലുള്ള റോഡ് പൊളിച്ചു ഉയർത്തി വെള്ളക്കെട്ട് ഒഴിവാക്കി പ്രവർത്തി ചെയ്യുന്നതിന് എതിരായി ഒരു വിഭാഗവും പ്രൊജക്റ്റ് പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് മറ്റൊരു വിഭാഗവും ഉണ്ടായി . ഇരു വിഭാഗങ്ങൾക്കും അനുയോജ്യമായ രീതിയിൽ പ്രവർത്തി ചെയ്യുന്നതിന് മെമ്പറുടെ സാന്നിധ്യത്തിൽ ചർച്ച ചെയ്തു പരിഹാരം കാണാൻ വൈകിയതിനാലാണ് പ്രവർത്തിയുടെ പൂർത്തീകരണ സമയം ദീർഘിപ്പിച്ചു നൽകിയത് .

*പ്രൊജക്റ്റ് നമ്പർ - 327/25- അമരാവതി അംഗൻവാടി റോഡ് കോൺക്രീറ്റ് - ഈ പ്രവർത്തിക്കു മുൻപ് പൂർത്തീകരിക്കേണ്ടതായ ടൈഡ് ഫണ്ട് ഉപയോഗിച്ച് ചെയ്യേണ്ട ഉദുമ പഞ്ചായത്തിന്റെ മറ്റൊരു പ്രവൃത്തി ഉണ്ടായിരുന്നു . വീതികുറഞ്ഞ റോഡയതിനാൽ ഡ്രൈനേജ് സ്ലാബ് ലെവലിൽ റോഡ് ഉയർത്തി, റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനായിരുന്നു പുതിയ പ്രോജക്ട്. ഡ്രൈനേജിന്റെ സ്ലാബ് അടക്കം റോഡായി ഉപയോഗിക്കാനായിരുന്നു പ്രൊജക്റ്റ്. ആദ്യത്തെ പ്രവർത്തി പൂർത്തീകരിക്കാൻ വൈകിയതിനാലാണ് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി വൈകിയത്.*

*പ്രൊജക്റ്റ് നമ്പർ - 301/25- പാക്യാര കണ്ണംകുളം റോഡ് നവീകരണം - ലോകസഭാ ഇലെക്ഷനുമായി ബന്ധപ്പെട്ട*

*പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലും ആയതിനുശേഷം മഴക്കാലമായതിനാലും പ്രവർത്തി പൂർത്തീകരിക്കാൻ കാലതാമസമുണ്ടായി.*

*മേൽ വിവരിച്ച കാരണങ്ങൾ കരാറുകാരുടെ അലംഭാവം കൊണ്ട് മാത്രം ഉണ്ടായിട്ടുള്ളതല്ല. മറ്റു പ്രാദേശിക / ഓഫീസ് സംബന്ധമായ തിരക്കുകൾ കാരണം കൂടി ഉണ്ടായതിനാലാണ് വൈകിയതിനുള്ള പിഴ വസൂലാക്കാൻ സാധിക്കാതെ വന്നത്. തുടർന്നുള്ള പ്രവർത്തികളിൽ ഇക്കാര്യങ്ങളിൽ മതിയായ ശ്രദ്ധ പുലർത്തുന്നതാണ്."*

മേൽ മറുപടികൾ ഭാഗികമായി മാത്രം അംഗീകരിക്കുന്നു. യഥാസമയം പൂരക കരാറുകൾ ചമച്ച് സമയം യഥാവിധി നീട്ടി നൽകുന്നതിൽ വീഴ്ച വരുത്തിയതിന് തൃപ്തികരമായ വിശദീകരണം നൽകിയിട്ടില്ല. ജി.ഒ(എം.എസ്)നം. 21/2024/Pwd പ്രകാരം പുതുക്കിയതനുസരിച്ച് പിഴ കൂടാതെ നീട്ടി നൽകാവുന്ന പൂർത്തീകരണ സമയത്തിനെക്കാൾ അനുവദിച്ചതിനും വിശദീകരണം നൽകിയിട്ടില്ല. ആയതിനാൽ നിർവഹണ ഉദ്യോഗസ്ഥന്റെ മറുപടിയിന്മേൽ പഞ്ചായത്ത് കമ്മിറ്റിയുടെ വ്യക്തമായ അഭിപ്രായം അറിയേണ്ടതുണ്ട്. മറുപടി കമ്മിറ്റി ചർച്ച ചെയ്ത് വ്യക്തമായ അഭിപ്രായം/ശുപാർശ ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിക്കും വരെ മേൽ 4 പ്രവൃത്തികൾക്കായി ചെലവഴിച്ച 23,85,597 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം.21/19.07.2025)

## 1-29 മരാമത്ത് പ്രവൃത്തികൾ- റോഡ് പ്രവൃത്തികളിലെ ചെയിനേജ് മാറ്റം സംബന്ധിച്ച്.

2024-25 വർഷം പഞ്ചായത്ത് പേമെന്റ് നടത്തിയ ചില പ്രവൃത്തികളിൽ എസ്റ്റിമേറ്റുകൾ പ്രകാരമുള്ള ചെയിനേജുകൾ പാലിക്കാതെ മറ്റു ചെയിനേജുകളിൽ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. റോഡ് പ്രവൃത്തികളിൽ വിവിധ പ്രവൃത്തികൾ നടപ്പിലാക്കേണ്ട ചെയിനേജുകൾ എസ്റ്റിമേറ്റിലും അനുബന്ധ സ്കെച്ച്, ഡ്രോയിങ് എന്നിവയിലും നിർബന്ധമായും രേഖപ്പെടുത്തേണ്ടതും നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ചെയിനേജുകൾ അളവു പുസ്തകങ്ങളിൽ കൃത്യമായി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണെങ്കിലും പഞ്ചായത്തിൽ നടപ്പിലാക്കിയ പല റോഡ് പ്രവൃത്തികളുടെ ഫയലുകളിലും ഇക്കാര്യം അവഗണിച്ചിട്ടുള്ളതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്, പ്രവൃത്തിയുടെ പേര്, കരാറുകാരൻ, ചെലവ് | എസ്റ്റിമേറ്റ് നം, എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ് | അളവു പുസ്തകത്തിന്റെ നമ്പർ, അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ് | റിമാർക്സ് |
|---|---|---|---|---|
| 1 | പ്രോജക്ട്- 169/25<br>പ്രവൃത്തിയുടെ പേര്- അരമങ്ങാനം കൂളിക്കുന്ന് അങ്കണവാടി റോഡ് നവീകരണം<br>കരാറുകാരൻ- എം.എ).അഷറഫ്<br>ചെലവ് - 6,77,482<br>(BRN 24200752008800401606/09.05.2024) | എസ്റ്റിമേറ്റ് നം- 30449/2023<br>എസ്റ്റിമേറ്റ് പ്രകാരം ടാർ ചെയ്യേണ്ടിയിരുന്ന ചെയിനേജ് -<br>0/192 മുതൽ 0/718വരെ,<br>0/818 മുതൽ 0/838വരെ | ഇ-അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ് -<br>0/192 മുതൽ 0/730വരെ,<br>0/808 മുതൽ 0/818വരെ, | ചെയിനേജ് മാറ്റം സംബന്ധിച്ച് ഒരു രേഖയും സൂക്ഷിച്ചിട്ടില്ല. |
| 2 | പ്രോജക്ട്- 175/25<br>പ്രവൃത്തിയുടെ പേര്- മുക്കുന്നോത്ത് എരുതുംപാറ റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ- ബോവാസ് എലിയാസ് ചന്ദ്രബോസ്<br>ചെലവ് - 5,77,159 (BRN 24200752008800401551/03.05.2024) | എസ്റ്റിമേറ്റ് നം- 10729/2023<br>എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ്<br>കോൺക്രീറ്റ്-<br>0/427 മുതൽ 0/583 വരെ | ഇ-<br>അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ്<br>കോൺക്രീറ്റ്-<br>0/000മുതൽ<br>0/142.30വരെ | ചെയിനേജ് മാറ്റം സംബന്ധിച്ച് ഒരു രേഖയും സൂക്ഷിച്ചിട്ടില്ല. |
| 3 | പ്രോജക്ട്- 276/25<br>പ്രവൃത്തിയുടെ പേര്- മീത്തൽ മാങ്ങാട് മണ്ഡലിപ്പാറ റോഡ് നവീകരണം<br>കരാറുകാരൻ-കെ.എ).അബ്ദുള്ള | എസ്റ്റിമേറ്റ് നം- 119333/2023<br>എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ് - | ഇ-<br>അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ് -<br>റീടാറിംഗ്- | ചെയിനേജ് മാറ്റം സംബന്ധിച്ച് ഒരു രേഖയും സൂക്ഷിച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| | ചെലവ് - 3,95,440 (BRN 24200752008801537639/14.03.2025) | റീടാറിംഗ്-<br>0/000 മുതൽ 0/016വരെ,<br>0/024 മുതൽ 0/219വരെ | 0/005 മുതൽ 0/016വരെ,<br>0/023.2 മുതൽ 0/248വരെ | |
| 4 | പ്രോജക്ട്- 265/25<br>പ്രവൃത്തിയുടെ പേര്- ചന്ദ്രപുരം ബേഡുത്തോട്ടി റോഡ് റീടാറിംഗ് ആന്റ് കോൺക്രീറ്റ്<br>കരാറുകാരൻ-അബ്ദുൾ ഗഫൂർ.എം<br>ചെലവ് - 4,45,883 (BRN 24200752008801326509/14.02.2025) | എസ്റ്റിമേറ്റ് നം- 56452/2023<br>എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടിയിരുന്ന ചെയിനേജ് -<br>റീടാറിംഗ്-<br>0/000 മുതൽ 0/277വരെ | ഇ- അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ്<br>റീടാറിംഗ്-<br>0/050 മുതൽ 0/431വരെ<br>കോൺക്രീറ്റ്-<br>0/210 മുതൽ 0/279വരെ | ചെയിനേജ് മാറ്റം സംബന്ധിച്ച് ഒരു രേഖയും സൂക്ഷിച്ചിട്ടില്ല. |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടി ചുവടെ ചേർക്കുന്നു-

*"പ്രൊജക്റ്റ് നമ്പർ - 169/25- അരമങ്ങാനം കൂളിക്കുന്ന് അംഗൻവാടി റോഡ് നവീകരണം, പ്രൊജക്റ്റ് നമ്പർ - 276/25- മീത്തൽ മാങ്ങാട് മണ്ഡലിപ്പാറ റോഡ് നവീകരണം, പ്രൊജക്റ്റ് നമ്പർ- 265/25- ചന്ദ്രപുരം ബെഡുത്തൊട്ടി റോഡ് റീ ടാറിങ് ആൻഡ് കോൺക്രീറ്റ് എന്നീ 3 പ്രവർത്തികളുടെ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത ഭാഗത്തു നിന്നും അല്പം വ്യതിചലിച്ചാണ് പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളത് . എസ്റ്റിമേറ്റ് തയ്യാറാക്കുന്ന വേളയിൽ റോഡിന്റെ പ്രതലത്തിൽ മണ്ണും മണലും അടിഞ്ഞതിനാൽ പ്രസ്തുത ഭാഗം പൊളിഞ്ഞു പോയിട്ടുണ്ടാകാം എന്ന അനുമാനത്തിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് . എന്നാൽ നിർവഹണ വേളയിൽ, റോഡ് പ്രതലം വൃത്തിയാക്കുമ്പോൾ റീടാറിംഗ് പ്രവൃത്തി അനിവാര്യമായ ഭാഗങ്ങളിൽ മാത്രം ചെയ്തത് കൊണ്ടാണ് ചൈനേജിൽ ചെറിയ വ്യതിയാനം ഉണ്ടായത് . കൂടാതെ റോഡിന്റെ വീതി എല്ലായിടത്തും ഒരുപോലെ ലഭ്യമായിരുന്നില്ല . ആയതിനാൽ എസ്റ്റിമേറ്റിലെ റീ ടാറിങ് വിസ്തീർണ്ണം ക്രമീകരിക്കുന്നതിനു വേണ്ടി ചൈനേജിൽ വ്യത്യാസം വരുത്തേണ്ടതായി വന്നു എന്നാണ് മറുപടി നൽകിയിട്ടുള്ളത്. പ്രൊജക്റ്റ് നമ്പർ- 175/25- മുക്കുന്നോത്ത് എരുതുംപാറ റോഡ് കോൺക്രീറ്റ് പ്രവർത്തി എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത ചൈനേജിൽ തന്നെയാണ് പ്രവർത്തി ചെയ്തിട്ടുള്ളത് . പ്രൈസ് സോഫ്റ്റ് വെയറിനകത്തു ചൈനേജ് ടൈപ്പ് ചെയ്യുമ്പോൾ , തെറ്റായി നിലവിലുള്ള റോഡിന്റെ അവസാനം 0/000 ( അതായത് 0/427 എന്നതിന് പകരം 0/000) ചൈനേജ് കണക്കാക്കി മെഷർമെന്റ് രേഖപ്പെടുത്തുകയായിരുന്നു . ഒരു പ്രാവശ്യം രേഖപ്പെടുത്തിയ ചൈനേജ് പിന്നീട് തിരുത്താൻ സാധിക്കാത്തതിനാലാണ് മറ്റുള്ള ഇനങ്ങളിലും തെറ്റായ ചൈനേജ് തന്നെ രേഖപ്പെടുത്തിയത്."*

മേൽ വിവരങ്ങൾ പഞ്ചായത്ത് കമ്മിറ്റിയെ അറിയിച്ചതായോ ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ അനുമതി നേടിയതായോ കാണുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി പഞ്ചായത്ത് കമ്മിറ്റി പരിശോധിക്കേണ്ടതും ചെയിനേജ് മാറ്റം സംബന്ധിച്ച് കമ്മിറ്റിയുടെ വ്യക്തമായ അഭിപ്രായം ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. വരും വർഷങ്ങളിൽ പ്രവൃത്തികളുടെ ചെയിനേജ് സംബന്ധിച്ച് എസ്റ്റിമേറ്റ്, അനുബന്ധ രേഖകൾ എന്നിവയിൽ വ്യക്തമായി പ്രതിപാദിക്കണമെന്നും ചെയിനേജ് മാറ്റം ആവശ്യമെങ്കിൽ പഞ്ചായത്തിന്റെ അനുമതിയോടു കൂടി മാത്രം നടപ്പിലാക്കേണ്ടതാണെന്നും തെറ്റായ ചെയിനേജുകൾ അളവു പുസ്തകങ്ങളിൽ രേഖപ്പെടുത്തുന്ന വിധത്തിലുള്ള സാഹചര്യങ്ങൾ കർശനമായും ഒഴിവാക്കണമെന്നും നിർദ്ദേശിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം.19/19.07.2025)

**<u>1-30 മരാമത്ത് പ്രവൃത്തികൾ- ഡിസ്മാന്റിൽ ചെയ്ത സാധനസാമഗ്രികളുടെ വിൽപ്പന/ഡിസ്പോസൽ സംബന്ധിച്ച്.</u>**

2024-25 വർഷം പഞ്ചായത്ത് നടത്തിയ ചില പ്രവൃത്തികളിൽ മര ഉരുപ്പടികളും സ്റ്റീലും ഡിസ്മാന്റിൽ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഡിസ്മാന്റിൽ ചെയ്യുമ്പോൾ ലഭിച്ച സാമഗ്രികളുടെയും അവ വിൽപ്പന നടത്തിയതിന്റെയോ ഡിസ്പോസ് ചെയ്തതിന്റെയോ വിവരങ്ങൾ ഫയലിൽ ഇല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്, പ്രവൃത്തിയുടെ പേര്, കരാറുകാരൻ, ചെലവ് | എസ്റ്റിമേറ്റ് നം, എസ്റ്റിമേറ്റ് പ്രകാരം ഡിസ്മാന്റിൽ ചെയ്യേണ്ട ഇനങ്ങൾ | അഅളവു പുസ്തകം പ്രകാരം ഡിസ്മാന്റിൽ ചെയ്ത ഇനങ്ങൾ | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | പ്രോജക്ട്- 308/25<br>പ്രവൃത്തിയുടെ പേര്- പാലക്കുന്ന് മത്സ്യ മാർക്കറ്റ് ആധുനികവൽക്കരണം<br>കരാറുകാരൻ- അബ്ദുൾ റഹിമാൻ.സി.എം<br>ചെലവ് - 4,96,205<br>(പേമെന്റ് വൗച്ചർ 22400675/ 26.11.2024) | എസ്റ്റിമേറ്റ് നം- 57800/2023<br>എസ്റ്റിമേറ്റ് പ്രകാരം ഡിസ്മാന്റിൽ ചെയ്യേണ്ട ഇനങ്ങൾ<br>1.013- Dismantlimg Steel Work In Single Section- 437.184 Kg<br>1.014- Dismantlimg Steel Work In Builtup Section- 343.070 Kg<br>1.015- Dismantling Roofing - 156.24 Sqm | ഇ-അളവു പുസ്തകം പ്രകാരം ഡിസ്മാന്റിൽ ചെയ്ത ഇനങ്ങൾ<br>1.013- Dismantlimg Steel Work In Single Section- 441.6 Kg<br>1.014- Dismantlimg Steel Work In Builtup Section- 345.8 Kg<br>1.015- Dismantling Roofing - 156.24 Sqm | ഈ ഇനങ്ങളിൽ ലഭിച്ച സാമഗ്രികളുടെ വിവരങ്ങളും അവയിൽ പുനരുപയോഗം സാധ്യമായവയുടെ വിൽപ്പന, ഡിസ്പോസൽ തുടങ്ങിയ വിവരങ്ങൾ ഫയലിൽ ഇല്ല. |
| 2 | പ്രോജക്ട്- 266/25<br>പ്രവൃത്തിയുടെ പേര്- GWLPS ബാര, കെട്ടിട നവീകരണം<br>കരാറുകാരൻ- എം.എ.ലത്തീഫ്<br>ചെലവ് - 6,77,726 (BRN 2420075200880076 2613/09.10.2024.) | എസ്റ്റിമേറ്റ് നം- 64918/2023<br>എസ്റ്റിമേറ്റ് പ്രകാരം ഡിസ്മാന്റിൽ ചെയ്യേണ്ട ഇനങ്ങൾ<br>1.001- Dismantling Tiled Roofing- 212.06 Sqm<br>1.002- Dismantling Wood Work- 410.02 M | ഇ-അളവു പുസ്തകം പ്രകാരം ഡിസ്മാന്റിൽ ചെയ്ത ഇനങ്ങൾ<br>1.001- Dismantling Tiled Roofing- 212.06 Sqm<br>1.002- Dismantling Wood Work- 410.02 M<br>ഈ ഇനങ്ങളിൽ ലഭിച്ച സാമഗ്രികളുടെ വിവരങ്ങളും അവയിൽ പുനരുപയോഗം സാധ്യമായവയുടെ വിൽപ്പന, ഡിസ്പോസൽ തുടങ്ങിയ വിവരങ്ങൾ ഫയലിൽ ഇല്ല. | ഡിസ്മാന്റിൽ ചെയ്ത ഓടുകൾ ഈ പ്രവൃത്തിയിൽ പുനരുപയോഗിച്ചിട്ടുണ്ട്. എന്നാൽ ലഭിച്ച മര ഉരുപ്പടികളുടെ വിവരങ്ങളും അവയിൽ പുനരുപയോഗം സാധ്യമായവയുടെ വിൽപ്പന, ഡിസ്പോസൽ തുടങ്ങിയ വിവരങ്ങൾ ഫയലിൽ ഇല്ല. |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടി ചുവടെ ചേർക്കുന്നു.

*"2024-2025 സാമ്പത്തിക വർഷം നിർവ്വഹണം ചെയ്ത പ്രൊജക്റ്റ് നമ്പർ - 308/25- പാലക്കുന്ന് മത്സ്യ മാർക്കറ്റ് ആധുനികവൽക്കരണം - പ്രവർത്തിയുമായി ലഭിച്ച ഉപയോഗ്യമായ ഇരുമ്പു ഇനങ്ങൾ, പ്ലോട്ടിൽ ലേല നടപടികൾക്കായി സൂക്ഷിച്ചിട്ടുണ്ട് . ഉപയോഗ്യമല്ലാത്ത/ പുനരുപയോഗിക്കാൻ പാടില്ലാത്ത ആസ്ബസ്റ്റോസ് ഷീറ്റുകൾ നശിപ്പിച്ചു കളഞ്ഞിട്ടുണ്ട് . ഇക്കാര്യങ്ങൾ പ്രൈസ് സോഫ്റ്റ് വെയറിനകത്തു രേഖപ്പെടുത്തിയിട്ടുണ്ട് . എത്രയും പെട്ടെന്ന് തന്നെ ലേല നടപടികൾ സ്വീകരിക്കുന്നതാണ്. പ്രൊജക്റ്റ് നമ്പർ - 266/25- ബാര കെട്ടിട നവീകരണം - പ്രവർത്തിയുമായി ലഭിച്ച മര ഉരുപ്പടികൾ ഉപയോഗ്യമായവ സ്കൂൾ കോമ്പൗണ്ടിൽ ലേല നടപടികൾക്കായി സൂക്ഷിച്ചിട്ടുണ്ട്. വരികൾ കാലപ്പഴക്കത്താലും ചിതലുകളും മറ്റും ചെറു ജീവികളുടെയും ആക്രമണത്താൽ നിർമ്മാണ പ്രവർത്തികൾക്ക് പുനരുപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലാണുണ്ടായിരുന്നത് . ആയതിനാൽ വിറകായി ഉപയോഗിക്കുന്നതിനു വേണ്ടി കോമ്പൗണ്ടിൽ തന്നെ നിക്ഷേപിച്ചിട്ടുണ്ട് . ഇക്കാര്യങ്ങൾ പ്രൈസ് സോഫ്റ്റ് വെയറിനകത്തു രേഖപ്പെടുത്തിയിട്ടുണ്ട്."*

പ്രൊജക്റ്റ് നമ്പർ - 308/25- പാലക്കുന്ന് മത്സ്യ മാർക്കറ്റ് ആധുനികവൽക്കരണം എന്ന പ്രവൃത്തിയിൽ ലഭിച്ച സ്റ്റീൽ ഉരുപ്പടികൾ ഉടൻ തന്നെ ലേലം ചെയ്ത് വിൽക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. GWLPS ബാര കെട്ടിട നവീകരണം എന്ന പ്രവൃത്തിയിൽ ലഭിച്ചതിൽ ഉപയോഗ യോഗ്യമായ മര ഉരുപ്പടികളും ലേല നടപടികളിലൂടെ കയ്യൊഴിയേണ്ടതാണ്. ഇതു സംബന്ധിച്ച അന്തിമ റിപ്പോർട്ട് ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.20/19.07.2025)

**1-31 റോഡ് ടാറിംഗ്/കോൺക്രീറ്റ് പ്രവൃത്തികൾ- സ്കാരിഫൈ ചെയ്യുമ്പോൾ ലഭിക്കുന്ന സാമഗ്രികൾ സംബന്ധിച്ച്**

2024-25 വർഷം നടപ്പിലാക്കിലാക്കിയ ചില റോഡ് പുനരുദ്ധാരണ പ്രവൃത്തികളിൽ (ടാറിംഗ് / കോൺക്രീറ്റ്) "Preparation Of Foundation And Embankment By Scarifying Existing Bituminous Surface To A Depth Of 150mm " എന്നയിനം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം സ്കാരിഫൈ ചെയ്യുമ്പോൾ ലഭിക്കുന്ന മെറ്റീരിയലുകളുടെ പുനരുപയോഗം / ഡിസ്പോസൽ സംബന്ധിച്ച് എസ്റ്റിമേറ്റുകളിൽ പരാമർശിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്, പ്രവൃത്തിയുടെ പേര്, കരാറുകാരൻ, ചെലവ് | എസ്റ്റിമേറ്റ് നം, എസ്റ്റിമേറ്റ് പ്രകാരം Scarifying പ്രവൃത്തി ചെയ്യേണ്ടിയിരുന്ന അളവ് | അളവു പുസ്തകത്തിന്റെ നമ്പർ, അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ് | റിമാർക്സ് |
|---|---|---|---|---|
| 1 | പ്രോജക്ട്- 306/25<br>പ്രവൃത്തിയുടെ പേര്- ആട്ടക്കാരി കാപ്പുങ്കയം റോഡ് നവീകരണം<br>കരാറുകാരൻ- സി.എം.അബ്ദുൾ റഹിമാൻ<br>ചെലവ് - 10,97,099 (BRN 242007520088011531 71/09.01.2025)- റോഡ് മെയിന്റനൻസ് ഫണ്ട് | എസ്റ്റിമേറ്റ് നം- 12709/2024<br>എസ്റ്റിമേറ്റ് പ്രകാരം Scarifying പ്രവൃത്തി ചെയ്യേണ്ടിയിരുന്ന അളവ്- 426 Sqm | അളവു പുസ്തകത്തിന്റെ നമ്പർ- E Book<br>അളവു പുസ്തകം പ്രകാരം Scarifying പ്രവൃത്തി ചെയ്ത അളവ്- 456 Sqm | Scarify ചെയ്തതിൽ ലഭിച്ച സാമഗ്രികളുടെ പുനരുപയോഗം / ഡിസ്പോസൽ സംബന്ധിച്ച് ഫയലിലോ അളവു പുസ്കകത്തിലോ മറ്റു രേഖകളിലോ പരാമർശമില്ല. |
| 2 | പ്രോജക്ട്- 276/25<br>പ്രവൃത്തിയുടെ പേര്- മീത്തൽ മാങ്ങാട് മണ്ഡലിപ്പാറ റോഡ് നവീകരണം<br>കരാറുകാരൻ- കെ.എ.അബ്ദുള്ള<br>ചെലവ് - 3,95,440 (BRN 24200752008801537639/14.03.2025 | എസ്റ്റിമേറ്റ് നം- 119333/2023<br>എസ്റ്റിമേറ്റ് പ്രകാരം Scarifying പ്രവൃത്തി ചെയ്യേണ്ടിയിരുന്ന അളവ്- 356.2 Sqm | അളവു പുസ്തകത്തിന്റെ നമ്പർ- E Book<br>അളവു പുസ്തകം പ്രകാരം Scarifying പ്രവൃത്തി ചെയ്ത അളവ്- 345.6 Sqm | Scarify ചെയ്തതിൽ ലഭിച്ച സാമഗ്രികളുടെ പുനരുപയോഗം / ഡിസ്പോസൽ സംബന്ധിച്ച് ഫയലിലോ അളവു പുസ്കകത്തിലോ മറ്റു രേഖകളിലോ പരാമർശമില്ല. |
| 3 | പ്രോജക്ട്- 193/25<br>പ്രവൃത്തിയുടെ പേര്- കോട്ടക്കുന്ന് പരിയാരം വള്ളിയോട്ട് റോഡ് നവീകരണം. | എസ്റ്റിമേറ്റ് നം- 54283/2023<br>എസ്റ്റിമേറ്റ് പ്രകാരം Scarifying പ്രവൃത്തി ചെയ്യേണ്ടിയിരുന്ന | അളവു പുസ്തകത്തിന്റെ നമ്പർ- E Book<br>അളവു പുസ്തകം | Scarify ചെയ്തതിൽ ലഭിച്ച സാമഗ്രികളുടെ പുനരുപയോഗം / ഡിസ്പോസൽ |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ- ടി.എ).മുഹമ്മദ് കുഞ്ഞി<br>ചെലവ് - 4,62,652 (ചെക്ക് നം.22400947/23.01.2025) | അളവ്- 66 Sqm | പ്രകാരം Scarifying പ്രവൃത്തി ചെയ്ത അളവ്- 66 Sqm | സംബന്ധിച്ച് ഫയലിലോ അളവു പുസ്കകത്തിലോ മറ്റു രേഖകളിലോ പരാമർശമില്ല. |
| 4 | പ്രോജക്ട്- 265/25<br>പ്രവൃത്തിയുടെ പേര്- ചന്ദ്രപുരം ബേഡുതൊട്ടി റോഡ് റീടാറിംഗ് ആന്റ് കോൺക്രീറ്റ്<br>കരാറുകാരൻ- അബ്ദുൾ ഗഫൂർ എം<br>ചെലവ് - 4,45,883 (BRN 24200752008801326509 14./02/2025 ) | എസ്റ്റിമേറ്റ് നം- 56452/2023<br>എസ്റ്റിമേറ്റ് പ്രകാരം Scarifying പ്രവൃത്തി ചെയ്യേണ്ടിയിരുന്ന അളവ്- 513 Sqm | അളവു പുസ്തകത്തിന്റെ നമ്പർ- E Book<br>അളവു പുസ്തകം പ്രകാരം Scarifying പ്രവൃത്തി ചെയ്ത അളവ്- 519 Sqm | Scarify ചെയ്തതിൽ ലഭിച്ച സാമഗ്രികളുടെ പുനരുപയോഗം / ഡിസ്പോസൽ സംബന്ധിച്ച് ഫയലിലോ അളവു പുസ്കകത്തിലോ മറ്റു രേഖകളിലോ പരാമർശമില്ല. |
| 5 | പ്രോജക്ട്- 246/2025<br>പ്രവൃത്തിയുടെ പേര്- ബൈക്കേപ്പള്ളി റോഡ് ബാക്കി ഭാഗം നവീകരണം<br>കരാറുകാരൻ- കെ.എ).അബ്ദുള്ള<br>ചെലവ് - 6,58,480 (BRN 24200752008801464570, 07.03.2025) | എസ്റ്റിമേറ്റ് നം- 102445/2023<br>എസ്റ്റിമേറ്റ് പ്രകാരം Scarifying പ്രവൃത്തി ചെയ്യേണ്ടിയിരുന്ന അളവ്- 408 Sqm | അളവു പുസ്തകത്തിന്റെ നമ്പർ- E Book<br>അളവു പുസ്തകം പ്രകാരം Scarifying പ്രവൃത്തി ചെയ്ത അളവ്-431.45 Sqm | Scarify ചെയ്തതിൽ ലഭിച്ച സാമഗ്രികളുടെ പുനരുപയോഗം / ഡിസ്പോസൽ സംബന്ധിച്ച് ഫയലിലോ അളവു പുസ്കകത്തിലോ മറ്റു രേഖകളിലോ പരാമർശമില്ല. |
| 6 | പ്രോജക്ട്- 252/25<br>പ്രവൃത്തിയുടെ പേര്- അങ്കക്കളരി റെയിൽവേ ലൈൻ റോഡ് ബാക്കി ഭാഗം നവീകരണം<br>കരാറുകാരൻ- ബോവാസ് അലിയാസ് ചന്ദ്രബോസ്<br>ചെലവ് - 3,39,761 (BRN 24200752008801415973/04.03.2025) | എസ്റ്റിമേറ്റ് നം- 102453/2023<br>എസ്റ്റിമേറ്റ് പ്രകാരം Scarifying പ്രവൃത്തി ചെയ്യേണ്ടിയിരുന്ന അളവ്- 90 Sqm | അളവു പുസ്തകത്തിന്റെ നമ്പർ- E Book<br>അളവു പുസ്തകം പ്രകാരം Scarifying പ്രവൃത്തി ചെയ്ത അളവ്- 100 Sqm | Scarify ചെയ്തതിൽ ലഭിച്ച സാമഗ്രികളുടെ പുനരുപയോഗം / ഡിസ്പോസൽ സംബന്ധിച്ച് ഫയലിലോ അളവു പുസ്കകത്തിലോ മറ്റു രേഖകളിലോ പരാമർശമില്ല. |

സ്കാരിഫൈ ചെയ്തപ്പോൾ ലഭിച്ച മെറ്റീരിയലുകൾ എങ്ങനെയാണ് പുനരുപയോഗിച്ചത് / ഡിസ്പോസ് ചെയ്തത് എന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. മറുപടി ചുവടെ ചേർക്കുന്നു.

*“ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റിലും മെഷർമെന്റ് ബുക്കിലും സ്കാരിഫൈ ചെയ്ത് കിട്ടുന്ന സാധനങ്ങളെക്കുറിച്ചു അശ്രദ്ധ കാരണം രേഖപ്പെടുത്തുന്നതിന് വിട്ടുപോയി. മേൽ പ്രവർത്തികളുടെ എസ്റ്റിമേറ്റിൽ റോഡിൽ പൊട്ടിപൊളിഞ്ഞ ഭാഗത്തു മാത്രമാണ് സ്കാരിഫൈ ചെയ്യുന്നതിന് പ്രൊവിഷൻ നൽകിയിരുന്നത് . മിക്കവാറും സ്ഥലങ്ങളിൽ വെള്ളക്കെട്ട് / കാലപ്പഴക്കം മൂലം റോഡിന്റെ സബ് ബേസും ബേസ് കോഴ്സും ഇളകി കല്ലുകൾ തെറിച്ചു പോയ അവസ്ഥയിൽ ആയിരുന്നു . ആയതിനാൽ പ്രസ്തുത*

*സ്ഥലങ്ങളിൽ സ്കാരിഫൈ ചെയ്ത്, റോളർ ഉപയോഗിച്ച് ഉറപ്പിച്ചു അതിന് മുകളിൽ ബേസ് കോഴ്സ് നൽകിയാണ് പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്. ഇനിയുള്ള പ്രവർത്തികളിൽ സ്കാരിഫൈ ചെയ്ത് കിട്ടുന്ന സാധനങ്ങളെക്കുറിച്ചു പരാമർശിക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കുന്നതാണ്."*

സ്കാരിഫൈ ചെയ്യുമ്പോൾ ലഭിച്ച സാമഗ്രികൾ പുനരുപയോഗിച്ചിട്ടില്ല എന്ന് മറുപടിയിൽ നിന്ന് വ്യക്തമാണ്. ഈ സാമഗ്രികളുടെ ഡിസ്പോസൽ എങ്ങനെയെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുമില്ല. ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടി അംഗീകരിക്കുന്നില്ല. ഈ സാഹചര്യത്തിൽ മേൽ പ്രവൃത്തികൾക്കായി ചെലവഴിച്ച 33,99,315 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മേൽ നിരീക്ഷണത്തിന് പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നിർവഹിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും വിശദീകരണം ആവശ്യമാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും അസിസ്റ്റന്റ് എഞ്ചിനീയറുടെയും മറുപടികളിൽ പഞ്ചായത്ത് കമ്മിറ്റിയുടെ അഭിപ്രായം /ശുപാർശ സഹിതം വിശദമായ മറുപടി ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.23/19.07.2025)

**1-32 മരാമത്ത് പ്രവൃത്തികളുടെ ചെലവ് പരിശോധന- പ്രോജക്ട് പൂർത്തിയാവാതെ പ്രവൃത്തികളുടെ ഫൈനൽ ബിൽ നൽകിയതു സംബന്ധിച്ച്**

2024-25 വർഷം പഞ്ചായത്ത് നടത്തിയ പല പ്രവൃത്തികളിൽ പ്രോജക്ട് പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും ചെയ്യാത്ത സാഹചര്യങ്ങളിലും വിശദീകരണങ്ങൾ ഒന്നും കൂടാതെ പ്രവൃത്തികളുടെ ഫൈനൽ ബിൽ നൽകി പ്രോജക്ടുകൾ അവസാനിപ്പിച്ചതായി കാണുന്നു.

| ക്രമ നം | പ്രോജക്ടുകളുടെ വിശദാംശങ്ങൾ | റിമാർക്സ് |
|---|---|---|
| 1 | പ്രോജക്ട്- 176/25<br>പ്രവൃത്തിയുടെ പേര്- മുദിയക്കാൽ അങ്കണവാടി നവീകരണം<br>കരാറുകാരൻ- ലത്തീഫ്.എം.എ<br>ചെലവ് - 1,58,691<br>(BRN 242007520080018923O/09.05.2024)- നോൺ റോഡ് മെയിന്റനൻസ് ഫണ്ട്) | ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് (58001/2023) പ്രകാരം 1 മുതൽ 22 വരെയുള്ള ഇനങ്ങളിലായി 1,46,377 രൂപയും കുടിവെള്ള കണക്ഷനൻ ലഭിക്കുന്നതിനായി വാട്ടർ അതോറിറ്റിയിൽ അടക്കാൻ 1,50,000 രൂപയും (ലംപ്സം) വകയിരുത്തിയിരുന്നു. എന്നാൽ 22 ഇനങ്ങളിലെ പ്രവൃത്തികൾ മാത്രം ചെയ്ത് അന്തിമ ബില്ലും നല്കി പ്രോജക്ട് അവസാനിപ്പിച്ചതായി കാണുന്നു. കുടിവെള്ള കണക്ഷൻ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. |
| 2. | പ്രോജക്ട്- 171/25<br>പ്രവൃത്തിയുടെ പേര്- കാപ്പിൽ ബേവൂരി റോഡ് ബാക്കി ഭാഗം ഐറിഷ് ഡ്രെയിൻ നിർമാണം<br>കരാറുകാരൻ- അബ്ദുൾ ഖാദർ ഫൈസൽ.എ.എം<br>ചെലവ് - 7,92,790<br>(BRN 242007520088004O1673/09.05.2024)- റോഡ് മെയിന്റനൻസ് ഫണ്ട്) | 5 ഇനങ്ങളടങ്ങിയ എസ്റ്റിമേറ്റാണ് (78646/2023) ഈ പ്രവൃത്തിക്കായി തയ്യാറാക്കിയത്. എന്നാൽ ഇനം 4,5 എന്നിവ നടത്താതെയാണ് ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയിട്ടുള്ളത്. റോഡിലെ ഓപ്പൺ ഡിപ്പ് കോൺക്രീറ്റ് ചെയ്യാനുദ്ദേശിച്ചിട്ടുള്ള ഈയിനങ്ങൾ നടത്താതെ പ്രോജക്ട് അവസാനിപ്പിച്ചതിന് വിശദീകരണങ്ങൾ ഫയിൽ ഇല്ല. പ്രവൃത്തിക്കായി റിവൈസ്ഡ് എസ്റ്റിമേറ്റോ താരതമ്യ പട്ടികയോ തയ്യാറാക്കിയതായി കാണുന്നില്ല. |
| 3 | പ്രോജക്ട്- 291/25<br>പ്രവൃത്തിയുടെ പേര്- പാലക്കുന്ന് മത്സ്യ മാർക്കറ്റിൽ കുടിവെള്ള സൗകര്യ മൊരുക്കൽ | ഈ പ്രവൃത്തിയിൽ കുഴൽക്കിണർ കുഴിക്കുന്നതിനും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുമാണ് ഉദ്ദേശിച്ചത്. (എസ്റ്റിമേറ്റ് 15475/2024) കുഴൽക്കിണർ കുഴിച്ച് |

| | | |
|---|---|---|
| | കരാറുകാരൻ- മുഹമ്മദ് അലി.എം<br>ചെലവ് - 96,815<br>(വൗച്ചർ നം. XVFC/2024-25/P/109/26.03.2025)-(ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ട്) | പൈപ്പുകൾ സ്ഥാപിക്കുന്നതിനായി 10 ഇനങ്ങളിലായി 2,04,328 രൂപയും വൈദ്യുതീകരണത്തിന് ലംപ്സം ആയി 58,500 രൂപയുമാണ് വകയിരുത്തിയത്. ഇതിൽ വൈദ്യുതീകരണം ഒഴികെയുള്ള ഇനങ്ങൾ ടെണ്ടർ ചെയ്തതിൽ കുഴൽക്കിണർ കുഴിച്ചു കഴിഞ്ഞ് പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയതായി കാണുന്നു. ഇനം 4 മതൽ 10 വരെ (പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ) നടപ്പിലാക്കിയിട്ടില്ല. വൈദ്യുതീകരണത്തിനുള്ള തുക ചെലവഴിച്ചിട്ടില്ല. |
| 4 | പ്രോജക്ട്- 409/25<br>പ്രവൃത്തിയുടെ പേര്- മുദിയക്കാൽ മുക്കുണ്ട് റോഡ് നവീകരണം<br>കരാറുകാരൻ- എം.എച്ച്.അബ്ദുൾ ഖാദർ<br>ചെലവ് - 2,62,321<br>(വൗച്ചർ നം. 22401466/31/03.2025)<br>തനതു ഫണ്ട് | പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം (19435/2025) റോഡ് കോൺക്രീറ്റ്, കോൺക്രീറ്റ് ഡ്രെയിൻ, 29 മീറ്റർ റീടാറിംഗ് എന്നീയിനങ്ങളാണ് ഉൾപ്പെട്ടിരുന്നത്. പ്രവൃത്തി ടെണ്ടർ ചെയ്ത് നടപ്പിലാക്കി. റോഡ് കോൺക്രീറ്റ്, കോൺക്രീറ്റ് ഡ്രെയിൻ എന്നീ പ്രവൃത്തികൾ ചെയ്തു കഴിഞ്ഞ് പ്രവൃത്തിയുടെ അന്തിമ ബില്ല് നൽകിയതായി കാണുന്നു. റീടാറിംഗ് പ്രവൃത്തികൾ ചെയ്തിട്ടില്ല. |

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ചുവടെ ചേർത്ത മറുപടി നൽകിയിട്ടുണ്ട്.

*“2024-2025 സാമ്പത്തിക വർഷം നിർവ്വഹണം ചെയ്ത പ്രൊജക്റ്റ് നമ്പർ - 176/25- മുദിയക്കാൽ അംഗൻവാടി നവീകരണം - കുടിവെള്ള കണക്ഷനുവേണ്ടി Lumpsum പ്രൊവിഷൻ ആയതിനാൽ ടെൻഡർ വർക്കിൽ ഉൾപ്പെട്ടിരുന്നില്ല . തുറന്ന കിണർ ആയതിനാൽ അംഗൻവാടിക്ക് ആവശ്യമായ വെള്ളം കയർ ഉപയോഗിച്ച് വലിച്ചെടുക്കുന്നുണ്ട് . 14-)0 പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖപ്രകാരം തുക കൈമാറുന്നതിനുള്ള പ്രൊജെക്ടുകൾ ഏറ്റെടുക്കേണ്ടത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ആണ്. മേൽ കാരണത്താലാണ് എഗ്രിമെന്റ് പ്രകാരമുള്ള പ്രവർത്തികൾ ചെയ്തതിനു ശേഷം പ്രസ്തുത ഇനങ്ങൾക്കുള്ള അന്തിമ ബില്ല് നൽകിയത്. പ്രൊജക്റ്റ് നമ്പർ - 171/25- കാപ്പിൽ ബേവൂരി റോഡ് ബാക്കി ഭാഗം ഐറിഷ് ഡ്രെയ്ൻ നിർമ്മാണം - മേൽ പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ ഐറിഷ് ഡ്രെയ്ൻ കൂടാതെ ഒരു ക്രോസ് ഡ്രെയ്ൻ ചെയ്യാനുള്ള ഇനങ്ങൾ കൂടി ഉൾപ്പെടുത്തിയിരുന്നു . ഐറിഷ് ഡ്രെയ്ൻ മതിയായ സ്ലോപ്പ് നൽകി ചെയ്തപ്പോൾ, ക്രോസ് ഡ്രെയ്ൻ ഔട്ട് ലെറ്റ് ( നിലവിലുള്ള ഡ്രെയ്ൻ) ഉയർന്നു നിൽക്കുന്നതിനാൽ വെള്ളം ഒഴികിപ്പോകുന്നതിനാവശ്യമായ സാഹചര്യം ഇല്ലായിരുന്നു. ആയതിനാലാണ് ക്രോസ് ഡ്രെയ്ൻ ഒഴിവാക്കി അന്തിമ ബില്ല് നൽകിയത് . ഐറിഷ് ഡ്രെയിനിലൂടെ വെള്ളം ഓപ്പൺ ഡിപ്പിലൂടെ കടന്നു പോകുന്നതിനാൽ വെള്ളക്കെട്ട് പ്രശ്നങ്ങൾ ഇല്ല. പ്രൊജക്റ്റ് നമ്പർ - 291/25- പാലക്കുന്ന് മൽസ്യ മാർക്കറ്റിൽ കുടിവെള്ള സൗകര്യമൊരുക്കൽ - മൽസ്യ മാർക്കറ്റ് ആധുനിക വൽക്കരണത്തിനു വേണ്ടി ജില്ലാ നിർമ്മിതി കേന്ദ്രത്തെ ഉദുമ ഗ്രാമ പഞ്ചായത്ത് ചുമതലപ്പെടുത്തിയിട്ടുണ്ട് . ആയതിനാൽ ബോർവെൽ നിർമ്മാണത്തിന് ശേഷമുള്ള പ്രവർത്തികൾ നിർമ്മിതി കേന്ദ്രം ചെയ്യുന്നതിനാലാണ് അന്തിമ ബില്ലായി നൽകിയത്. പ്രൊജക്റ്റ് നമ്പർ - 409/25- മുദിയക്കാൽ മുക്കുണ്ട് റോഡ് നവീകരണം - മുൻ വർഷത്തിൽ ചെയ്ത കൽവെർട്ടിന്റെ അപ്പ്രോച് റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനായിരുന്നു പ്രൊജക്റ്റ് വിഭാവനം ചെയ്തിരുന്നത് . രണ്ട് വശവും കോൺക്രീറ്റ് ചെയ്യുമ്പോൾ ലെവൽ അഡ്ജസ്റ്റ് ചെയ്യുന്നതിന് സാധിക്കാതെ വന്നാൽ , റീടാറിങ് നടത്തി ലെവൽ ചെയ്യുന്നതിന് മാത്രമാണ് റീടാറിങ് ഉൾപ്പെടുത്തിയത്. കരാറുകാരൻ പ്രവൃത്തി കൽവെർട്ടിന്റെയും ഇരുവശത്തുമുള്ള റോഡിന്റെയും ലെവൽ അഡ്ജസ്റ്റ് ചെയ്ത് പ്രവർത്തി പൂർത്തീകരിച്ചിരുന്നു. അപ്പ്രോച് ടാറിങ് നല്ല നിലയിൽ ഉള്ളതിനാൽ റീടാറിങ് ചെയ്യേണ്ട ആവശ്യമില്ല. ആയതിനാലാണ് അന്തിമ ബില്ല് നൽകിയത്.”*

അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടികളിന്മേൽ പഞ്ചായത്ത് കമ്മിറ്റിയുടെ അഭിപ്രായം അറിയേണ്ടതുണ്ട്. ആയതിനാൽ ഈ മറുപടി പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്ത് വ്യക്തമായ അഭിപ്രായം/ശുപാർശ ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 22/19.07.2025)

**1-33 തൊഴിലുറപ്പ് പദ്ധതിയിലെ സിമന്റ് വാങ്ങൽ- മാർക്കറ്റ് നിരക്കിനേക്കാൾ അധികം നിരക്കിൽ സമാഹരണം നടത്തി**

2024-25 സാമ്പത്തിക വർഷത്തിൽ MGNREGA പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് യഥാർത്ഥ മാർക്കറ്റ് വിലയേക്കാൾ വളരെ കൂടിയ തുക നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. SECURE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ സിമന്റിന് ഉൾപ്പെടുത്തിയ നിരക്ക് അടിസ്ഥാനമാക്കിയാണ് ടെണ്ടർ ചെയ്ത് സിമന്റ് വാങ്ങിയത്. ഒരു ടണ്ണിന് 10240/ 11,520 രൂപയാണ് സോഫ്റ്റ്‌വെയറിൽ സിമന്റിന്റെ വില. ഈ നിരക്കിൽ 50 കിലോയുടെ ഒരു ചാക്കിന് 512/576 രൂപയാണ് വിലയായി കണക്കാക്കിയിരിക്കുന്നത്. ഈ നിരക്ക് പ്രകാരം ടെണ്ടർ ചെയ്താണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. എല്ലാ പ്രവൃത്തികളിലും എസ്റ്റിമേറ്റ് നിരക്കുകളിലാണ് ടെണ്ടർ എടുത്തിരിക്കുന്നതും വെണ്ടർമാർക്ക് പേമെന്റ് നൽകിയിരിക്കുന്നതും.

ഉദാ-

| ക്രമ നം | പ്രവൃത്തി | സിമന്റിന്റെ അളവ്, നിരക്ക് |
|---|---|---|
| 1 | പ്രവൃത്തി - മാങ്ങാട് അംബാപുരം പരുവക്കോട് നടപ്പാത കോൺക്രീറ്റ് (1601001005/RC/GIS/47255)<br>കരാറുകാരൻ- മൂടംബയൽ ഹബീബ് റഹ്മാൻ<br>ഇൻവോയ്സ് നം. 02NREGST2024-25/24.05.2024 | വാങ്ങിയ സിമന്റ്- 15.2478 ടൺ X Rs.11520/ ടൺ = 175654.65 രൂപ<br>നിരക്ക്- ചാക്കിന് 576 രൂപ |
| 2 | പ്രവൃത്തി -കടംബന്ച്ചാൽ കുളിയന്മരം നടപാത കോൺക്രീറ്റ് (1601001005/ RC/356894)<br>കരാറുകാരന്- മുഹമ്മദ് ബഷീർ.കെ.എ<br>ഇൻവോയ്സ് നം. 8/GSTIN/17.06.2023 | വാങ്ങിയ സിമന്റ്- 17.0208 ടൺ X Rs.10240 / ടൺ = 174292.99 രൂപ<br>നിരക്ക്- ചാക്കിന് 512 രൂപ |
| 3 | പ്രവൃത്തി -അങ്കകളരി ജംക്ഷൻ മൂർഖൻ തോട് നടപാത കോൺക്രീറ്റ് (1601001005/RC/356899)<br>കരാറുകാരൻ- മുഹമ്മദ് ബഷീർ.കെ.എ<br>ഇൻവോയ്സ് നം. 7/GSTIN/17.06.2023 | വാങ്ങിയ സിമന്റ്- 15.4251 ടൺ X Rs.10240 / ടൺ = 157953.02 രൂപ<br>നിരക്ക്- ചാക്കിന് 512 രൂപ |
| 4 | പ്രവൃത്തി - കൂളിക്കുന്നു കട്ടംകുഴി അണിഞ്ഞ റോഡ് കോൺക്രീറ്റ് (1601001005/RC/357187)<br>കരാറുകാരൻ- മുഹമ്മദ് ബഷീർ.കെ.എ<br>ഇൻവോയ്സ് നം. 10/GSTIN/02.11.2023 | വാങ്ങിയ സിമന്റ്- 17.139x ടൺ X Rs.10240 / ടൺ = 175503.36 രൂപ<br>നിരക്ക്- ചാക്കിന് 512 രൂപ |
| 5 | പ്രവൃത്തി - മാങ്ങാട് താമരകുഴി കോയാ റോഡ് കോൺക്രീറ്റ് (1601001005/ RC/357189)<br>കരാറുകാരൻ- മുഹമ്മദ് ബഷീർ.കെ.എ<br>ഇൻവോയ്സ് നം. 9/GSTIN/02.11.2023 | വാങ്ങിയ സിമന്റ്- 9.1014 X ടൺ X Rs.10240 /ടൺ = 193,198.34 രൂപ<br>നിരക്ക്- ചാക്കിന് 512 രൂപ |

2024-25 ൽ കാസറഗോഡ് ജില്ലയിൽ സിമന്റിന്റെ ശരാശരി MRP ഒരു ചാക്കിന് 400 രൂപയിൽ താഴെയാണ്. എന്നാൽ ഇത് പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ ചെയ്തതിനാൽ MRP യെക്കാൾ വളരെയധികം തുക വെണ്ടർമാർക്ക് നൽകേണ്ടി വന്നിട്ടുണ്ട്. വെണ്ടർമാർക്ക് തുക നൽകുമ്പോൾ അവരിൽ നിന്നും സിമന്റിന്റെ ഇൻവോയ്സ് വാങ്ങിയിട്ടുണ്ടെങ്കിലും നിരക്കുകൾ പരിശോധിച്ച് അപാകതകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഇതേ പോലെ എല്ലാ റോഡ് കോൺക്രീറ്റ്/

ഡ്രെയിനേജ്/ സൈഡ് പ്രോട്ടക്ഷൻ വർക്കുകളിലും സിമന്റ് സമാഹരിക്കപ്പെട്ടത് മേൽ വിവരിച്ച പ്രകാരമാണ്. വലിയ അധികച്ചെലവ് ഇതിൽ പഞ്ചായത്തിന് വഹിക്കേണ്ടി വന്നിട്ടുണ്ട്.

സാധന സാമഗ്രികൾ ഉപയോഗിച്ചിട്ടുള്ള വ്യക്തഗത വർക്കുകളുടെ ഫയലിൽ ഗുണഭോക്താക്കൾ വാങ്ങിയ സാധന സാമഗ്രികളുടെ ബില്ലുകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ ബില്ലുകളുടെ പരിശോധനയിൽ 2024-25 ൽ കാസറഗോഡ് ജില്ലയിൽ സിമന്റിന്റെ ശരാശരി MRP ഒരു ചാക്കിന് 400 രൂപയിൽ താഴെയാണ് എന്ന് മനസ്സിലാക്കാവുന്നതാണ്. ഉദാഹരണം-
വർക്ക് കോഡ് IF/1101611- ബീഫാത്തിമ എന്നവർക്ക് തൊഴുത്ത് നിർമാണം എന്ന പ്രവൃത്തിയിൽ KK Traders Koolikkunnu എന്ന സ്ഥാപനത്തിന്റെ 22.08.2024ലെ ഇൻവോയ്സ് നം. 466 പ്രകാരം 6 ചാക്ക് സിമന്റ് വാങ്ങിയിട്ടുള്ളത് ചാക്കിന് 370 രൂപ നിരക്കിൽ ആണ്. 10.05.2024 ന് ഇതേ സ്ഥാപനത്തിൽ നിന്നും 15 ചാക്ക് സിമന്റ് വാങ്ങിയിട്ടുള്ളത് ചാക്കിന് 330 രൂപ നിരക്കിലും ആണ്.

വർക്ക് കോഡ് IF/1191377 - തങ്കമണി നാരായണൻ എന്നവർക്ക് സോക്ക് പിറ്റ് നിർമാണം എന്ന പ്രവൃത്തിയിൽ KK Hardwares Ittammal എന്ന സ്ഥാപനത്തിന്റെ 15.03.2025ലെ ഇൻവോയ്സ് നം. 715 പ്രകാരം 4 ചാക്ക് സിമന്റ് വാങ്ങിയിട്ടുള്ളത് ചാക്കിന് 371 രൂപ നിരക്കിൽ ആണ്.

വർക്ക് കോഡ് IF/1133766 – ശ്രീമതി.കെ എന്നവർക്ക് ആട്ടിൻകൂട് നിർമാണം എന്ന പ്രവൃത്തിയിൽ Kallatra Steels എന്ന സ്ഥാപനത്തിന്റെ 11.03.2025 ലെ ഇൻവോയ്സ് നം. 2001 പ്രകാരം 4 ചാക്ക് സിമന്റ് വാങ്ങിയിട്ടുള്ളത് ചാക്കിന് 384 രൂപ നിരക്കിൽ ആണ്.

SECURE സോഫ്റ്റ്വെയറിലെ നിരക്ക് അതേ പടി പാലിച്ച് ടെണ്ടർ ചെയ്യുന്നതിന് പകരം നിരക്ക് ക്രമാതീതമായി അധികമാണെന്ന് മനസ്സിലാക്കി മാർക്കറ്റ് നിരക്ക് അടിസ്ഥാനപ്പെടുത്തി ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കി ടെണ്ടർ ചെയ്തിരുന്നുവെങ്കിൽ ഭീമമായ അധികച്ചെലവ് ഒഴിവാക്കാമായിരുന്നു.

ഈ വിഷയം മറ്റു പല ജില്ലകളിലും NREGA ഓംബുഡ്സ് പേഴ്സന്റെ ശ്രദ്ധയിൽപെടുകയും നിർബന്ധമായും പാക്കേജ്ഡ് സാമഗ്രികൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ നിരക്ക് MRPയെക്കാൾ അധികം വരാത്ത വിധത്തിൽ മാർക്കറ്റ് നിരക്ക് അടിസ്ഥാനമാക്കി ടെണ്ടർ ചെയ്യണമെന്ന് അവാർഡ് വന്നിട്ടുള്ളതാണ്. (ഉദാഹരണം MGNRGA ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022-ലെ OMB/ALP/AW/20/2022-ലെ ഉത്തരവ്.)

ശരാശരി മാർക്കറ്റ് നിരക്കിനേക്കാൾ അധികം തുകയിൽ സിമന്റ് സംഭരിക്കുവാനുണ്ടായ സാഹചര്യങ്ങൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ഈ വിഷയം NREGA മിഷന്റെ ശ്രദ്ധയിൽപ്പെടുത്തി അപാകത പരിഹരിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ് എന്ന് അറിയിക്കുന്നു. അതിന് കാലതാമസം വരുന്ന പക്ഷം ടെണ്ടർ ഷെഡ്യൂളിൽ നിരക്ക് ക്രമീകരിച്ച് ഭീമമായ അധികച്ചെലവ് വരുന്ന സാഹചര്യം ഒഴിവാക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.33/21/07.2025)

**1-34 സെക്രട്ടറിയുടെ പ്രോജക്ടുകൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.**

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള ചെലവുകളുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട്നം. | പ്രോജക്ട് | ചെലവുതുക, ഫണ്ട് | ബില്ല് നം. / ചെക്ക് നം | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 386/2024-25 | അടുക്കത്ത് വയൽ സ്മാർട്ട്അങ്കണവാടി കെട്ടിടനിർമ്മാണം തുക കൈമാറൽ | 2,94,320 രൂപ, വികസനഫണ്ട് | BRN No.2420075200360 1472762/ തീ.10.3.2025. | നിർമ്മിതി കേന്ദ്രം, കാഞ്ഞങ്ങാട്. |
| 2 | 385/2024-25 | പാലക്കുന്ന് മത്സ്യ മാർക്കറ്റ് ആധുനിക വത്കരണം തുക കൈമാറൽ | 16,00,000 രൂപ (വികസനഫണ്ട്) + 14,00,000രൂപ (CFC ) | 16,00,000രൂപ (BRN No.24200752003601 472748/ തീ.10.3.2025). 14,00,000രൂപ (വൗച്ചർ നം.XVFC/2024-25/ P/65 തീ.10.3.2025). | നിർമ്മിതി കേന്ദ്രം, കാഞ്ഞങ്ങാട്. |
| 3 | So 018/2024-25 | പുല്ലൂർ പെരിയ ഡയാലിസിസ് സെന്ററിന് വിഹിതം നൽകൽ | 5,00,000 രൂപ (വികസനഫണ്ട്) | BRN No.2420075200360 0306243/ തീ.21.6.2024, | മെഡിക്കൽ ഓഫീസർ, CHC പെരിയ. |
| 4 | 1/2024-25 | ഉദുമ ബീച്ച് ടൂറിസം പദ്ധതി | 1,00,000 രൂപ (തനത് ഫണ്ട്) | ചെക്ക് നം XY 0244513/ | മെമ്പർസെക്രട്ടറി, കേരള തീരദേശ |

| | | | | | |
|---|---|---|---|---|---|
| | | | | തീ.19.3.2025 | പരിപാലന അതോറിറ്റി, തിരുവനന്തപുരം |
| | | ആകെ | 38,94,320 രൂപ | | |

മേൽ വിവരിച്ച പദ്ധതികളുടെ രശീതി, വിനിയോഗ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 38,94,320 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ആയത് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.31/21.07.2025.

**1-35 വരൾച്ച ദുരിതാശ്വാസ കുടിവെള്ള വിതരണം-അപാകതകൾ**

നിർവ്വഹണം -സെക്രട്ടറി

പ്രോജക്ട്- 365/25 വരൾച്ച ദുരിതാശ്വാസ കുടിവെള്ള വിതരണം

അടങ്കൽ-3,10,000/-(CFC),ചെലവഴിച്ച തുക-3,02,595/-(വൗച്ചർ നം.XVFC/2024-25/P/15 തീ.17.10.2024).

സർക്കാർ ഉത്തരവ് (സാധാ)നമ്പർ 405/2024/ത.സ്വ.ഭ.വ തിയതി 19.2.24 ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്ത് കുടിവെള്ളം ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി, പഞ്ചായത്തിന്റെ 30.4.2024 തീയതിയിലെ (1) തീരുമാനം പ്രകാരം ടെണ്ടർ മുഖേന ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ( കിലോ മീറ്ററിന് 88രൂപ) ശ്രീ. സി.ടി അബ്ദുൾഖാദർ എന്ന കരാറുകാരനെ ചുമതലപ്പെടുത്തുകയും **KL-13T 7951, KL-09 A5847** എന്നീ വാഹനങ്ങളിൽ കുടിവെള്ള വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. 03.05.2024 മുതൽ 27.05.2024 വരെ വിതരണം നടത്തിയതിന് ഇൻകം ടാക്സ് കിഴിവുകൾക്ക് (3,026രൂപ) ശേഷം 2,99,569/-രൂപ കരാറുകാരനു നൽകിയിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഓഡിറ്റ് അന്വോഷണത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

1.**പഞ്ചായത്ത് പ്രദേശത്ത് വിതരണം ചെയ്ത കുടിവെള്ളം ഗുണനിലവാരമില്ലാത്തത്-** ടെണ്ടർ പരസ്യത്തിലെ ( എ1/968/24 തീയതി. 29.2.2024) നിബന്ധനകൾ പ്രകാരം വെള്ളം ശേഖരിക്കുന്ന ജലസ്രോതസ്സ് സംബന്ധിച്ച് ടെണ്ടറിൽ വ്യക്തമാക്കേണ്ടതാണന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം കരാറുകാരൻ ടെണ്ടറിൽ വെള്ളം ശേഖരിക്കുന്ന ജലസ്രോതസ്സ് കരാറുകാരന്റെ സഹോദരിയുടെ കിണറിൽ നിന്നാണ് എന്ന് എഴുതിയിട്ടുണ്ട്. കരാറുകാരൻ Water Quality Testനടത്തിയതിന്റെ സർട്ടിഫിക്കറ്റ് പരിശോധിച്ചപ്പോൾ വിതരണം ചെയ്ത കുടിവെള്ളം കുടിക്കാൻ അനുയോജ്യമല്ലെന്ന് കാണുകയുണ്ടായി. (Report No-KWA/QA/R/04/576/J/13/389 തീ.3.5.2024). കുടിവെള്ളമായി ഉപയോഗിക്കാൻ സാധിക്കാത്ത വെള്ളമാണ് ഗ്രാമപഞ്ചായത്തിൽ കരാറുകാരൻ വിതരണം ചെയ്തിട്ടുള്ളതെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

**2. ഫുഡ് സേഫ്റ്റി നിയമപ്രകാരമുള്ള വ്യവസ്ഥകൾ ഉറപ്പുവരുത്താതെ കുടിവെള്ള വിതരണംനടത്തി.**

2006 ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം വകുപ്പ് 3 (ജെ) പ്രകാരം കുടിവെള്ളം ആഹാരത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പടുന്നതാണ്. ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ നിയമം 2011 പ്രകാരം എഫ്.ബി.ഒ. (FBO- Food Business Operator) ലൈസൻസ് എടുക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ടാങ്കുകളിൽ മാത്രമേ സംസ്ഥാനത്ത് കുടിവള്ളം വിതരണം/വിൽപ്പന നടത്താൻ പാടുള്ളൂ. കുടിവള്ള വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ഈ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകളെ ലൈസൻസിൽ രേഖപ്പെടുത്തി പ്രത്യേകം ലൈസൻസ് എടുത്തിരിക്കണം. കുടിവള്ളം വിതരണം ചെയ്യുന്ന വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും എഫ്.ബി.ഒ. ലൈസൻസ് നമ്പർ രേഖപ്പെടുത്തണം. എന്നാൽ കുടിവള്ളം വിതരണം നടത്തിയ വാഹനത്തിന് എഫ്.ബി.ഒ.ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ കരാറുകാരൻ ഹാജരാക്കിയിട്ടില്ല. കുടിവെള്ളം വിതരണം ചെയ്യുന്ന ഉപകരണങ്ങൾ ഹെൽത്ത് ഇൻസ്പെക്ടറെക്കൊണ്ട് പരിശോധന നടത്തിച്ച് റിപ്പോർട്ട് വാങ്ങേണ്ടതാണെന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. കരാറുകാരൻ കുടിവെള്ള വിതരണം നടത്തുന്നതിനായി KL 16 N 7155, KL 14 S 9139 എന്നീ വാഹനങ്ങളാണ് ഉപേയാഗിച്ചിട്ടുള്ളത്. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം പ്രകാരം കുടിവള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിങ്ങോ മറ്റ് അനുവദനീയ കോട്ടിങ്ങോ ഉള്ളവയായിരിക്കണം. ആയത് സംബന്ധിച്ച പരിശാധന റിപ്പോർട്ടും ഫയലിൽ ലഭ്യമാക്കിട്ടില്ല.

**3.ടാങ്കുകളുടെ അളവ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.**

കോൺട്രാക്ടർ വിവിധ വാഹനങ്ങളിൽ ഫിറ്റ് ചെയ്ത കുടിവെള്ള ടാങ്കുകളുടെ അളവുകൾ ഗ്രാമ പഞ്ചായത്ത് എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ കോൺട്രാക്ടർ അവകാശപ്പെട്ടവിധം അളവിൽ വെള്ളം വിതരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. കൂടാതെ ട്രിപ്

ഷീറ്റുകൾ പരിശോധിച്ചപ്പോൾ കോൺട്രാക്ടർ വെള്ളം വിതരണം ചെയ്യുന്നതിന് ഉപയോഗിച്ച ഓരോ വാഹനവും ഒരു ദിവസം നടത്തിയ ഒന്നിലേറെ ട്രിപ്പുകൾക്ക് ഒരു ട്രിപ് ഷീറ്റ് മാത്രമേ വച്ചിട്ടുള്ളൂ. മാത്രമല്ല ട്രിപ് ഷീറ്റുകളിൽ വാഹനം പുറപ്പെട്ട സമയം, എത്തിയ സമയം എന്നിവ രേഖപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ ട്രിപ് ഷീറ്റുകളുടെ പരിശോധനയിൽ നിന്നും ഓരോ വാഹനവും നടത്തിയ ട്രിപ്പുകളുടെ ആധികാരികത വ്യക്തമല്ല. **KL-13T 7951, KL-09 A5847** എന്നീ വാഹനങ്ങൾ ഉപയോഗിച്ചാണ് കുടിവെള്ളം വിതരണം ചെയ്തിട്ടുള്ളത് എന്ന് ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ പ്രകാരം നിശ്ചയിച്ചത് കിലോമീറ്ററിന് 88/-രൂപ നിരക്കിൽ, 4000ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്കിൽ അത് ഉൾക്കൊള്ളുന്ന വാഹനത്തിലാണ് കുടിവെള്ള വിതരണം നടത്തേണ്ടത് എന്നാണ്. എന്നാൽ ഹാജരാക്കിയ കുടിവെള്ള വിതരണ രേഖകൾ പ്രകാരം 2000 ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്കിലാണ് ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ കുടിവെള്ളം വിതരണം ചെയ്തതിട്ടുള്ളത്.

4. സർക്കാർ ഉത്തരവ് നം. 405/2024/ത.സ്വ.ഭ.വ തിയതി 19.2.24 ലെ ക്രമ നം.(8) പ്രകാരം തുക നൽകുന്നതിന് മുമ്പ് GPS ലോഗും മാന്വൽ ലോഗും സെക്രട്ടറി ക്രോസ്സ് ചെക്ക് ചെയ്യണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അങ്ങനെ ചെയ്തതിന് രേഖകൾ ഇല്ല.

**5. <u>കുടിവെള്ള വിതരണത്തിന്റെ ചെലവ് തുക ദുരന്ത നിവാരണ നിധിയിൽ നിന്ന് റീകൂപ്പ് ചെയ്യാൻ നടപടി സ്വീകരിച്ചില്ല.</u>**

കേരള പഞ്ചായത്ത്‌രാജ് നിയമം 166 വകുപ്പ് പട്ടിക 3 പ്രകാരം പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയും ജലവിതരണ പദ്ധതികളുടെ നടത്തിപ്പ് മേഖലാടിസ്ഥാനത്തിലുള്ള ചുമതലയുമാണ്. 23.2.2017 ലെ (സാധാ) നം. 787/2017/ഡി.എം.ഡി നം. ഉത്തരവ് ഖണ്ഡിക 5 പ്രകാരം അതത് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കുടിവെള്ളം ആവശ്യത്തിന് ലഭ്യമായിട്ടുള്ള പക്ഷം പ്രസ്തുത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരവരുടെ സംവിധാനം ഉപയോഗിച്ച് ജലവിതരണം നടത്താവുന്നതാണ്. 20.06.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം നം 3.12 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വരൾച്ച മുതലായ അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ അതിന്റെ ബിൽ തുക ജില്ല കളക്ടർമാർക്ക് നൽകി റീകൂപ്പ് ചെയ്ത് കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14-8-19ലെ LSGD-FM3/262/2019-LSGD നമ്പർ കത്തിലൂടെ അക്കാര്യം പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. കുടിവെള്ള വിതരണത്തിന് തടസ്സമുണ്ടാകരുത് എന്നതിനാലാണ് ഇക്കാര്യത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന/തനത് ഫണ്ട് ചെലവഴിക്കാൻ സർക്കാർ യഥേഷ്ടാനുമതി നൽകുന്നത്. ചെലവു തുക റീകൂപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

6. കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ച് കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നതിന് 30.04.2025 ൽ നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ടെണ്ടർ വ്യവസ്ഥകൾ പാലിക്കുന്നതിന് കരാർ ചമച്ചിട്ടില്ല. 200 രൂപയുടെ മുദ്രപത്രം മാത്രമാണ് ഫയലിലുള്ളത്. പദ്ധതിയുടെ മോണിറ്ററിങ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 26/2024-25 തീയതി. 19.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ആയത് വരെ 3,02,595/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

**<u>1-36 കുടിവെള്ളക്കരം-ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) മാർഗ്ഗരേഖക്ക് വിരുദ്ധമായി ചെലവഴിച്ചു.</u>**

നിർവ്വഹണം- സെക്രട്ടറി.

പൊതു ടാപ്പുകളുടെ 2024-25 വർഷത്തെ കുടിവെള്ള ചാർജ്ജ് ഇനത്തിൽ പ്രൊജക്ട് നം.364/24-25 പ്രകാരം 18,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിവരം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | തുക | ബില്ല് നം/ ചെക്ക് നം |
|---|---|---|
| ധനകാര്യക്കമ്മീഷൻ ഗ്രാന്റ്-Tied | 5,95,790 രൂപ | 1,45,790 രൂപ (XVFC/2024-25/ P/51-തീയതി 19.2.2025)<br>4,50,000 രൂപ(XVFC/2024-25/ P/52-തീയതി19.2.2025) |
| വികസന ഫണ്ട് | 10,90,000 രൂപ | BRN No 24200752003601472728/ തീയതി 10.3.2025 |
| തനത് ഫണ്ട് | 1,14,210 രൂപ | ചെക്ക് നം.36431/തീയതി 7.2.2025 |
| **ആകെ** | **18,00,000 രൂപ** | |

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ധനവിനിയോഗ മാർഗ്ഗരേഖ സ.ഉ (കൈ).നം103/2020 തസ്വഭവ തി.30.6.2020 ഖ.6.3 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) വിനിയോഗിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്തുകൾക്ക് (A) ശുചിത്വം, ഖരമാലിന്യ സംസ്കരണം, ODFപദ്ധതികൾ നിലനിർത്തലും പുതിയവയും, (B) കുടിവെള്ള പ്രൊജക്ടുകൾ, മഴവെള്ള കൊയ്ത്ത്, ജലസംരക്ഷണം, ജലസ്രോതസ്സുകളുടെ പരിപോഷണം എന്നീ മേഖലകളിൽ ഉൾപ്പെടുന്ന പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖയിലെ (സ.ഉ.(സാധ) നം.86/2022/തസ്വഭവ തി. 19.04.2022) ഖണ്ഡിക 6.7ലും ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളിൽ ഒന്നും തന്നെ ഗ്രാമപഞ്ചായത്തുകളുടെ ആവർത്തന ചെലവ് ഇനത്തിൽ വരുന്ന കുടിവെള്ള ചാർജ്ജ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് ഒടുക്കാമെന്ന് പറയുന്നില്ല.

കാസറഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിന്റെ അഭ്യർത്ഥനയെ തുടർന്ന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) വിനിയോഗിക്കുന്നത് സംബന്ധിച്ച് 2022 മാർച്ച് മാസം ചില ഇളവുകൾ ഉൾപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട് (സ.ഉ.(സാധ) നം.538/22/LSGD തി.07.03.2022). ഇതനുസരിച്ച് 2021-22വർഷം വാർഷിക പദ്ധതിയിൽ കുടിവെള്ള പദ്ധതികൾക്കായി വകയിരുത്തിയ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാൻ സാധിക്കാത്ത ഗ്രാമപഞ്ചായത്തുകൾക്ക് കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ട നിലവിലെ (07.03.2022) കുടിവെള്ള കുടിശ്ശിക ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ൽ നിന്നും വിനിയോഗിക്കാൻ സാധിക്കുമായിരുന്നു. ഇതു പ്രകാരമുള്ള ഇളവ് തുടർ വർഷങ്ങളിലേയ്ക്ക് അനുവദിച്ച് ഉത്തരവായിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 26/2024-25 തീയതി. 19.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗ മാർഗ്ഗ രേഖയിലോ, പദ്ധതി മാർഗ്ഗ രേഖയിലോ ചെലവഴിക്കാൻ അനുമതി ഇല്ലാത്ത ഇനത്തിന് (കുടിവെള്ളക്കരം) സർക്കാരിൽ നിന്നും മുൻകൂർ അനുമതി നേടാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഗ്രാന്റ്) വിനിയോഗിച്ചത് ശരിയായ നടപടിയല്ല. ഓഡിറ്റ് വർഷം തുക വിനിയോഗിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 18,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർ വർഷങ്ങളിൽ പദ്ധതി നടത്തിപ്പിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**<u>1-37 കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്റ്റോക്കെടുപ്പ് അപാകതകൾ</u>**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, മോണിറ്റർ, പഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്റർ എന്നിവ വാങ്ങുന്നതിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ( കമ്പ്യൂട്ടർ, പഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്റർ എന്നിവ ONE ZERO INFOSYSYTEMS കാസർഗോഡിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്.

| ക്രമ നം | പ്രൊജക്ട് നമ്പർ | ഇൻവോയ്സ് നം | തുക | ഉപകരണം | ജെം കോൺട്രാക്ട് നം, വാറണ്ടി |
|---|---|---|---|---|---|
| 1 | 333/25 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ<br>അടങ്കൽ-DEV-5,000+Own Fund-1,95,000, ചെലവ്-Dev-5,000+ Own Fund-1,80,400 | OZIFS/0973/ Dtd 16.10.24 | 1,85,400 | 4 Nos, Desktop Acer, Monitor Acer,Windows Software | GEMC-511687768073714<br>5 Year Onsite Warranty Direct By The Manufacturer |
| 2 | 125/25(so) പഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്റർ വാങ്ങൽ<br>അടങ്കൽ-Own Fund-200000<br>ചെലവ്-Own Fund-107878 | OZIFS/1334/ Dtd 30.12.24<br>OZIFS/1335/ Dtd 30.12.24 | 22,678<br>85,200 | EPSON M 1100 Printer- 2 No.<br>EPSON M 2170 Printer- 4 No. | GEMC-511687745667843<br>EPSON M 1100 Printer- 2 No.<br>3 Year Or 1 Lakhs Pages Warranty Direct By The Manufacturer |

മേൽ പദ്ധതികളിൽ താഴെ കൊടുക്കുന്ന അപാകതകൾ കാണുകയുണ്ടായി,

1. ഗവ. സർക്കുലർ നം. 86/2010/ഫിൻ തി. 24.09.2010 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ്വെയർ എന്നിവക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഇത്തരം രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ ഗ്രാമപഞ്ചായത്തിലെ മേൽ പുതിയ പ്രിന്ററുകളും കംപ്യൂട്ടറുകളും ഉൾപ്പടെ എല്ലാ കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും പൂർണ്ണ വിവരങ്ങൾ ചേർത്ത് സ്റ്റോക്കിലെടുത്തിട്ടില്ല. ഉപകരണം ഓരോന്നിനും സ്റ്റോക്ക് നമ്പർ ഇട്ടതായോ, പദ്ധതി നമ്പറോ, വാറണ്ടി ഉറപ്പ് വരുത്തുന്നതിലേക്കും ഉപകരണം പിന്നീട് തിരിച്ചറിയുന്നതിലേക്കുമായി ബ്രാൻഡ്, സീരിയൽ നമ്പർ, വില മറ്റ് വിവരങ്ങൾ രജിസ്റ്ററിലോ സ്റ്റോക്ക് നമ്പർ/പദ്ധതി വിവരം ഉപകരണങ്ങളിലോ രേഖപ്പെടുത്തിയതായും കാണുന്നില്ല. ക്രമ നമ്പർ 1, 2 പ്രകാരമുള്ള എല്ലാ ഉപകരണങ്ങളും സ്റ്റോക്കിൽ എടുത്തിട്ടുണ്ടെങ്കിലും സ്റ്റോക്ക് നമ്പർ ചേർത്തിട്ടില്ല.

2) കേരള ഫിനാൻഷ്യൽ കോഡ് റൂൾ 140 മുതൽ 154 വരെ പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ ലഭ്യമായി ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്ത ശേഷമാണ് തുക അനുവദിക്കാവുന്നത്. സ്റ്റോക്കെടുപ്പ് ശരിയായ രീതിയിൽ നടത്താതെ തുക അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഇക്കാര്യം സെക്രട്ടറി ഉറപ്പ് വരുത്തിയതായോ ബിൽ ഓഫീസ് പകർപ്പിൽ സ്റ്റോക്കെടുപ്പ് സാക്ഷ്യപത്രം രേഖപ്പെടുത്തിയതായോ ഇല്ല.

3) ഇൻവോയ്സ്/ജെം കോൺട്രാക്ട് പ്രകാരമുള്ള സ്പെസിഫിക്കേഷനോട് കൂടിയ ഉപകരണങ്ങൾ തന്നെയാണ് വിതരണം ചെയ്തത് എന്നത് നിർവ്വഹണ ഉദ്യോഗസ്ഥനോ ടെക്നിക്കൽ അസിസ്റ്റന്റോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) ലഭ്യമാക്കിയ രജിസ്റ്ററിൽ സ്റ്റോക്കുകളുടെ വാർഷിക കണക്കെടുപ്പ് നടത്തിയതിന്റെ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

5) കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ/ഹാർഡ്‌വേർ രജിസ്റ്ററിൽ നിലവിൽ ആകെ 32 ഉപകരണങ്ങൾ ഉണ്ട്. രജിസ്റ്ററിലുള്ള എല്ലാ ഉപകരണങ്ങളും നിലവിൽ ഓഫീസിൽ പ്രവർത്തനക്ഷമമായി ഉണ്ടോ എന്നതും വ്യക്തമല്ല.

6).ഡെഡ് സ്റ്റോക്ക്/സ്ക്രാപ്പ് രജിസ്റ്റർ ഹാജരാക്കിയില്ല. ഉപയോഗിക്കാതെ കിടക്കുന്ന ഉപകരണങ്ങൾ സ്റ്റോക്കിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്നാണ് കാണുന്നത്. ഇവ ഒഴികെ മറ്റ് എല്ലാ ഉപകരണങ്ങളും കാര്യാലയത്തിൽ ഉണ്ടോ എന്നത് സ്റ്റോക്ക് പരിശോധന നടത്തി സാക്ഷ്യപത്രം സഹിതം വ്യക്തമാക്കിയിട്ടില്ല.

ഉപകരണങ്ങൾ പുതിയത് വാങ്ങി സ്ഥാപിക്കുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി, ഓരോ ഉപകരണങ്ങൾക്കും പ്രത്യേകം പേജ് അനുവദിച്ച് സ്റ്റോക്ക് നമ്പർ, ബിൽ/വൗച്ചർ, മോഡൽ/സീരിയൽ നമ്പർ, വില, വാറണ്ടി തുടങ്ങിയ വിവരങ്ങൾ ചേർത്ത് സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക് നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തേണ്ടതും സ്റ്റോക്ക് എൻട്രി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ആയതിന് ശേഷമാണ് വിതരണക്കാരന് പണം അനവദിക്കാവുന്നത്. കേടാവുന്ന ഉപകരണങ്ങൾ ഉപയോഗ കാലയളവും റിപ്പയർ ചെയ്യുന്നത് ലാഭകരമാണോ എന്നതും പരിശോധിച്ച ശേഷം കാരണം രേഖപ്പെടുത്തി ഓഫീസ് മേധാവിയുടെ സാക്ഷ്യപ്പെടുത്തലോട് കൂടി ഡെഡ് സ്റ്റോക്ക്/സ്ക്രാപ്പ് രജിസ്റ്ററിലേക്ക് മാറ്റേണ്ടതും ഇവ സർക്കാർ ഉത്തരവുകൾ പാലിച്ച് കൊണ്ട് കയ്യൊഴിയേണ്ടതുമാണ്. അല്ലാത്ത പക്ഷം, സർക്കാർ നിർദ്ദേശങ്ങൾ ലംഘിക്കുക എന്നതോടൊപ്പം ഉപകരണങ്ങൾ നഷ്ടപ്പെട്ടാൽ തിരിച്ചറിയാതെ പോകുന്നതിനും കേടായാൽ വാറണ്ടി ഉറപ്പ് വരുത്താനാവാതെ റിപ്പയർ ചെയ്ത് അധിക ചെലവിന് കാരണമാകുന്നതുമാണ്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വിലകുറഞ്ഞ സ്റ്റോറുകൾക്കും, ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും, പുസ്തകങ്ങൾ ഫോറങ്ങൾ സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേക സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 26/2024-25 തീയതി. 19.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ചതിന്റെ വിവരം രേഖകൾ സഹിതം പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

**1-38 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.**

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പദ്ധതി നമ്പർ. & പേര്. | : 187/25, തെരുവ് യൂണിറ്റ് വാങ്ങൽ |
| അടങ്കൽ തുക (₹) | : 18,00,000/- (CFC) + 4,00,000 ( Own Fiund) |
| ചെലവ് (₹) | : 17,99,687/- (CFC)<br>(16,38,055 രൂപ – XVFC/2024-25/P/53 തീ.21.2.2025,<br>31,010 രൂപ – XVFC/2024-25/P/54 തീ.21.2.2025,<br>1,30,622 രൂപ – XVFC/2024-25/P/99 |

| | |
|---|---|
| | തീ.24.3.2025) |

സെക്രട്ടറി നിർവ്വഹണം നടത്തിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം, ഗ്രാമകിരണം, പിലിക്കോട് മുഖേന തെരുവു വിളക്കുകൾ സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ സംഭവിച്ചിട്ടുള്ള അപാകതകൾ താഴെ ചേർക്കുന്നു.

1). ലൈറ്റുകൾ സ്ഥാപിക്കുന്നത് പൂർണ്ണമായും കെ. എസ്. ഇ. ബി യുടെ മേൽ നോട്ടത്തിലായിരിക്കണം. എന്നാൽ കെ.എസ്.ഇ.ബി ക്ക് ആയതിനായി സൂപ്പർവിഷൻ ചാർജ് നൽകിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

2). കെ. എസ്. ഇ. ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കിയിട്ടില്ല. (ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011). തെരുവു വിളക്കുകൾ സ്ഥാപിച്ചതിന്റെ സാക്ഷ്യപത്രം കെ.എസ്.ഇ.ബി യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

3). തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന തെരുവു വിളക്കുകൾ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ഇല്ല. വ്യക്തമായ വിവര ശേഖരണം നടത്താതെയാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്.

4). തെരുവു വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. ഉത്തരവിൽ പരാമർശിച്ചതിൽ പ്രകാരം കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. കൂടാതെ ഇതു സംബന്ധിച്ച ഒരു പരാതി രജിസ്റ്ററും സൂക്ഷിയ്ക്കേണ്ടതാണ് (പ്രവർത്തന രഹിതമായ തെരുവുവിളക്ക് പോസ്റ്റ് നം./പ്രദേശം/വാർഡ്, വിവരം നൽകുന്ന ആളിന്റെ പേര്, ഫോൺ നമ്പർ, അറ്റകുറ്റപ്പണി നടത്തിയ തീയ്യതി, ഇലക്ട്രീഷ്യന്റെ ഒപ്പ്, നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങളടങ്ങിയ രജിസ്റ്റർ) ആയത് സൂക്ഷിച്ചിട്ടില്ല.

5). പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ആയത് വരെ 17,99,687/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി നം.26/തീ.19.07.2025).

**<u>1-39 വൃത്തി 2025-ദി ക്ലീൻ കേരള കോൺക്ലേവ് - കൈപ്പറ്റ് ലഭ്യമാക്കിയിട്ടില്ല-25000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>**

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ/ പേര് | 444/25-വൃത്തി-2025-ദി ക്ലീൻ കേരള കോൺക്ലേവ് |
| അടങ്കൽ | ₹8,124 വികസനഫണ്ട് + ₹16,876-തനത് ഫണ്ട് |
| ചെലവ് | ₹25000,(₹8,124,BRN-No.24200752003601689867/ തീ.25.3.2025 + ₹16,876- ചെക്ക് നം.36449/ തീ.27.3.2025 ) |

സംസ്ഥാനത്ത് മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും നാളിതുവരെയുള്ള നേട്ടങ്ങളെയെല്ലാം ഒരു കുടക്കീഴിൽ സമൂഹത്തിന് മുന്നിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുന്നിലും ഉയർത്തിക്കാട്ടുന്നതിന് ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് 2025 സംഘടിപ്പിച്ച “വൃത്തി 2025-ദി ക്ലീൻ കേരള കോൺക്ലേവ്" എന്ന മെഗാ ഇവന്റിന്റെ സംഘാടന ചെലവിലേക്കായി സ.ഉ. (സാധാ) നം.645/2025/LSGD തീയതി: 07-03-2025 പ്രകാരം ഗ്രാമപഞ്ചായത്ത് 25,000 രൂപ ശുചിത്വ മിഷന്റെ അക്കൗണ്ടിലേക്ക് (A/C No. 0046104000272292) കൈമാറിയിട്ടുണ്ട്. ശുചിത്വ മിഷനിൽ നിന്നുള്ള ആയതിന്റെ കൈപ്പറ്റ് രസീത് ലഭ്യമാക്കുന്നതിനായി 19-07-2025-ന് നൽകിയ 26-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 25,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**<u>1-40 ഐ.കെ.എം.വിഹിതം നൽകൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല ₹1,40,160 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>**

2024-25 വർഷത്തിൽ ഐ.കെ.എം. പ്രവർത്തനവിഹിതമായി താഴെപ്പറയും പ്രകാരം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ,പേര് | 120/25,ഐ.കെ.എം.വിഹിതം നൽകൽ |

| | |
|---|---|
| ആകെ അടങ്കൽ | ₹1,40,160 (വികസനഫണ്ട്-പൊതുവിഭാഗം) |
| ആകെ ചെലവ് (ബിൽ നമ്പർ) | ₹1,40,160 (24200752003600925809/ തീ.20-11-2024) |

'ഐ.കെ.എം.വിഹിതം നൽകൽ' എന്ന പദ്ധതിയിൽ ഐ.കെ.എം ൽ നിന്നും ലഭ്യമായ ഡിമാന്റ് നോട്ടീസ് അനുസരിച്ച് മേൽ ബിൽ പ്രകാരം ₹1,40,160 രൂപ ഐ. കെ. എം ന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 26/2024-25 തീയതി. 19.07.2025) മറുപടിയും ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1,40,160 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-41 ജൽ ജീവൻ മിഷൻ പദ്ധതി -അവലോകനം**

ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും 2024- നകം കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ പദ്ധതി. കേന്ദ്ര മാർഗ്ഗ നിർദ്ദേശമനുസരിച്ച് പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്നാണ്. ഇതിൽ സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം 15 ശതമാനവും ഗുണഭോക്തൃ വിഹിതം 10 ശതമാനവുമാണ്. 2024 വർഷത്തിനകം എല്ലാ ഗ്രാമീണ വീടുകളിലും പൈപ്പ് വഴിയുള്ള ശുദ്ധജല കണക്ഷൻ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2019 ഓഗസ്റ്റിൽ ആരംഭിച്ചതാണ് ഈ പദ്ധതി. ഗ്രാമ പഞ്ചായത്തിലെ 'ജൽജീവൻ മിഷൻ' പദ്ധതിയുടെ പ്രവർത്തന പുരോഗതിയും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതിയും വിലയിരുത്തുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം.4/21-07-25-ന് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ജലജീവൻമിഷൻ പ്രവർത്തനങ്ങളുടെ ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഏജൻസി കേരള വാട്ടർഅതോറിറ്റിയും, നിർവ്വഹണ സഹായ ഏജൻസി സുസ്തിര കണ്ണൂർ എന്ന സ്ഥാപനവുമാണ്. കേരള വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിലാണ് പ്രവൃത്തി നിർവ്വഹിക്കുന്നത്.

ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട് പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പഞ്ചായത്തിൽ നടന്നുവരുന്നുണ്ടെന്ന് വാർഡ് മെമ്പർമാർ അറിയിച്ചിട്ടുണ്ട്, എന്നാൽ എത്ര വീടുകൾക്ക് പ്രസ്തുത പദ്ധതി വഴി കണക്ഷനുകൾ കൊടുത്തതായി പഞ്ചായത്തിൽ രേഖകളില്ല. പദ്ധതിക്കായി സ്ഥാപന വിഹിതവും, ഗുണഭോക്തൃ വിഹിതവും നാളിതുവരെ വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയോ ലിസ്റ്റ് വാട്ടർ അതോറിറ്റിക്ക് നൽകുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ ജലജീവൻ പദ്ധതി പ്രകാരമുള്ള വാട്ടർ കണക്ഷൻ ലഭ്യമാക്കുകയോ ജലശുചിത്വസമിതികൾ രൂപീകരിക്കുകയോ ചെയ്തിട്ടില്ല.

**<u>തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ വിഹിതം നൽകൽ.</u>**

